# സാമൂഹ്യശാസ്ത്രം

ഭാഗം - 2

## സ്റ്റാൻഡേർഡ് VIII

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2025

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരതഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരതഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യ പൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

# 8

# സാമൂഹ്യശാസ്ത്രം

*Prepared by*
**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Typeset and design by : SCERT
First Edition - 2025
Printed at : KBPS, Kakkanad, Kochi
© Department of General Education, Government of Kerala

പ്രിയപ്പെട്ട കൂട്ടുകാരേ,

സാമൂഹ്യശാസ്ത്രപഠനത്തിലൂടെ വിശാലമായ ലോകത്തെക്കുറിച്ചും വൈവിധ്യപൂർണ്ണമായ സാമൂഹിക ജീവിതത്തെപ്പറ്റിയും മുൻക്ലാസുകളിൽ നിന്നും ഒട്ടേറെ കാര്യങ്ങൾ നാം മനസ്സിലാക്കിയിട്ടുണ്ട്. സമൂഹത്തിന്റെ ചരിത്രവും പരിവർത്തനവും കൂടുതലായി മനസ്സിലാക്കാനുള്ള അവസരങ്ങൾ ഇവിടെ ലഭിക്കും. മാതൃരാജ്യത്തിന്റെ തുടിക്കുന്ന ഭൂതകാലത്തെക്കുറിച്ചുള്ള നവീനമായ അറിവുകൾ നമ്മുടെ ചരിത്രബോധത്തിന് പുതിയ വെളിച്ചം പകർന്നുതരുന്നവയാണ്.

ദേശീയപ്രസ്ഥാനം കേരളത്തിൽ ശക്തിപ്രാപിച്ചതും വൈദേശികാധിപത്യത്തിനെതിരെ നാട്ടുരാജ്യങ്ങൾ നടത്തിയ പോരാട്ടങ്ങളും സാമൂഹികതിന്മകൾക്കെതിരെ രൂപംകൊണ്ട പരിഷ്കരണ പ്രസ്ഥാനങ്ങളും പൗരസ്വാതന്ത്ര്യത്തിനുവേണ്ടി നടന്ന സമരങ്ങളും ഐക്യകേരളത്തിന്റെ രൂപീകരണവും ഇവിടെ പാഠ്യവിഷയമാകുന്നുണ്ട്.

കൂടാതെ ലോകസംസ്കാരങ്ങൾ പരിചയപ്പെടാനും യൂറോപ്പിൽ നിലനിന്നിരുന്ന ഫ്യൂഡൽ വ്യവസ്ഥിതിയുടെ സവിശേഷത തിരിച്ചറിയാനും വിവിധ ലോകരാജ്യങ്ങളുടെ രൂപീകരണത്തെക്കുറിച്ച് മനസ്സിലാക്കാനും ഈ പാഠപുസ്തകം നിങ്ങളെ സഹായിക്കും. യൂറോപ്പിന്റെ കാലാവസ്ഥ, സാമൂഹികജീവിതം, കൃഷി, വ്യവസായം എന്നിവയെക്കുറിച്ചും വിശദമായി പ്രതിപാദിക്കുന്നുണ്ട്. ലോകജീവിതക്രമത്തെ സംബന്ധിച്ച ധാരണകളിലെത്താനും വിശ്വപൗരരെന്ന കാഴ്ചപ്പാട് രൂപീകരിക്കാനും ഉതകുന്ന പാഠഭാഗങ്ങൾ ഒട്ടേറെയുണ്ട്.

ജനാധിപത്യത്തിന്റെ അർഥം, വ്യാപ്തി, അടിസ്ഥാനഘടകങ്ങൾ എന്നിവയെക്കുറിച്ച് ആഴത്തിൽ അറിയുന്നതിന് ഈ പാഠപുസ്തകം ഗുണകരമാകും. ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യയിലെ പാർട്ടിസമ്പ്രദായത്തെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യപ്പെടുന്നുണ്ട്.

കൃഷി ഒരു സംസ്കാരമായി വളരേണ്ടത് അനിവാര്യമാണ്. കാർഷിക മേഖലയിൽ ഉണ്ടായ നൂതന പ്രവണതകളും അനുബന്ധ കൃഷിരീതികളും പരിചയപ്പെടുത്തുന്നതിലൂടെ കാർഷികസംസ്കൃതിയോട് കൂടുതൽ ഇണങ്ങുന്നതിനും പൗരബോധം ഉയർത്തിപ്പിടിക്കുന്നതിനും നിങ്ങൾക്ക് കഴിയുമെന്ന് കരുതുന്നു.

ദേശീയബോധം വർധിപ്പിക്കുവാനും സ്വയം മനസ്സിലാക്കുവാനും സമൂഹത്തെ തിരിച്ചറിഞ്ഞ് പുതിയ കാഴ്ചപ്പാടുകൾ രൂപീകരിക്കുവാനും സാമൂഹ്യശാസ്ത്രപഠനം സഹായിക്കും. ലോകത്തിന്റെ ഗതിവിഗതികൾ തിരിച്ചറിഞ്ഞ് സജീവപൗരരാകാൻ കഴിയുന്ന തരത്തിൽ മികച്ച പഠനാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്തിട്ടുള്ള എട്ടാം ക്ലാസിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകം ഭാഗം 2, ചരിത്രത്തെ ആവേശപൂർവം സമീപിക്കാനും പുത്തൻ അറിവുകൾ നേടാനും സഹായകമാകും എന്ന് ഉറപ്പുനൽകുന്നു.

സ്നേഹത്തോടെ,

**ഡോ. ജയപ്രകാശ് ആർ.കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി., കേരളം

# പാഠപുസ്തകരചനാസമിതി

## അഡ്വൈസർ

**ഡോ. കെ.എൻ. ഗണേഷ്**
ചെയർമാൻ, കേരള കൗൺസിൽ ഫോർ
ഹിസ്റ്റോറിക്കൽ റിസർച്ച്

## ചെയർപേഴ്സൺ

**ഡോ. വി. ഷഹർബാൻ**
അസോസിയേറ്റ് പ്രൊഫസർ & ഹെഡ്,
ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ്,
കണ്ണൂർ സർവകലാശാല

## വിദഗ്ധർ

**ഡോ. അനീഷ് വി.ആർ.**
അസിസ്റ്റന്റ് പ്രൊഫസർ,
ഡിപ്പാർട്ട്മെന്റ് ഓഫ് പൊളിറ്റിക്കൽ
സയൻസ്, എസ്.എ.ആർ.ബി.ടി.എം.
ഗവ: കോളേജ്, കൊയിലാണ്ടി

**ബിനോ പി. ജോസ്**
അസിസ്റ്റന്റ് പ്രൊഫസർ,
ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി,
സെന്റ് ഡൊമിനിക്സ് കോളേജ്,
കാഞ്ഞിരപ്പള്ളി

**ഡോ. ജയരാജൻ കെ.**
അസോസിയേറ്റ് പ്രൊഫസർ & ഹെഡ്
ഡിപ്പാർട്ട്മെന്റ് ഓഫ് ജ്യോഗ്രഫി,
ഗവ: കോളേജ്, ചിറ്റൂർ, പാലക്കാട്

## അംഗങ്ങൾ

**ഡോ. അഞ്ജന വി.ആർ. ചന്ദ്രൻ**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി. കേരളം

**ഡോ. അഖിൽ എസ്.**
എച്ച്.എസ്.എസ്.ടി. ജ്യോഗ്രഫി, ജി.എച്ച്.എസ്.എസ്.
താഴത്തുവടകര, കോട്ടയം

**അഷ്റഫ് എം.**
പ്രിസിപ്പാൾ (റിട്ട), ജി.ജി.എച്ച്.എസ്.എസ്.,
അടൂർ, പത്തനംതിട്ട

**വി. കൃപലാജ്**
എച്ച്.എസ്.ടി. സോഷ്യൽ സയൻസ്, വി.എം.എച്ച്.എസ്.എസ്.
വടവന്നൂർ, പാലക്കാട്

**ലീന പി.എസ്.**
എച്ച്.എസ്.ടി. സോഷ്യൽ സയൻസ്, എസ്.എൻ.എച്ച്.
എസ്.എസ്. ഉഴമലയ്ക്കൽ, നെടുമങ്ങാട്, തിരുവനന്തപുരം

**ഡോ. പ്രിയങ്ക പി.യു.**
എച്ച്.എസ്.ടി. സോഷ്യൽ സയൻസ്, ജി.എച്ച്.എസ്.എസ്.
നെയ്യാർഡാം, തിരുവനന്തപുരം

**പ്രദീപ്കുമാർ എൽ.**
എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽസയൻസ്, ജി.വി.എച്ച്.
എസ്.എസ്. പട്ടാഴി, കൊല്ലം

**പി.സി. രാധാകൃഷ്ണൻ**
എച്ച്.എസ്.എസ്.ടി. സോഷ്യോളജി, ജി.എച്ച്.എസ്.എസ്.
മുന്നൂർക്കോട്, പാലക്കാട്

**രഞ്ജിത് വെള്ളല്ലൂർ**
എച്ച്.എസ്.ടി. സോഷ്യൽ സയൻസ്, ജി.എച്ച്.എസ്.എസ്.
കിളിമാനൂർ, തിരുവനന്തപുരം

**റിജുകുമാർ കെ.സി.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.എച്ച്.എസ്.എസ്.
അവിടനല്ലൂർ, കോഴിക്കോട്

**ഷറീന കെ.**
എച്ച്.എസ്.ടി. സോഷ്യൽ സയൻസ്, ജി.എച്ച്.എസ്.എസ്.
പെരിന്തൽമണ്ണ, മലപ്പുറം

**ശ്രീജിത്ത് എം. മൂത്തേടത്ത്**
എച്ച്.എസ്.ടി. സോഷ്യൽ സയൻസ്, സി.എൻ.എൻ.ജി.എച്ച്.
എസ്. ചേർപ്പ്, തൃശ്ശൂർ

**ഡോ. ഉഷാ റാണി കെ.**
അസിസ്റ്റന്റ് പ്രൊഫസർ, ഗവ: കോളേജ് ഓഫ് ടീച്ചർ
എഡ്യൂക്കേഷൻ, തിരുവനന്തപുരം

---

## അക്കാദമിക് കോഡിനേറ്റർ

**ഡോ. അനിൽ ഡി.**
റിസർച്ച് ഓഫിസർ, എസ്.സി.ഇ.ആർ.ടി., കേരളം

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)**
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


8. ദേശീയ പ്രസ്ഥാനവും കേരളവും ........ 127-146

9. ജനാധിപത്യം : അർഥവും വ്യാപ്തിയും ........ 147-164

10. ലോകഭൂപടത്തിൽ യൂറോപ്പ് ........ 165-184

11. ഫ്യൂഡലിസവും മധ്യകാല ലോകവും ........ 185-194

12. കാർഷികമേഖലയും നൂതന പ്രവണതകളും ........ 195-210

13. പുതിയ രാഷ്ട്രങ്ങൾ കെട്ടിപ്പടുക്കുന്നു ........ 211-228


ഈ പുസ്തകത്തിൽ പഠനസൗകര്യത്തിനായി
ചില ചിഹ്നങ്ങൾ ഉപയോഗിച്ചിരിക്കുന്നു


അധികവായനയ്ക്ക് - വിലയിരുത്തലിന് വിധേയമാക്കേണ്ടതില്ല


പഠന പ്രവർത്തനം


തുടർപ്രവർത്തനങ്ങൾ


നമുക്ക് വായിക്കാം

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" "എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

യൂണിറ്റ് 8

# ദേശീയ പ്രസ്ഥാനവും കേരളവും





ചിത്രം 8.1

തിരുവനന്തപുരത്ത് പാങ്ങോടുള്ള സൈനിക ക്യാമ്പിൽ സ്ഥാപിച്ചിരിക്കുന്ന ഒരു ധീരയോദ്ധാവിന്റെ പ്രതിമയാണ് ചിത്രം 8.1ൽ നൽകിയിട്ടുള്ളത്. 1741ൽ കുളച്ചലിൽവച്ച് തിരുവിതാംകൂർസേന ഡച്ചുകാരെ പരാജയപ്പെടുത്തിയതിന്റെ ഓർമ്മയ്ക്കായാണ് ഇത് സ്ഥാപിച്ചിട്ടുള്ളത്.

യൂറോപ്യരുടെ ഇന്ത്യയിലേക്കുള്ള ആഗമനവും തദ്ദേശീയരുമായുള്ള ആദ്യകാല സംഘർഷങ്ങളും മുൻ അധ്യായത്തിൽ നാം ചർച്ച ചെയ്തല്ലോ.

വ്യത്യസ്ത യൂറോപ്യൻ രാജ്യങ്ങളിൽ നിന്ന് കച്ചവടത്തിനായി കേരളത്തിൽ എത്തിയവർ നാട്ടുരാജ്യങ്ങൾ പിടിച്ചെടുത്ത് രാഷ്ട്രീയ അധികാരം സ്ഥാപിക്കാനാണ് ശ്രമിച്ചത്. കേരളത്തിൽ ആധിപത്യം ഉറപ്പിക്കാൻ യൂറോപ്യർക്കിടയിൽ നടന്ന മത്സരത്തിൽ മേൽക്കൈ ലഭിച്ചത് ബ്രിട്ടീഷുകാർക്കാണ്.

യൂറോപ്യരുടെ ആഗമനകാലത്ത് കേരളത്തിൽ വിവിധ നാട്ടുരാജ്യങ്ങളുണ്ടായിരുന്നു. പിന്നീട് മലബാർ പ്രദേശം ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ നേരിട്ടുള്ള ഭരണത്തിൻകീഴിലും കൊച്ചി, തിരുവിതാംകൂർ എന്നീ നാട്ടുരാജ്യങ്ങൾ ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ചുകൊണ്ടുള്ള രാജഭരണത്തിൻ കീഴിലുമാണ് നിലനിന്നിരുന്നത്. കേരളത്തിൽ ആരൊക്കെയാണ് ബ്രിട്ടീഷുകാരോട് ആദ്യം പോരാടിയത്? എന്തായിരുന്നു കാരണങ്ങൾ? അതിന്റെ അനന്തരഫലങ്ങൾ എന്തൊക്കെ ആയിരുന്നു? നമുക്ക് പരിശോധിക്കാം.

## പടയൊരുക്കത്തിൻ കാഹളം മുഴങ്ങുന്നു

*"ഒട്ടും മറന്നില്ല ഞങ്ങളിന്നും നെടും*
*കോട്ടയം നാട്ടിലെക്കേസരി വീരനെ!*
*ഹൃത്തിലെച്ചെഞ്ചോര നീരിലിസ്സ്വാതന്ത്ര്യ-*
*വിത്തു മുളപ്പിച്ച കർഷക വീരനെ,*
*സ്വാതന്ത്ര്യ ലബ്ധിതൻ...ലഹരിയിൽ-*
*പ്പാടേ മറന്നൂ-മലയാളിയെങ്കിലും"*

*പി. കുഞ്ഞിരാമൻ നായർ*
*'പുരളിമലയിലെ പൂമരങ്ങൾ'*

**മലബാർ**




*ചിത്രം 8.2 ● മലബാർ ജില്ല 1800 CE*

കേരളത്തിൽ ബ്രിട്ടീഷുകാർക്കെതിരെ പോരാടിയ കേരളവർമ്മ പഴശ്ശിരാജയെക്കുറിച്ചാണ് മുകളിൽ പ്രതിപാദിച്ചിരിക്കുന്നത്.

വടക്കേ മലബാറിലെ കോട്ടയം രാജകുടുംബാംഗമായിരുന്നു കേരളവർമ്മ പഴശ്ശിരാജ. ആദ്യകാലത്ത് മൈസൂർ ഭരണാധികാരികൾക്കെതിരെ മലബാറിൽ അദ്ദേഹം ബ്രിട്ടീഷുകാരെ സഹായിച്ചിരുന്നു. ഇതിന് പകരമായി കോട്ടയം പ്രദേശത്തെ നികുതി പിരിവിനുള്ള അധികാരം പഴശ്ശിക്ക് നൽകാമെന്നും വ്യവസ്ഥയുണ്ടാക്കി. എന്നാൽ ശ്രീരംഗപട്ടണം ഉടമ്പടി പ്രകാരം മലബാർ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ അധീനതയിലായതോടെ സ്ഥിതിമാറി. കോട്ടയത്തെ നികുതി പിരിക്കാനുള്ള അധികാരം ബ്രിട്ടീഷുകാർ അവരോട് വിധേയത്വം പുലർത്തിയിരുന്ന പഴശ്ശിയുടെ അമ്മാവനായ കുറുമ്പ്രനാട് രാജാവ് വീരവർമ്മയെയാണ് ഏല്പിച്ചത്. ഈ അവഗണനയ്ക്കെതിരെ പ്രതിഷേധിച്ച പഴശ്ശിരാജ പുതിയ ഭരണാധികാരികൾക്ക് നികുതികൊടുക്കേണ്ടതില്ലെന്ന് ജനങ്ങളോട് ആഹ്വാനം ചെയ്തു. ഇതോടെ പഴശ്ശിക്കും ബ്രിട്ടീഷുകാർക്കുമിടയിൽ സംഘർഷം ഉടലെടുത്തു.

ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്കെതിരെ പഴശ്ശി കൈക്കൊണ്ട പ്രതിരോധ തന്ത്രങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.

- താവളം വയനാട്ടിലേക്ക് മാറ്റി
- തദ്ദേശീയ ജനവിഭാഗങ്ങളെ കൂടെച്ചേർത്തു
- ഒളിപ്പോർ നടത്തി (Guerilla warfare)

കുറിച്യ നായകൻ തലക്കൽ ചന്തു, നായർ പടയെ നയിച്ച എടച്ചേന കുങ്കൻ, കൈതേരി അമ്പു, കണ്ണവത്ത് ശങ്കരൻ, പള്ളൂർ എമ്മൻ എന്നിവർ പഴശ്ശിക്ക് ശക്തമായ സൈനിക പിൻബലം നൽകി.

വനങ്ങളും മലയിടുക്കുകളും നിറഞ്ഞ വയനാട്ടിൽ ജനങ്ങളുടെ പിന്തുണയോടെ പ്രതിരോധം തീർത്ത പഴശ്ശിയെ കീഴടക്കുക എളുപ്പമല്ലെന്ന് ബ്രിട്ടീഷുകാർ മനസ്സിലാക്കി. അദ്ദേഹത്തിനെതിരെ ബഹുവിധ നടപടികളാണ് അവർ കൈക്കൊണ്ടത്.

- തന്ത്രപ്രധാന സ്ഥലങ്ങളിൽ സൈനിക താവളങ്ങൾ ഒരുക്കി
- പുതിയ റോഡുകൾ നിർമ്മിച്ചു
- വയനാട്ടിലേക്ക് അരി എത്തിക്കുന്നത് തടഞ്ഞു
- കലാപത്തിൽ പങ്കെടുക്കുന്നവരെ പിടിച്ചു കൊടുക്കുന്ന വർക്ക് പാരിതോഷികം പ്രഖ്യാപിച്ചു

### *ശ്രീരംഗ പട്ടണം ഉടമ്പടി*

*മൂന്നാം ആംഗ്ലോ മൈസൂർ യുദ്ധത്തിൽ മൈസൂർ പരാജയപ്പെട്ടതിനെ തുടർന്ന് 1792 മാർച്ച് 18 ന് മൈസൂർ ഭരണാധികാരിയായ ടിപ്പുസുൽത്താനും ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയും തമ്മിൽ ഒപ്പുവച്ച ഉടമ്പടിയാണിത്. ഉടമ്പടി പ്രകാരം ടിപ്പുവിന്റെ അധീനതയിലായിരുന്ന മലബാർ, കൂർഗ് എന്നീ പ്രദേശങ്ങൾ ബ്രിട്ടീഷുകാർക്ക് ലഭിച്ചു.*

*പഴശ്ശിക്കും സംഘത്തിനും ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി വിലയിട്ടത് നോക്കൂ. പിടിച്ചു കൊടുത്താൽ മുഴുവൻ പഗോഡയും കിട്ടും, വിവരം നൽകിയാൽ പകുതി കിട്ടും.*

| | | |
|---|---|---|
| 1. | കേരളവർമ്മ പഴശ്ശിരാജ | 3000 |
| 2. | വീരവർമ്മ രാജാവ് | 1000 |
| 3. | രവിവർമ്മ രാജാവ് | 1000 |
| 4. | പള്ളൂർ എമ്മൻ | 1000 |
| 5. | പള്ളൂർ രയരപ്പൻ | 300 |
| 6. | എടച്ചേന കുങ്കൻ | 1000 |

*[പഗോഡയെന്നത് അന്നത്തെ വിനിമയ നാണയമാണ്]*
*അവലംബം : ഡോ. കെ. കെ. എൻ. കുറുപ്പ്, 'പഴശ്ശി സമരങ്ങൾ'*

കമ്പനി ഭരണത്തിന് പ്രതിസന്ധിയുണ്ടാക്കിയ പഴശ്ശിയെ നേരിടാൻ പ്രഗല്ഭരായ സൈന്യാധിപരെ നിയോഗിച്ചെങ്കിലും ഫലമുണ്ടായില്ല. തലശ്ശേരിയിലെ സബ്കളക്ടറായി വന്ന തോമസ് ഹാർവെ ബാബർ പഴശ്ശിയുടെ ശക്തിയായിരുന്ന സേനാനായകരെ വധിച്ചും താവളങ്ങൾ കണ്ടെത്തിയും പഴശ്ശിയെ കൂടുതൽ പ്രതിരോധത്തിലാക്കി. 1805 നവംബർ 30ന് വയനാട്ടിലെ മാവിലാംതോട് എന്ന സ്ഥലത്ത് വച്ച് കമ്പനിസൈന്യത്തോടുള്ള ഏറ്റുമുട്ടലിൽ അദ്ദേഹം വീരമൃത്യുവരിച്ചു.



ചിത്രം 8.3 • പഴശ്ശിയുടെ മാവിലാംതോടുള്ള പ്രതിമ

*“അയാൾ ഒരു കലാപകാരിയാണെങ്കിലും ഈ രാജ്യത്തെ പ്രകൃത്യാ നിലവിലുള്ള നാടുവാഴികളിലൊരാളെന്ന നിലയിൽ നിലംപതിച്ച ശത്രുവിനോട് കാണിക്കാറുള്ളതിൽ നിന്നും വ്യത്യസ്തമായി അയാളെ പരിഗണിക്കേണ്ടതുണ്ടെന്ന് എനിക്ക് തോന്നി...”*

പഴശ്ശിയുടെ ശരീരം ഔദ്യോഗിക ബഹുമതികളോടെ മാനന്തവാടിയിൽ സംസ്കരിച്ചതിനെക്കുറിച്ച് മലബാർ പ്രിൻസിപ്പൽ കളക്ടർ തോമസ് വാർഡന് ബാബർ എഴുതിയ കത്തിന്റെ ഒരു ഭാഗമാണിത് (1805 ഡിസംബർ 31).

*തദ്ദേശീയരെ കൂടെനിർത്തി ബ്രിട്ടീഷുകാർക്കെതിരെ പഴശ്ശി കൈക്കൊണ്ട പ്രതിരോധമാർഗങ്ങളും ബ്രിട്ടീഷുകാർ പഴശ്ശിക്കെതിരെ പ്രയോഗിച്ച നടപടികളും ക്ലാസിൽ ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.*



*ചിത്രം 8.4 ● വേലുത്തമ്പി ദളവ*

## വിളംബരഘോഷം മുഴക്കിയ ദളവ

പതിനെട്ടാം നൂറ്റാണ്ടിൽ ആറ്റിങ്ങലിൽ നടന്ന ബ്രിട്ടീഷ് വിരുദ്ധസമരവും കുളച്ചൽ തുറമുഖത്തുവച്ച് ഡച്ചുകാർ പരാജയപ്പെടുന്നതും മുൻ പാഠഭാഗത്ത് നാം ചർച്ച ചെയ്തിട്ടുണ്ടല്ലോ? തിരുവിതാംകൂർ ചരിത്രത്തിലെ നിർണ്ണായകമായ ഈ രണ്ട് സംഭവങ്ങൾക്കുശേഷം ബ്രിട്ടീഷുകാർക്കെതിരെ നടന്ന മറ്റൊരു ചെറുത്തുനിൽപ്പ് നമുക്ക് പരിചയപ്പെടാം.

തിരുവിതാംകൂർ ഭരിച്ചിരുന്ന ബാലരാമവർമ്മ മഹാരാജാവിന്റെ ദളവ അഥവാ പ്രധാനമന്ത്രിയായിരുന്നു വേലുത്തമ്പി. 1805ൽ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയും തിരുവിതാംകൂർ രാജാവും തമ്മിൽ ഒപ്പിട്ട ഒരു കരാറിലൂടെ തിരുവിതാംകൂറിന്റെ രാഷ്ട്രീയസ്വാതന്ത്ര്യം ഇല്ലാതാവുകയും ഭരണം ബ്രിട്ടീഷ് റസിഡന്റായ മെക്കാളെയുടെ നിയന്ത്രണത്തിലാവുകയും ചെയ്തു. ഇതോടൊപ്പം ദളവയായിരുന്ന വേലുത്തമ്പിയുടെ ഉത്തരവുകൾ മെക്കാളെ റദ്ദാക്കിയതും കമ്പനിക്ക് നൽകാനുള്ള നികുതിക്കുടിശ്ശിക ഉടൻ അടച്ചുതീർക്കാൻ നിർബന്ധം പിടിച്ചതും വേലുത്തമ്പിയും ബ്രിട്ടീഷുകാരുമായുള്ള സംഘർഷത്തിനിടയാക്കി.

കൊച്ചിയിലെ പ്രധാനമന്ത്രിയായ പാലിയത്തച്ചനും മെക്കാളെയിൽ നിന്ന് സമാനമായ അനുഭവം നേരിട്ടിരുന്നു. വേലുത്തമ്പി പാലിയത്തച്ചനുമായി രഹസ്യധാരണയിൽ ഏർപ്പെടുകയും തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും സംയുക്തസൈന്യം കൊച്ചിയിലെ മെക്കാളെയുടെ ക്യാമ്പ് ആക്രമിക്കുകയും ചെയ്തു. എന്നാൽ ഈ ആക്രമണത്തിൽ നിന്ന് മെക്കാളെ രക്ഷപ്പെടുകയാണുണ്ടായത്.

1809 ജനുവരി 11 ന് തിരുവിതാംകൂറിലെ കുണ്ടറയിൽ വച്ച് ഒരു വിളംബരത്തിലൂടെ ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ സായുധസമരത്തിനൊരുങ്ങാൻ വേലുത്തമ്പി ജനങ്ങളോട് ആഹ്വാനം ചെയ്തു. ഈ വിളംബരം ‘കുണ്ടറ വിളംബരം’ എന്നാണറിയപ്പെടുന്നത്.

തിരുവിതാംകൂർ രാജാവിന് ദളവയുടെ ഇത്തരം നീക്കങ്ങൾ ഇഷ്ടമായിരുന്നില്ലെങ്കിലും നാട്ടുകാരെ തന്റെകൂടെ നിർത്തിക്കൊണ്ട് വേലുത്തമ്പി ബ്രിട്ടീഷുകാരോട് പോരാട്ടം തുടർന്നു. കമ്പനിസൈന്യത്തോട് പരാജയപ്പെടുകയും സഹചാരിയായ പാലിയത്തച്ചൻ സഖ്യത്തിൽ നിന്ന് പിന്മാറുകയും ചെയ്തത് ദളവയ്ക്ക് തിരിച്ചടിയായി. അദ്ദേഹത്തെ ദളവാപദവിയിൽ നിന്ന് രാജാവ് നീക്കംചെയ്തു. തിരുവിതാംകൂറിന്റെയും കമ്പനിയുടെയും സംയുക്ത സൈന്യം വേലുത്തമ്പി അഭയംതേടിയ മണ്ണടിയിലെ ഭവനം വളഞ്ഞപ്പോൾ വിദേശശക്തിക്ക് പിടികൊടുക്കാതെ അദ്ദേഹം മരണം വരിക്കുകയാണ് ചെയ്തത്.

### *കുണ്ടറ വിളംബരം*

*(കൊല്ലവർഷം 948, മകരം 1)*

*തിരുവിതാംകൂറിനെ സംരക്ഷിക്കുന്നു എന്ന് അവകാശപ്പെടുന്ന ബ്രിട്ടീഷുകാർ നാടിനെ കൊള്ളയടിക്കുകയാണെന്നും ഇവർ തുടർന്നാൽ നാട് നശിക്കുമെന്നും ഇവർക്കെതിരെ രാജഭക്തരും ദേശസ്നേഹികളും ആയുധമെടുത്ത് പോരാട്ടത്തിന് തയ്യാറാകണം എന്നുമാണ് ഈ വിളംബരത്തിലൂടെ തിരുവിതാംകൂറിലെ ദളവയായ വേലുത്തമ്പി ആഹ്വാനം ചെയ്തത്.*

## കൊച്ചിയും പാലിയത്തച്ചനും

കൊച്ചിയിലെ പ്രധാനമന്ത്രിയായിരുന്ന പാലിയത്തച്ചൻ തിരുവിതാംകൂറുമായി രൂപീകരിച്ച സഖ്യത്തെക്കുറിച്ച് നാം ചർച്ച ചെയ്തല്ലോ? എന്തൊക്കെ സാഹചര്യങ്ങളായിരുന്നു അദ്ദേഹത്തെ ബ്രിട്ടീഷുകാർക്ക് എതിരെ പോരാടാൻ പ്രേരിപ്പിച്ചതെന്ന് പരിശോധിക്കാം.



ചിത്രം 8.5 • പാലിയത്തച്ചൻ

ബ്രിട്ടീഷ് റസിഡന്റായ മെക്കാളെ കൊച്ചിയുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുന്നത് പാലിയത്തച്ചൻ എതിർത്തിരുന്നു. അതോടൊപ്പം പാലിയത്തച്ചന്റെ ശത്രുവിന് മെക്കാളെ അഭയം നൽകിയതും പ്രശ്നം രൂക്ഷമാക്കി. തുടർന്നാണ് തിരുവിതാംകൂറിലെ ദളവയായ വേലുത്തമ്പിയുമായി ചേർന്ന് പാലിയത്തച്ചൻ ബ്രിട്ടീഷുകാർക്കെതിരെയുള്ള പോരാട്ടം ആരംഭിച്ചത്. ബ്രിട്ടീഷുകാരോട് ശക്തമായി ചെറുത്തുനിന്നെങ്കിലും ഒടുവിൽ അദ്ദേഹത്തെ ബ്രിട്ടീഷുകാർ മദിരാശിയിലേക്ക് നാടുകടത്തി.

### *പാലിയത്തച്ചൻ*

*കൊച്ചി രാജ്യത്തെ പാലിയം എന്ന നായർ തറവാട്ടിലെ കാരണവന്മാരെയാണ് പാലിയത്തച്ചൻ എന്ന് വിളിച്ചിരുന്നത്. പാലിയത്തച്ചന്മാർ കൊച്ചി രാജ്യത്തിലെ മന്ത്രിമുഖ്യൻ അഥവാ പ്രധാനമന്ത്രി എന്ന സ്ഥാനം വഹിച്ചുപോന്നു.*

*പാലിയത്തച്ചനേയും വേലുത്തമ്പി ദളവയേയും ബ്രിട്ടീഷുകാർക്കെതിരെ ഒരുമിച്ച് പോരാടാൻ പ്രേരിപ്പിച്ച സാഹചര്യം എന്തായിരുന്നു? ചർച്ച ചെയ്ത് ക്ലാസിൽ അവതരിപ്പിക്കുക.*

## കുറിച്യർ കലാപം - പ്രതിരോധത്തിന്റ വീരഗാഥ

പരമ്പരാഗത ആയുധങ്ങളുമായി ബ്രിട്ടീഷുകാർക്കെതിരെ പോരാടുന്ന ഗോത്രജനതയെയാണ് ചിത്രം 8.6ൽ ചിത്രീകരിച്ചിട്ടുള്ളത്. എന്തുകൊണ്ടായിരിക്കാം ഗോത്ര ജനത ബ്രിട്ടീഷുകാർക്കെതിരെ പോരാടിയത്? നമുക്ക് പരിശോധിക്കാം.



*ചിത്രം 8.6 • കുറിച്യർ കലാപത്തിന്റെ രേഖാചിത്രം*

വയനാട്ടിലെ ഗോത്രവിഭാഗങ്ങളാണ് കുറിച്യരും കുറുമ്പ്ര രും. കലാപത്തിൽ പഴശ്ശിയെ സഹായിച്ചിരുന്ന ഇവരെ പിന്നീട് ബ്രിട്ടീഷുകാർ ശത്രുക്കളായാണ് കണ്ടത്. എന്തൊ ക്കെ നടപടികളാണ് കുറിച്യരോടും കുറുമ്പ്രരോടും ബ്രിട്ടീ ഷുകാർ സ്വീകരിച്ചതെന്ന് നോക്കൂ.

- ഗോത്രജനതയുടെ തുണ്ടുഭൂമികൾ പിടിച്ചെടുത്തു
- പരമ്പരാഗത കൃഷിരീതികൾ തുടരാൻ അനുവദിച്ചില്ല
- നികുതിയായി സാധനങ്ങൾക്ക് പകരം പണം ആവശ്യപ്പെട്ടു

1812 ലാണ് കുറിച്യർ കലാപം ആരംഭിച്ചത്. വയനാട്ടിലേക്കുള്ള പാതകളുടെ നിയന്ത്രണം കൈക്കലാക്കിയും പ്രാദേശിക സഹായങ്ങൾ നേടിയെടുത്തും ബ്രിട്ടീഷുകാർക്കെതിരെ ഗോത്രജനത പോരാടി. രാമനമ്പി അഥവാ രാമമൂപ്പൻ ആയിരുന്നു അവരുടെ നേതാവ്. സുൽത്താൻ ബത്തേരിയിലും മാനന്തവാടിയിലും ഉണ്ടായിരുന്ന ബ്രിട്ടീഷ് സൈന്യത്തെ അവർ നേരിട്ടാക്രമിച്ചു. എന്നാൽ കൂടുതൽ പട്ടാളക്കാരെ മറ്റ് സ്ഥലങ്ങളിൽ നിന്ന് എത്തിച്ച് കുറിച്യർ കലാപം ബ്രിട്ടീഷുകാർ അടിച്ചമർത്തി.

*വയനാട്ടിലെ ഗോത്രജനതയെ കലാപത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ പരിശോ ധിച്ച് കുറിപ്പ് തയ്യാറാക്കുക.*

## കർഷക അസംതൃപ്തിയും കലാപത്തിലേക്കെത്തുന്നു

*"1836 മുതൽ 1853 വരെയുള്ള പതിനെട്ട് വർഷങ്ങൾക്കിടയിൽ മലബാറിൽ ഇരുപത്തിരണ്ടോളം ശക്തമായ കലാപങ്ങൾ നടന്നിരുന്നു"*

*സി.എ. ഇന്നസ്, 'മലബാർ ഗസറ്റിയർ,' വാല്യം II, 1951.*

പത്തൊമ്പതാം നൂറ്റാണ്ടിൽ കലാപങ്ങളുടെ ഒരു പരമ്പര തന്നെ മലബാറിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായി. ബ്രിട്ടീഷ് ഗവൺമെന്റിന്റെ നികുതി നയങ്ങളും ജന്മിമാരുടെ ചൂഷണവും കുടിയൊഴിപ്പിക്കലുമാണ് കലാപങ്ങൾക്ക് കാരണമായതെന്ന് മലബാർ ഡിസ്ട്രിക്ട് കളക്ടറായിരുന്ന

വില്യം ലോഗൻ തന്റെ അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചൂഷകരായ ജന്മിമാർക്കും ബ്രിട്ടീഷ് സർക്കാരിനുമെതിരെ കർഷകരുടെ പ്രതിഷേധവും അക്രമവും ഉണ്ടായി. ഇതിൽ പങ്കെടുത്തവരിൽ ഭൂരിഭാഗവും തെക്കേമലബാറിലെ മാപ്പിള കർഷകരായിരുന്നതുകൊണ്ട് ബ്രിട്ടീഷ് അധികാരികളും സാമ്രാജ്യത്വ ചരിത്രകാരും ഈ കലാപങ്ങളെ 'മാപ്പിളലഹളകൾ' എന്നാണ് വിശേഷിപ്പിച്ചത്.



ചിത്രം 8.7 ● മലബാർ മാന്വൽ

*ജന്മിമാർക്കും ബ്രിട്ടീഷ് സർക്കാരിനുമെതിരെ കർഷകർ പ്രതിഷേധിച്ചത് എന്തുകൊണ്ട്? കുറിപ്പ് തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.*

*ചുവടെ നൽകിയിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.*

| ചെറുത്തുനിൽപ്പുകൾ | നടന്ന പ്രദേശം | സാഹചര്യം |
|---|---|---|
| | കോട്ടയം, വയനാട് | |
| | | ആഭ്യന്തര കാര്യങ്ങളിലെ ബ്രിട്ടീഷ് ഇടപെടൽ |
| | കൊച്ചി | |
| കുറിച്യർ കലാപം | | |
| | | നികുതി വർധനവും കുടിയൊഴിപ്പിക്കലും |

## സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ

*"നാൽക്കാലികളെക്കാളും താഴെയാണോ*
*ഇക്കാണും മാനുഷസോദരന്മാർ?*
*ഇക്കാലത്തിരുപതാം നൂറ്റാണ്ടിലുമിതു*
*നീക്കാറായില്ലല്ലോ യോഗപ്പെണ്ണേ!*
*എന്തൊരാൾക്കാരാണ് നിങ്ങൾ ജ്ഞാനപ്പെണ്ണേ!"*

*പണ്ഡിറ്റ് കെ.പി. കറുപ്പൻ, 'ജാതിക്കുമ്മി'*

മുകളിൽ കൊടുത്ത വരികൾ ശ്രദ്ധിച്ചല്ലോ?

ഇവയിൽ നിന്ന് എന്തെല്ലാം ആശയങ്ങളാണ് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നത്? കേരളത്തിൽ നിലനിന്നിരുന്ന സാമൂഹിക അവസ്ഥയെ പ്രതിപാദിക്കുന്ന വരികളാണിവ.

പത്തൊമ്പത്, ഇരുപത് നൂറ്റാണ്ടുകളിലെ സാമൂഹികാവസ്ഥയെക്കുറിച്ച് നമുക്ക് പരിശോധിക്കാം.

നാം ഇന്നുകാണുന്ന തുല്യതയും സമത്വവും അന്നത്തെ സാമൂഹിക ജീവിതത്തിൽ കാണാൻ കഴിഞ്ഞിരുന്നില്ല. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നടമാടിയ സമൂഹമായിരുന്നു അത്. ഒരു വ്യക്തി യുടെ സാമൂഹികപദവി നിർണ്ണയിച്ചിരുന്നത് ജനിച്ച ജാതിയെ അടിസ്ഥാനമാക്കിയായിരുന്നു. ജാതിവിവേചനത്തിന്റെ ഭാഗമായി തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ, സഞ്ചാരവിലക്ക് തുടങ്ങിയ ധാരാളം സാമൂഹിക തിന്മകൾ കേരളത്തിൽ നിലനിന്നിരുന്നു.

*മറ്റെന്തൊക്കെ സാമൂഹിക തിന്മകളെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ട്?*

- *പന്തിഭോജന വിലക്ക്*
- 
- 

സമൂഹത്തിലുണ്ടായിരുന്ന യുക്തിരഹിതമായ ഇത്തരം അനാചാരങ്ങൾക്കെതിരെ പോരാടിയവരാണ് സാമൂഹിക പരിഷ്കർത്താക്കൾ. ആധുനിക വിദ്യാഭ്യാസത്തിന്റെ പ്രചാരവും നവോത്ഥാന ചിന്തയുമെല്ലാം ഇവരുടെ പ്രവർത്തനങ്ങൾക്ക് പിൻബലമേകി. നിരവധി സാമൂഹിക പരിഷ്കർത്താ ക്കൾക്ക് നമ്മുടെ നാട് ജന്മം നൽകിയിട്ടുണ്ട്.

## സാമൂഹിക പരിഷ്കർത്താക്കളും അവരുടെ പ്രധാന പ്രവർത്തനങ്ങളും



*ചിത്രം 8.8 • വൈകുണ്ഠ സ്വാമികൾ*

### വൈകുണ്ഠ സ്വാമികൾ

കേരളത്തിലെ ആദ്യകാല സാമൂഹിക പരിഷ്കർത്താക്കളിൽ ഒരാളായിരുന്നു. വിഗ്രഹാരാധനയുടെ യുക്തിരാഹിത്യം വെളിപ്പെടുത്തിക്കൊണ്ട് ദക്ഷിണേന്ത്യയിൽ ആദ്യമായി 'കണ്ണാടി പ്രതിഷ്ഠ' നടത്തി.

*പ്രസ്ഥാനം: സമത്വ സമാജം*



*ചിത്രം 8.10 • കുര്യാക്കോസ് ഏലിയാസ് ചാവറ*

### കുര്യാക്കോസ് ഏലിയാസ് ചാവറ

സാമൂഹിക പരിഷ്കർത്താവും വിദ്യാഭ്യാസ പ്രവർത്തക നുമായിരുന്നു. അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കായി അനാഥാലയങ്ങളും വിദ്യാലയങ്ങളും സ്ഥാപിച്ചു.



*ചിത്രം 8.9 • ശ്രീനാരായണഗുരു*

### ശ്രീനാരായണഗുരു

കേരളത്തിൽ സാമൂഹികമാറ്റത്തിനുവേണ്ടി പ്രവർത്തിച്ച പരിഷ്കർത്താക്കളിൽ പ്രഥമസ്ഥാനീയൻ. അന്ധവിശ്വാസങ്ങൾക്കും ജാതി വിവേചനങ്ങൾക്കും എതിരെ പോരാടി. 'വിദ്യകൊണ്ട് പ്രബുദ്ധരാകാൻ' ഉദ്ഘോഷിച്ചു. അരുവിപ്പുറത്ത് ശിവപ്രതിഷ്ഠ നടത്തുകയും, ജാതിഭേദവും മതദ്വേഷവുമില്ലാതെ ഏവരും സാഹോദര്യത്തോടെ കഴിയുന്ന മാതൃകാസ്ഥാനമെന്ന് ഈ ക്ഷേത്രത്തെ വിശേഷിപ്പിക്കുകയും ചെയ്തു.

സഹോദരൻ അയ്യപ്പൻ, മഹാകവി കുമാരനാശാൻ, ഡോ. പി. പൽപ്പു. ടി.കെ. മാധവൻ തുടങ്ങിയ പരിഷ്കർത്താക്കളെ അദ്ദേഹത്തിന്റെ ദർശനങ്ങൾ സ്വാധീനിച്ചു.

*പ്രസ്ഥാനം: ശ്രീനാരായണ ധർമ്മപരിപാലനയോഗം*



ചിത്രം 8.11 ● ചട്ടമ്പി സ്വാമികൾ

**ചട്ടമ്പി സ്വാമികൾ**

ജാതി വ്യവസ്ഥയെയും യുക്തിരഹിതമായ ആചാരങ്ങളെയും എതിർത്തു. മലയാള ഭാഷയ്ക്കും സാഹിത്യത്തിനും വിലപ്പെട്ട സംഭാവനകളായിരുന്നു അദ്ദേഹത്തിന്റെ രചനകൾ.



ചിത്രം 8.13 ● വക്കം അബ്ദുൾ ഖാദർ മൗലവി

**വക്കം അബ്ദുൾ ഖാദർ മൗലവി**

മുസ്ലിം സമുദായത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിനുവേണ്ടി പ്രവർത്തിച്ചു. രാജവാഴ്ചയുടെ പൊള്ളത്തരങ്ങൾ വെളിച്ചത്ത് കൊണ്ടുവരാൻ സ്വദേശാഭിമാനി പത്രം ആരംഭിച്ചു.

*പ്രസ്ഥാനം: തിരുവിതാംകൂർ മുസ്ലിം മഹാജനസഭ*



ചിത്രം 8.15 ● പൊയ്കയിൽ യോഹന്നാൻ

**പൊയ്കയിൽ യോഹന്നാൻ**

ജാതീയത, അടിമത്തം തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെ പോരാടി.

*പ്രസ്ഥാനം: പ്രത്യക്ഷ രക്ഷാ ദൈവസഭ*



ചിത്രം 8.17 ● വി.ടി. ഭട്ടതിരിപ്പാട്

**വി.ടി. ഭട്ടതിരിപ്പാട്**

നമ്പൂതിരി സമുദായ പരിഷ്കർത്താവ്, സാമൂഹിക പ്രവർത്തകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ അറിയപ്പെട്ടു. 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന പ്രസിദ്ധമായ നാടകം രചിച്ചു.

*പ്രസ്ഥാനം : യോഗക്ഷേമസഭ*



ചിത്രം 8.12 ● അയ്യങ്കാളി

**അയ്യങ്കാളി**

അടിസ്ഥാന ജനവിഭാഗങ്ങളുടെ അവകാശങ്ങൾക്കും ആത്മാഭിമാനത്തിനും സഞ്ചാര സ്വാതന്ത്ര്യത്തിനും വിദ്യാഭ്യാസത്തിനും വേണ്ടി പോരാടി. വില്ലുവണ്ടി സമരം, കല്ലുമാല സമരം എന്നിവ അദ്ദേഹം നേതൃത്വം നൽകിയ പ്രധാനപ്പെട്ട സമരങ്ങൾ ആയിരുന്നു.

*പ്രസ്ഥാനം: സാധുജന പരിപാലന സംഘം*



ചിത്രം 8.14 ● മന്നത്ത് പത്മനാഭൻ

**മന്നത്ത് പത്മനാഭൻ**

നായർ സമുദായത്തിന്റെ സാമൂഹിക മുന്നേറ്റത്തിനും വിദ്യാഭ്യാസ പുരോഗതിക്കും വേണ്ടി പ്രവർത്തിച്ചു. കേരളത്തിൽ പൗരാവകാശങ്ങൾ നേടിയെടുക്കുന്നതിന് വേണ്ടിയുള്ള സമരങ്ങൾ നയിച്ചു.

*പ്രസ്ഥാനം : നായർ സർവീസ് സൊസൈറ്റി*



ചിത്രം 8.16 ● പണ്ഡിറ്റ് കെ. പി. കറുപ്പൻ

**പണ്ഡിറ്റ് കെ.പി. കറുപ്പൻ**

കവിയും നാടകകൃത്തുമായ അദ്ദേഹം പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ചു.

*പ്രസ്ഥാനം : അരയ സമാജം*



ചിത്രം 8.18 ● വാഗ്ഭടാനന്ദൻ

**വാഗ്ഭടാനന്ദൻ**

യുക്തിയിലധിഷ്ഠിതമായ വിമർശനചിന്തയെ പ്രോത്സാഹിപ്പിച്ചു. ആചാരങ്ങളെ കാലത്തിനനുസരിച്ച് പരിഷ്കരിക്കാൻ ശ്രമിച്ചു.

*പ്രസ്ഥാനം : ആത്മവിദ്യാ സംഘം*

ഇവരെക്കൂടാതെ നിരവധി സാമൂഹികപരിഷ്കർത്താക്കൾ കേരളത്തിലുണ്ടായിട്ടുണ്ട്. ദാക്ഷായണി വേലായുധൻ, പാർവതി നെന്മേനിമംഗലം, ആര്യാ പള്ളം, കാളിക്കുട്ടി ആശാത്തി തുടങ്ങിയവർ സ്ത്രീകളുടെ സാമൂഹിക ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ചവരാണ്.

സാമൂഹിക പരിഷ്കർത്താക്കളുടെ പ്രവർത്തനങ്ങൾ സാമൂഹികമായി പിന്നാക്കം നിൽക്കുന്നവരുടെയും സ്ത്രീകളുടെയും അവകാശങ്ങൾക്കും വിദ്യാഭ്യാസപുരോഗതിക്കും കാരണമായി. സാമൂഹിക നീതിയിലധിഷ്ഠിതമായ ഒരു പുതിയ സമൂഹത്തെ സൃഷ്ടിക്കാനും കേരളത്തിന്റെ നവോത്ഥാന കാലഘട്ടത്തെ അടയാളപ്പെടുത്താനും സാമൂഹിക പരിഷ്കർത്താക്കൾക്ക് കഴിഞ്ഞു.

*'സാമൂഹിക പരിഷ്കർത്താക്കളുടെ ആശയങ്ങൾ കേരള നവോത്ഥാനത്തിൽ വഹിച്ച പങ്ക്' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുക.*

## പൗരസ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള പോരാട്ടങ്ങൾ

### മേൽമുണ്ട് സമരം

*"എല്ലാ മതത്തിലുള്ള ചാന്നാട്ടികളും കട്ടിശ്ശീലകൊണ്ട് ഉടുത്തു കെട്ടിക്കൊള്ളുകയോ മേൽ ജാതിയിലുള്ള സ്ത്രീകളെ പോലെ അല്ലാതെ മറ്റു ഏതുവിധത്തിൽ എങ്കിലും മാറുമറച്ചു കൊള്ളുകയോ ചെയ്യുന്നതിന് വിരോധം ഇല്ലായ്കകൊണ്ടു - വിവരം സകലമാനപെരും അറിഞ്ഞു നടന്നു കൊള്ളുകയും വേണം."*

സ്ത്രീകൾക്ക് മേൽവസ്ത്രം ധരിക്കാൻ അവകാശം നൽകിക്കൊണ്ട് തിരുവിതാംകൂർ മഹാരാജാവായ ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ പുറപ്പെടുവിച്ച വിളംബരത്തിന്റെ ഒരു ഭാഗമാണ് മുകളിൽ നൽകിയിട്ടുള്ളത്.

ഈ വിളംബരത്തിന് കാരണമായ 'മേൽമുണ്ട് സമര'ത്തെക്കുറിച്ച് മുൻ ക്ലാസുകളിൽ നിങ്ങൾ ചർച്ചചെയ്തിട്ടുണ്ടല്ലോ.

തെക്കൻതിരുവിതാംകൂറിലെ ചാന്നാർ സമുദായത്തിലെ സ്ത്രീകൾക്ക് ഉയർന്ന വിഭാഗമെന്ന് കരുതപ്പെട്ടിരുന്ന സ്ത്രീകളെപ്പോലെ മേൽവസ്ത്രം ധരിക്കാനുള്ള അവകാശമുണ്ടായിരുന്നില്ല. ക്രിസ്ത്യൻ മിഷനറിമാരുടെ പിന്തുണയോടെ പൊതുസ്ഥലങ്ങളിൽ മേൽമുണ്ട് ധരിച്ച് പ്രത്യക്ഷപ്പെട്ട ചാന്നാർ സ്ത്രീകളെ ഉയർന്ന വിഭാഗമെന്ന് കരുതപ്പെട്ടിരുന്നവർ ആക്രമിക്കുകയും അവരുടെ മേൽമുണ്ട് വലിച്ചുകീറുകയും ചെയ്തു. തുടർന്ന് തെക്കൻ തിരുവിതാംകൂറിൽ പലയിടങ്ങളിലും കലാപം പൊട്ടിപ്പുറപ്പെട്ടു. 1859 ജൂലൈ 26ന് ചാന്നാർ സ്ത്രീകൾക്ക് മാറുമറയ്ക്കുന്നതിനുള്ള നിയന്ത്രണങ്ങൾ ഒഴിവാക്കിക്കൊണ്ട് തിരുവിതാംകൂർ മഹാരാജാവ് കല്പന പുറപ്പെടുവിച്ചു.

*മേൽവസ്ത്രം ധരിക്കാനുള്ള അവകാശപ്പോരാട്ടത്തിലേക്ക് നയിച്ച സാമൂഹിക സാഹചര്യം ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക.*

## വൈക്കം സത്യഗ്രഹം




വൈക്കം ക്ഷേത്രത്തിന് നൂറുമീറ്റർ അകലെ സ്ഥാപിച്ചിരുന്ന ഒരു ബോർഡിലാണ് ഇങ്ങനെ എഴുതിയിരുന്നത്.

ദേശീയ പ്രസ്ഥാനം ശക്തമാകുന്ന വേളയിൽ സഞ്ചാര സ്വാതന്ത്ര്യത്തിനു വേണ്ടി കേരളത്തിൽ നടന്ന പ്രധാന സമരമാണ് വൈക്കം സത്യഗ്രഹം. വൈക്കം ക്ഷേത്രത്തിന് ചുറ്റുമുള്ള റോഡിലൂടെ താഴ്ന്നതെന്ന് ഗണിക്കപ്പെട്ടിരുന്ന ജനവിഭാഗങ്ങളെ സഞ്ചരിക്കാൻ അനുവദിച്ചിരുന്നില്ല. ഈ വിവേചനത്തിനെതിരെ 1924 മാർച്ച് 30ന് സത്യഗ്രഹം ആരംഭിച്ചു.

ടി.കെ. മാധവൻ, കെ. കേളപ്പൻ, കെ.പി. കേശവമേനോൻ തുടങ്ങിയവരാണ് ഈ സത്യഗ്രഹം നയിച്ചത്. ദേശീയ ശ്രദ്ധയാകർഷിച്ച വൈക്കം സത്യഗ്രഹം മഹാത്മാഗാന്ധിയുടെ മധ്യസ്ഥതയിലാണ് അവസാനിപ്പിച്ചത്. 1925 നവംബർ 23ന് ക്ഷേത്രത്തിന്റെ മൂന്നുവശങ്ങളിൽ കൂടിയുള്ള റോഡുകൾ (കിഴക്കേ നടയിലേക്കുള്ള രണ്ടു പാതകൾ ഒഴികെ) ഹിന്ദുമതത്തിലെ എല്ലാ വിഭാഗങ്ങൾക്കും തുറന്നു കൊടുക്കപ്പെട്ടു.

*വൈക്കം സത്യഗ്രഹവുമായി ബന്ധപ്പെട്ട പത്രവാർത്ത തയ്യാറാക്കുക.*

### സവർണ്ണജാഥ

*വൈക്കം സത്യഗ്രഹത്തോടുള്ള ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിന് വേണ്ടി മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ വൈക്കത്ത് നിന്ന് തിരുവനന്തപുരത്തേക്ക് ജാഥ സംഘടിപ്പിച്ചു. ഇത് 'സവർണ്ണജാഥ' എന്നറിയപ്പെടുന്നു.*



*ചിത്രം 8.19* ● *ടി.കെ. മാധവൻ*

## ഗുരുവായൂർ സത്യഗ്രഹം

ഹിന്ദുമതത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഗുരുവായൂർ ക്ഷേത്രത്തിൽ പ്രവേശനം അനുവദിക്കണമെന്നാവശ്യപ്പെട്ട് നടന്ന പ്രക്ഷോഭമാണ് ഗുരുവായൂർ സത്യഗ്രഹം.

കെ. കേളപ്പൻ, മന്നത്ത് പത്മനാഭൻ എന്നിവരുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് 1931 നവംബർ 1 ന് സത്യഗ്രഹം ആരംഭിച്ചു. സമരപരിപാടികൾ ശക്തമായപ്പോൾ അധികാരികൾക്ക് ഒരു മാസത്തോളം ക്ഷേത്രം അടച്ചിടേണ്ടിവന്നു. സമരത്തിന്റെ വാളന്റിയർ ക്യാപ്റ്റനായ എ.കെ. ഗോപാലനെയും പി. കൃഷ്ണപിള്ളയെയും സത്യഗ്രഹത്തെ എതിർത്തവർ ക്രൂരമായി മർദിച്ചു. കെ. കേളപ്പൻ ക്ഷേത്രത്തിനുമുന്നിൽ 'മരണം വരെ ഉപവാസം' തുടങ്ങിയതോടെ അനേകം ആളുകളാണ് ഇതിന് പിന്തുണയുമായി നാനാദേശങ്ങളിൽ നിന്നും എത്തിയത്. ഒടുവിൽ ഗാന്ധിജിയുടെ നിർദേശപ്രകാരമാണ് ഉപവാസം അവസാനിപ്പിച്ചത്. ക്ഷേത്രപ്രവേശനത്തെക്കുറിച്ച് പൊതുജനങ്ങളുടെ അഭിപ്രായമറിയുവാൻ പൊന്നാനി താലൂക്കിൽ കോൺഗ്രസ് ഒരു ജനഹിതപരിശോധന നടത്തിയപ്പോൾ ഭൂരിപക്ഷം പേരും ഇതിനെ പിന്തുണയ്ക്കുകയാണ് ചെയ്തത്. ഇങ്ങനെ സമസ്തഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനത്തിന് അനുകൂലമായൊരു അന്തരീക്ഷം സൃഷ്ടിക്കാൻ ഗുരുവായൂർ സത്യഗ്രഹത്തിന് കഴിഞ്ഞു.



*ചിത്രം 8.20* ● *കെ. കേളപ്പൻ*



ചിത്രം 8.21 ● എ. കെ. ഗോപാലൻ



ചിത്രം 8.22 ● പി. കൃഷ്ണപിള്ള



ചിത്രം 8.24 ● സി. കേശവൻ

### *ആധുനിക കാലത്തെ മഹാത്ഭുതം*

*[Miracle of modern times]*



ചിത്രം 8.23 ● ചിത്തിര തിരുനാൾ ബാലരാമവർമ്മ

*1936 നവംബർ 12ന് തിരുവിതാംകൂർ ഭരണാധികാരിയായിരുന്ന ചിത്തിര തിരുനാൾ ബാലരാമവർമ്മ ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ചു. ഇതിലൂടെ തിരുവിതാംകൂറിലെ ക്ഷേത്രങ്ങൾ എല്ലാ വിഭാഗം ഹിന്ദുക്കൾക്കും തുറന്നുകൊടുത്തു. ഗാന്ധിജി ഈ വിളംബരത്തെ 'ആധുനിക കാലത്തെ മഹാത്ഭുതം' എന്നാണ് വിശേഷിപ്പിച്ചത്.*

## പാലിയം സത്യഗ്രഹം

അയിത്തോച്ചാടനത്തിനായി കേരളത്തിൽ നടന്ന മറ്റൊരു സമരമായിരുന്നു 1947-48ലെ പാലിയം സത്യഗ്രഹം. കൊച്ചിയിലെ ചേന്നമംഗലത്തെ പാലിയത്തച്ചന്റെ വസതിക്ക് മുന്നിലെ റോഡിലൂടെ നടന്നുപോകാൻ അരികുവൽക്കരിക്കപ്പെട്ടിരുന്ന ജനവിഭാഗങ്ങൾക്ക് വിലക്കുണ്ടായിരുന്നു. ഈ പ്രശ്നത്തെച്ചൊല്ലി രാഷ്ട്രീയകക്ഷികളും സമുദായ സംഘടനകളും ഒത്തുചേർന്നുനടത്തിയ സമരമാണ് പാലിയം സത്യഗ്രഹം. സി. കേശവൻ ഉൾപ്പെടെയുള്ളവർ നേതൃത്വം നൽകിയ സത്യഗ്രഹത്തെ നേരിടാൻ സർക്കാർ അറസ്റ്റും മർദനമുറകളും പ്രയോഗിച്ചു. 1948ൽ കൊച്ചിയിലെ മുഴുവൻ ക്ഷേത്രങ്ങളും ജാതിഭേദമന്യേ എല്ലാവർക്കുമായി തുറന്നുകൊടുക്കപ്പെട്ടതോടെ പാലിയം റോഡിലൂടെ സഞ്ചരിക്കുന്നതിനുള്ള നിയന്ത്രണം ഇല്ലാതായി.

*'പൗരാവകാശങ്ങൾക്ക് വേണ്ടിയുള്ള സമരങ്ങളും ലക്ഷ്യപ്രാപ്തിയും' എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിക്കുക.*

*ചുവടെ നൽകിയിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.*

| പൗരാവകാശങ്ങൾക്ക് വേണ്ടിനടന്ന സമരങ്ങൾ | സാഹചര്യം |
|---|---|
| മേൽമുണ്ട് സമരം | വസ്ത്രധാരണ വിലക്ക് |
| വൈക്കം സത്യഗ്രഹം | |
| ഗുരുവായൂർ സത്യഗ്രഹം | |
| പാലിയം സത്യഗ്രഹം | |

## ദേശീയബോധത്തിന്റെ സമരജ്ജ്വാല

*"വരിക വരിക സഹജരേ, സഹന സമര സമയമായ്*
*കരളുറച്ച് കൈകൾകോർത്ത് കാൽനടയ്ക്ക് പോക നാം..*
*ബ്രിട്ടനെ വിരട്ടുവിൻ ചട്ടമൊക്കെ മാറ്റുവിൻ*
*ദുഷ്ടനീതി വിഷ്ടപത്തിലൊട്ടുമേ നിലച്ചിടാ!..*
*ഉപ്പു നാം കുറുക്കണം ആരു വന്നെതിർക്കിലും*
*അല്പവും കൊടുത്തിടാതെ കോപിയാതെ നിൽക്കണം..."*



1930ൽ ഉപ്പുസത്യഗ്രഹത്തിന്റെ ഭാഗമായി നടന്ന ജാഥയിൽ ആലപിക്കാൻ അംശി നാരായണപിള്ള എഴുതിയ വരികളാണിവ. സത്യഗ്രഹസമരത്തിന്റെ രീതികൾ എന്താണെന്ന് ഈ വരികളിൽനിന്ന് കണ്ടെത്താമോ?

സത്യഗ്രഹികൾ ഗാനമാലപിച്ചും മുദ്രാവാക്യം മുഴക്കിയും പയ്യന്നൂർ കടപ്പുറത്തേക്ക് ജാഥയായി നീങ്ങി. വഴിനീളെ ആയിരക്കണക്കിന് ജനങ്ങൾ അവർക്ക് സ്വീകരണം നൽകി. കേരളത്തിൽ ദേശീയപ്രസ്ഥാനം എത്രമാത്രം ഊർജ്ജസ്വലമായിരുന്നു എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.

കേരളത്തിൽ ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ച മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും എങ്ങനെയായിരുന്നു എന്ന് നമുക്ക് പരിശോധിക്കാം.

## മലബാർ

കേരളത്തിലെ ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് മലബാറിൽ ദേശീയ പ്രസ്ഥാനം കൂടുതൽ കരുത്തുറ്റതായിരുന്നു. മലബാർ ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ രൂപീകരണവും ഹോംറൂൾ ലീഗിന്റെ പ്രവർത്തനങ്ങളും ദേശീയ പ്രസ്ഥാനത്തെ ചലിപ്പിച്ചു. ഖിലാഫത്ത്, നിസ്സഹകരണ പ്രസ്ഥാനങ്ങൾക്ക് വലിയ പിന്തുണയാണ് മലബാറിലെങ്ങും ലഭിച്ചത്. സമരത്തിന്റെ ഭാഗമായി ജനങ്ങൾ വിദേശനിർമ്മിത വസ്തുക്കളും, കോടതികൾ, വിദ്യാലയങ്ങൾ മുതലായ സർക്കാർ സ്ഥാപനങ്ങളും ബഹിഷ്കരിച്ചു. സമരത്തിന് സ്ത്രീകളുടെയും വിദ്യാർഥികളുടെയും മികച്ച പങ്കാളിത്തമുണ്ടായിരുന്നു.

സി. കുഞ്ഞിരാമമേനോൻ, കെ. കേളപ്പൻ, യു. ഗോപാലമേനോൻ, കെ.പി. കേശവമേനോൻ, മുഹമ്മദ് അബ്ദുർ റഹിമാൻ സാഹിബ്, ഇ. മൊയ്തു മൗലവി, മൊയാരത്ത് ശങ്കരൻ തുടങ്ങിയവരായിരുന്നു പ്രധാന നേതാക്കൾ.

നിയമലംഘന പ്രസ്ഥാനത്തിന്റെ ഭാഗമായി ഗാന്ധിജിയുടെ നേതൃത്വത്തിൽ അഖിലേന്ത്യാതലത്തിൽ ഉപ്പുസത്യഗ്രഹം നടന്നപ്പോൾ അതിന്റെ അലയൊലികൾ കേരളത്തിലുമുണ്ടായി. കേരളത്തിലെ ഉപ്പുസത്യഗ്രഹത്തിന്റെ കേന്ദ്രം മലബാറിലെ പയ്യന്നൂർ ആയിരുന്നു. കെ. കേളപ്പനാണ്



*ചിത്രം 8.25 • സി. ശങ്കരൻ നായർ*



*ചിത്രം 8.26 • ബാരിസ്റ്റർ ജി.പി. പിള്ള*

*കേരളത്തിലേതു പോലെ തന്നെ ദേശീയതലത്തിലും കോൺഗ്രസ്സിൽ ശ്രദ്ധേയമായ മലയാളി സാന്നിധ്യമുണ്ടായിരുന്നു. സി. ശങ്കരൻ നായരും, ബാരിസ്റ്റർ ജി.പി. പിള്ളയും ആയിരുന്നു ഇവരിൽ പ്രധാനപ്പെട്ടവർ.*



*ചിത്രം 8.27 • കെ.പി. കേശവ മേനോൻ*



ചിത്രം 8.28 ● മുഹമ്മദ് അബ്ദുർ റഹിമാൻ സാഹിബ്

സത്യഗ്രഹം നയിച്ചത്. കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും സത്യഗ്രഹികൾ പയ്യന്നൂരിലെ കടപ്പുറത്തേക്ക് എത്തിച്ചേരുകയും അതിൽ പങ്കാളികളാവുകയും ചെയ്തു. കൂടാതെ മുഹമ്മദ് അബ്ദുർ റഹിമാന്റെ നേതൃത്വത്തിൽ സത്യഗ്രഹികൾ കോഴിക്കോട് കടപ്പുറത്തും നിയമം ലംഘിച്ച് ഉപ്പുണ്ടാക്കി. അവിടെ തടിച്ചുകൂടിയ ജനങ്ങൾക്ക് പോലീസിന്റെ ക്രൂരമർദനമേൽക്കേണ്ടിവന്നു. വിദേശവസ്ത്ര ബഹിഷ്കരണവും മദ്യഷാപ്പ് പിക്കറ്റിങ്ങും ഖാദി പ്രചരണവും സമരത്തിന്റെ ഭാഗമായി നടന്നു.

### *ഗാന്ധിജി കേരളത്തിൽ*

*1920ൽ ഗാന്ധിജിയും മൗലാന ഷൗക്കത്തലിയും നിസ്സഹകരണ-ഖിലാഫത്ത് സമരത്തിന്റെ പ്രചരണാർഥം കോഴിക്കോട് എത്തി. ഗാന്ധിജിയുടെ ആദ്യ കേരള സന്ദർശനമായിരുന്നു ഇത്. ഇന്ത്യക്കാർ വ്യത്യസ്ത മതസ്ഥരെങ്കിലും നമ്മുടെ മാതൃഭൂമിയുടെ സന്തതികൾ ആണെന്നും നമ്മുടെ സുഖദുഃഖങ്ങൾ ഒന്നാണെന്നും പ്രശ്നങ്ങൾ ഒന്നാണെന്നും നേതാക്കൾ ഉദ്ബോധിപ്പിച്ചപ്പോൾ അത്യാവേശത്തോടെയാണ് ജനങ്ങൾ അത് സ്വീകരിച്ചത്.*

*മലബാറിലെ നിയമലംഘന സമരത്തിന്റെ പ്രവർത്തന പരിപാടികൾ എന്തൊക്കെയായിരുന്നു. ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.*

## മലബാർ കലാപം

മലബാറിലെ ബ്രിട്ടീഷ്‌വിരുദ്ധ-ജന്മിവിരുദ്ധ പ്രക്ഷോഭമായിരുന്നു മലബാർ കലാപം. നിസ്സഹകരണ-ഖിലാഫത്ത് സമരത്തോടൊപ്പം നേരത്തെതന്നെ മലബാറിൽ സജീവമായിരുന്ന കുടിയാൻ പ്രസ്ഥാനവും ചേർന്നപ്പോൾ അത് മലബാർ കലാപമായി പരിണമിച്ചു. 1921ൽ ഏറനാട്, വള്ളുവനാട്, പൊന്നാനി താലൂക്കുകളിലാണ് കലാപം വ്യാപിച്ചത്. ജന്മിമാരും ഗവൺമെന്റ് ഉദ്യോഗസ്ഥരും കലാപത്തിലേർപ്പെട്ട കർഷകരുമുൾപ്പെടെ നിരവധി പേർക്ക് ജീവഹാനി സംഭവിച്ചു. മലബാർ സ്പെഷ്യൽ പോലീസിനെയും പട്ടാളത്തെയും ഉപയോഗിച്ച് ബ്രിട്ടീഷ് ഗവൺമെന്റ് കലാപം അടിച്ചമർത്തി. മലബാർ കലാപത്തിന് നേതൃത്വം നൽകിയവരിൽ പ്രമുഖരായിരുന്നു ആലിമുസലിയാർ, വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, എം.പി. നാരായണ മേനോൻ എന്നിവർ.



ചിത്രം 8.29 ● മലബാർ കലാപവുമായി ബന്ധപ്പെട്ട ചിത്രം

### *വാഗൺ കൂട്ടക്കൊല*

*മലബാർ കലാപകാലത്തുണ്ടായ ദാരുണ സംഭവമാണിത്. ബ്രിട്ടീഷ് പോലീസ് ഓഫീസർ ഹിച്ച് കോക്കിന്റെ മേൽനോട്ടത്തിൽ നൂറോളം തടവുകാരെ തിരൂരിൽ നിന്നും മലബാറിന് പുറത്തുള്ള ജയിലുകളിലേക്ക് കൊണ്ടുപോകാൻ കാറ്റും വെളിച്ചവും കടക്കാത്ത ചരക്ക് തീവണ്ടിയിൽ കയറ്റി. യാത്രാമധ്യേ ശ്വസിക്കാൻ വായുവോ കുടിക്കാൻ ഒരിറ്റ് വെള്ളമോ കിട്ടാതെ ബോഗിയിൽ വച്ച് പകുതിയിലധികം പേരും മരണപ്പെട്ടു.*




ചിത്രം 8.30 • പൂക്കോട്ടൂർ യുദ്ധ സ്മാരകം

### *തിരൂരങ്ങാടി, പൂക്കോട്ടൂർ, പാണ്ടിക്കാട് സംഘർഷങ്ങൾ*

*പൂക്കോട്ടൂരിലെ ഖിലാഫത്ത് കമ്മിറ്റി സെക്രട്ടറിയായിരുന്ന വടക്കേ വീട്ടിൽ മുഹമ്മദിനെ മോഷണക്കുറ്റം ചുമത്തി അറസ്റ്റ് ചെയ്യാൻ ബ്രിട്ടീഷ് പോലീസ് ശ്രമിച്ചു. ഇതിനെത്തുടർന്ന് ആദ്യം തിരൂരങ്ങാടിയിലും പിന്നീട് പൂക്കോട്ടൂരിലും പാണ്ടിക്കാടിലും ബ്രിട്ടീഷ് പോലീസും ജനങ്ങളും തമ്മിൽ ഏറ്റുമുട്ടലുണ്ടായി. മലബാർ കലാപ കാലത്ത് നടന്ന പ്രധാന സംഭവങ്ങളായിരുന്നു ഇവ.*

*മലബാർ കലാപം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ സുപ്രധാന സംഭവമായി മാറിയതെങ്ങനെ എന്ന് ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.*

## ക്വിറ്റ് ഇന്ത്യാ സമരം

1942 ആഗസ്റ്റ് 9ന് അഖിലേന്ത്യാവ്യാപകമായി ആരംഭിച്ച ക്വിറ്റ് ഇന്ത്യാ സമരത്തെത്തുടർന്ന് ഗാന്ധിജി അടക്കമുള്ള പ്രമുഖ നേതാക്കൾ അറസ്റ്റ് ചെയ്യപ്പെട്ടു. അതുകൊണ്ടുതന്നെ മറ്റ് ഗാന്ധിയൻ സമരങ്ങളിൽ നിന്ന് വിഭിന്നമായി അക്രമസ്വഭാവത്തോടെയുള്ള സമരമായി ഇതുമാറി. കേരളത്തിൽ മലബാർ, കൊച്ചി, തിരുവിതാംകൂർ മേഖലകളിൽ സ്ത്രീകളും വിദ്യാർഥികളുമടക്കമുള്ള ജനവിഭാഗങ്ങൾ സമരത്തിൽ സജീവമായി പങ്കെടുത്തു. ഇതിന്റെ ഭാഗമായി നടന്ന പ്രധാനസംഭവമാണ് കീഴരിയൂർ ബോംബ് കേസ്.

### *കീഴരിയൂർ ബോംബ് കേസ്*

*ക്വിറ്റ് ഇന്ത്യാ സമരകാലത്ത് കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിക്കടുത്തുള്ള കീഴരിയൂരിൽ വച്ച് ഒരുവിഭാഗം സമരക്കാർ ബോംബ് നിർമ്മിച്ചു. വിവിധയിടങ്ങളിൽ ആളപായമില്ലാതെ ബോംബ് പൊട്ടിച്ച് ബ്രിട്ടീഷുകാരെ ഭയപ്പെടുത്തുകയായിരുന്നു ലക്ഷ്യം. 1942 നവംബർ 17ന് ആയിരുന്നു ബ്രിട്ടീഷുകാരെ വിറപ്പിച്ച സ്ഫോടനങ്ങൾ നടന്നത്. ഇതിനുപിന്നിൽ പ്രവർത്തിച്ച ഡോ. കെ.ബി. മേനോൻ ഉൾപ്പെടെയുള്ളവരെ ബ്രിട്ടീഷ് പോലീസ് പിടികൂടുകയും കഠിന തടവിന് ശിക്ഷിക്കുകയും ചെയ്തു.*

## കൊച്ചി

രാജവാഴ്ച നിലനിന്നിരുന്ന കൊച്ചിയിൽ ബ്രിട്ടീഷ് പരമാധികാരം സ്ഥാപിക്കപ്പെട്ടതുമുതൽ അതിനെതിരെ ജനകീയ പ്രക്ഷോഭങ്ങളുണ്ടായിട്ടുണ്ട്. സദ്ഭരണം സ്ഥാപിക്കുക എന്നതായിരുന്നു ആദ്യകാല പ്രക്ഷോഭങ്ങളുടെ ലക്ഷ്യം. പിന്നീട് രാഷ്ട്രീയ അവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടിയുള്ള സമരങ്ങൾ ആരംഭിച്ചു.

## ഇലക്ട്രിസിറ്റി സമരം

തൃശ്ശൂരിലെ വൈദ്യുതി വിതരണച്ചുമതല ഒരു സ്വകാര്യ കമ്പനിയെ ഏല്പിക്കാൻ കൊച്ചിയിലെ ദിവാനായ ആർ.കെ. ഷണ്മുഖം ചെട്ടി

തീരുമാനിച്ചു. ഇതിനെതിരെ 1936ൽ ജനകീയ പ്രക്ഷോഭമുണ്ടായി. സമരത്തെ ഗവൺമെന്റ് അടിച്ചമർത്തിയെങ്കിലും ജനങ്ങളെ പ്രക്ഷോഭ രംഗത്തിറക്കാൻ ഈ സമരം സഹായകമായി.

## കൊച്ചിരാജ്യ പ്രജാമണ്ഡലം

ഉത്തരവാദഭരണം നേടുക എന്ന ലക്ഷ്യത്തോടെ 1941ൽ കൊച്ചിരാജ്യ പ്രജാമണ്ഡലം എന്ന പേരിൽ ഒരു സംഘടന രൂപീകൃതമായി. ഇക്കണ്ട വാരിയർ, പനമ്പിള്ളി ഗോവിന്ദമേനോൻ, വി.ആർ. കൃഷ്ണൻ എഴുത്തച്ഛൻ എന്നിവർ പ്രജാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഉത്തരവാദഭരണം ലഭിക്കുന്നതിനുവേണ്ടി ദേശവ്യാപകമായി സമരം നടത്താൻ തീരുമാനിക്കുകയും 1946 ജൂലൈ 29 'ഉത്തരവാദ ഭരണദിന'മായി ആചരിക്കുകയുമുണ്ടായി. പിൽക്കാലത്ത് പ്രജാമണ്ഡലം ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ലയിച്ചു. ഇക്കണ്ടവാരിയർ പ്രധാനമന്ത്രിയായി കൊച്ചിയിൽ ആദ്യത്തെ കോൺഗ്രസ് മന്ത്രിസഭ അധികാരമേറ്റു.



ചിത്രം 8.31 • ഇക്കണ്ട വാരിയർ



ചിത്രം 8.32 • പനമ്പിള്ളി ഗോവിന്ദമേനോൻ

## തിരുവിതാംകൂർ

തിരുവിതാംകൂറിൽ ജനങ്ങളുടെ രാഷ്ട്രീയ ബോധത്തെ തട്ടിയുണർത്തിയ ആദ്യകാല പ്രക്ഷോഭങ്ങൾ ആയിരുന്നു മലയാളി മെമ്മോറിയലും ഈഴവ മെമ്മോറിയലും.

| മലയാളി മെമ്മോറിയൽ | ഈഴവ മെമ്മോറിയൽ |
|---|---|
| • തിരുവിതാംകൂറിലെ സർക്കാർ ജോലികളിൽ തിരുവിതാംകൂറുകാർക്ക് മതിയായ പ്രാതിനിധ്യം വേണമെന്ന ആവശ്യം<br>• 1891 ജനുവരി 1ന് ഈ ആവശ്യം ഉന്നയിച്ച് ജനങ്ങൾ ഒപ്പിട്ട നിവേദനം മഹാരാജാവിന് സമർപ്പിച്ചു<br>• നേതൃത്വം - ജി.പി. പിള്ള | • സർക്കാർ സർവീസിൽ ഈഴവ സമുദായത്തിന് മതിയായ പ്രാതിനിധ്യം നൽകണമെന്ന ആവശ്യം<br>• 1896 സെപ്റ്റംബർ 3ന് ഈഴവ സമുദായ അംഗങ്ങൾ ഒപ്പിട്ട നിവേദനം മഹാരാജാവിന് സമർപ്പിച്ചു<br>• നേതൃത്വം - ഡോ. പി. പൽപ്പു |

**'നിവർത്തനം'**

*സിവിൽ നിയമലംഘനത്തിൽ നിന്നും നിസ്സഹകരണത്തിൽ നിന്നും വേർതിരിച്ചു കാണിക്കാനാണ് പ്രക്ഷോഭത്തെ 'നിവർത്തനം' എന്ന് വിശേഷിപ്പിച്ചത്. ഈ പേര് നൽകിയത് ഐ.സി. ചാക്കോ എന്ന ഭാഷാ പണ്ഡിതനാണ്.*

## നിവർത്തന പ്രക്ഷോഭം (Abstention Movement)

തിരുവിതാംകൂറിൽ നടന്ന ശക്തമായ ഒരു രാഷ്ട്രീയ പ്രക്ഷോഭമായിരുന്നു 1932ലെ നിവർത്തന പ്രക്ഷോഭം. ക്രിസ്ത്യൻ, മുസ്ലിം, ഈഴവ വിഭാഗക്കാർ രാഷ്ട്രീയസമിതി രൂപീകരിച്ച് സംയുക്തമായാണ് പ്രക്ഷോഭം നയിച്ചത്. സർക്കാർ ഉദ്യോഗങ്ങളിലും നിയമസഭയിലും ജനസംഖ്യാനുപാതികമായി സംവരണം വേണമെന്നതായിരുന്നു ആവശ്യം. സി. കേശവൻ, എൻ.വി. ജോസഫ്, പി.കെ. കുഞ്ഞ് എന്നിവർ പ്രക്ഷോഭത്തിന് നേതൃത്വം നൽകി.



ചിത്രം 8.33 • പട്ടം താണുപിള്ള

തിരുവിതാംകൂറിൽ ഉത്തരവാദഭരണത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നത് തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ ആഭിമുഖ്യത്തിലായിരുന്നു. പട്ടം താണുപിള്ളയായിരുന്നു തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ ആദ്യ പ്രസിഡന്റ്. നിവേദനങ്ങളിലൂടെയും പ്രത്യക്ഷ സമരപരിപാടികളിലൂടെയും ഇവർ പ്രക്ഷോഭപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.



*ചിത്രം 8.34 ● കെ. രാമകൃഷ്ണപിള്ള*

### *സ്വദേശാഭിമാനി പത്രം*

*വക്കം അബ്ദുൾ ഖാദർ മൗലവിയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്വദേശാഭിമാനി പത്രത്തിന്റെ പത്രാധിപരായിരുന്നു കെ. രാമകൃഷ്ണപിള്ള. സർക്കാരിന്റെ തെറ്റായ നയങ്ങളെയും അഴിമതികളെയും പത്രത്തിലൂടെ അദ്ദേഹം തുറന്നെതിർത്തിരുന്നു. തിരുവിതാംകൂർ ദിവാനായിരുന്ന പി. രാജഗോപാലാചാരിയെ നിശിതമായി വിമർശിച്ചുകൊണ്ട് ഒരു ലേഖന പരമ്പര അദ്ദേഹം പ്രസിദ്ധപ്പെടുത്തി. ഇതിനെത്തുടർന്ന് രാമകൃഷ്ണപിള്ളയെ തിരുവിതാംകൂറിൽ നിന്നും നാടുകടത്തുകയും സ്വദേശാഭിമാനി പത്രം നിരോധിക്കുകയും ചെയ്തു.*

## കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി

സോഷ്യലിസ്റ്റ് ആശയങ്ങളിൽ തല്പരരായ കോൺഗ്രസ് പ്രവർത്തകർ 1934ൽ കെ. കേളപ്പന്റെ അധ്യക്ഷതയിൽ കോഴിക്കോട് വച്ച് യോഗം ചേർന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസിനുള്ളിൽ ഒരു 'കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി' രൂപീകരിക്കാൻ അവർ തീരുമാനിച്ചു. പി. കൃഷ്ണപിള്ള, ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്, എ. കെ. ഗോപാലൻ എന്നിവരാണ് ഈ വിഭാഗത്തെ നയിച്ചത്. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ നിരവധി കർഷകസമരങ്ങൾ കേരളത്തിലുണ്ടായിട്ടുണ്ട്.

### *പുന്നപ്ര-വയലാർ സമരം*

*തിരുവിതാംകൂർ ദിവാൻ ആയിരുന്ന സി.പി. രാമസ്വാമി അയ്യരുടെ സ്വേച്ഛാധിപത്യത്തിനെതിരെയും ഉത്തരവാദഭരണം സ്ഥാപിക്കുന്നതിന് വേണ്ടിയുമായിരുന്നു ഈ സമരം. ആലപ്പുഴയിലെ പുന്നപ്രയിലും വയലാറിലും നടന്ന സമരമായതിനാൽ ഇത് പുന്നപ്ര - വയലാർ സമരം എന്നറിയപ്പെടുന്നു. 1946ൽ കർഷകരും തൊഴിലാളികളും ചേർന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലാണ് ഈ സമരം നടത്തിയത്.*

*ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിവിടങ്ങളിൽ നടന്ന ജനകീയ പ്രക്ഷോഭങ്ങളും പ്രധാനസംഭവങ്ങളും ഉൾപ്പെടുത്തി ഫ്ലിപ്പ് ആൽബം നിർമ്മിക്കുക.*

| മലബാർ | കൊച്ചി | തിരുവിതാംകൂർ |
|---|---|---|
| | | |

## സ്വാതന്ത്ര്യത്തിലേക്കുള്ള സ്ത്രീ മുന്നേറ്റം



ചിത്രം 8.35 • ഗാന്ധിജി

*"ലോകത്തിലെ ഏറ്റവും ദരിദ്ര രാഷ്ട്രങ്ങളിൽ ഒന്നാണ് നമ്മുടെ മാതൃഭൂമി. ഇവിടെ നൂറ് പേരിൽ മൂന്നോ നാലോ പേർക്ക് മാത്രമാണ് വയറു നിറയെ ഭക്ഷണം കഴിക്കാനുള്ളത്, വസ്ത്രം ധരിക്കാനുള്ളത്. സൂക്ഷ്മമായി പരിശോധിച്ചാൽ അതിനുപോലും നമുക്ക് വകയില്ല. ഇത് മനസ്സിലാക്കുന്നവരാണ് നിങ്ങളെങ്കിൽ പട്ടിണിക്കാരെയും മുഴു പട്ടിണിക്കാരെയും സഹായിക്കാൻ അധികമെന്ന് തോന്നുന്നതിൽ ഒരു പങ്ക് എന്നെ ഏല്പിക്കുക. അത് ഞാൻ വസ്ത്രമായും ഭക്ഷണമായും മാറ്റി എത്തേണ്ട കൈകളിലേക്കും വായിലേക്കും എത്തിക്കും. നിങ്ങളുടെ കാരുണ്യം കൊണ്ട് ഒരു വയറെങ്കിലും നിറയുമെങ്കിൽ ഒരു മേനിയെങ്കിലും നഗ്നത മറയ്ക്കുമെങ്കിൽ ഈ സന്ദർഭത്തിൽ ചെയ്യാവുന്നതായി മറ്റൊരു സത്കർമ്മമില്ല" സ്ത്രീകൾ തിങ്ങിനിറഞ്ഞ വടകരയിലെ പൊതുയോഗത്തിൽ മഹാത്മാഗാന്ധി ഇങ്ങനെ പറഞ്ഞുകഴിഞ്ഞപ്പോൾ പലരും അപരാധബോധത്തോടെ തലതാഴ്ത്തി. ഒരു പെൺകുട്ടി ഗാന്ധിജിയുടെ അരികിലേക്ക് ഓടിയെത്തുന്നു... സ്വർണ്ണവളകളും കമ്മലും ഊരി നീട്ടിപ്പിടിച്ചു. പെട്ടെന്ന് സ്തബ്ധനായിപ്പോയ ഗാന്ധിജി ചോദിച്ചു; സ്വമനസ്സാലെയാണോ ഈ തീരുമാനം?.." അതെ" അവൾ തലയാട്ടി... നിന്റെ പേരെന്താ കുട്ടീ? അവൾ ഉത്തരം പറഞ്ഞു: കൗമുദി.. അച്ഛനമ്മമാരോട് എന്തുപറയും?.... ആഭരണമില്ലാത്ത പെൺകുട്ടിയെ വേണ്ടെന്ന് ഭർത്താവായി വരാനിരിക്കുന്നയാൾ ശാഠ്യം പിടിച്ചാൽ നീ എന്ത് ചെയ്യും? "അങ്ങനെ ശാഠ്യം പിടിക്കുന്ന ഒരു ഭർത്താവിനെ എനിക്കും വേണ്ടെന്ന് ഞാനും ശാഠ്യം പിടിക്കും".*



ചിത്രം 8.36 • കൗമുദി ടീച്ചർ

മേൽപ്പറഞ്ഞ ചരിത്ര സംഭവം വായിച്ചല്ലോ? ജീവിതത്തിൽ പിന്നീടൊരിക്കലും ആഭരണം ധരിക്കാതെ ഖാദി മാത്രം ധരിച്ച് ലളിത ജീവിതം നയിച്ച വ്യക്തിയായിരുന്നു കൗമുദി ടീച്ചർ. ഇങ്ങനെ നിരവധി മലയാളി സ്ത്രീകൾ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി ത്യാഗനിർഭരമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.



ചിത്രം 8.37 • എ.വി. കുട്ടിമാളു അമ്മ



ചിത്രം 8.38 • അമ്മു സ്വാമിനാഥൻ



ചിത്രം 8.39 • അക്കമ്മ ചെറിയാൻ



ചിത്രം 8.40 • ആനിമസ്ക്രീൻ

നിസ്സഹകരണം, നിയമലംഘനം തുടങ്ങിയ സമരങ്ങളിലൂടെ ഇന്ത്യയിൽ ദേശീയ പ്രസ്ഥാനം കരുത്താർജ്ജിച്ച കാലത്ത് കേരളത്തിലും സ്ത്രീകളുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. ഗാന്ധിജിയുടെ സന്ദേശം ഉൾക്കൊണ്ട് ഉപ്പുനിർമ്മാണം, വിദേശവസ്ത്ര ബഹിഷ്കരണം, ഖാദി വസ്ത്രങ്ങൾ നെയ്തെടുത്ത് ഉപയോഗിക്കുന്ന പ്രവർത്തനങ്ങൾ എന്നിവയിൽ സ്ത്രീകൾ സജീവമായി. സമരകാലഘട്ടത്തിൽ അയിത്തോച്ചാടന-ഹരിജനോദ്ധാരണ പ്രവർത്തനങ്ങളിലും ശ്രദ്ധേയമായ സ്ത്രീ പങ്കാളിത്തമുണ്ടായിരുന്നു. സമരങ്ങളുടെ ഭാഗമായി ഒട്ടേറെ സ്ത്രീകൾ ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. മലബാറിൽ എ.വി. കുട്ടിമാളു അമ്മയും അമ്മു സ്വാമിനാഥനും, തിരുവിതാംകൂറിൽ അക്കമ്മ ചെറിയാൻ, ആനിമസ്ക്രീൻ തുടങ്ങിയവരും ഇക്കാലയളവിൽ ദേശീയപ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകി.



ചിത്രം 8.41 • സി. കുഞ്ഞിക്കാവമ്മ

### സി. കുഞ്ഞിക്കാവമ്മ

*ഗാന്ധിജി ആദ്യമായി കേരളം സന്ദർശിച്ചപ്പോൾ സ്വർണ്ണ നൂലിൽ കോർത്ത ഒരു തുളസിമാല മകനെക്കൊണ്ട് ഗാന്ധിജിയുടെ കഴുത്തിൽ അണിയിച്ചു. "ഉപഹാരം സ്വീകരിക്കണമെങ്കിൽ ആയുഷ്ക്കാലം മുഴുവൻ ഖാദി വസ്ത്രങ്ങൾ മാത്രമേ ധരിക്കുകയുള്ളൂ എന്ന് പ്രതിജ്ഞ ചെയ്യണം"- ഗാന്ധിജി നിർദേശിച്ചു. ആ പ്രതിജ്ഞ ജീവിതാവസാനം വരെ പാലിക്കുകയും സമരങ്ങളുടെ ഭാഗമായി നിരവധി തവണ ജയിൽവാസം അനുഭവിക്കുകയും ചെയ്തു. 1938ൽ കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. ഹരിജനോദ്ധാരണം, ഖാദി പ്രചാരണം എന്നിവയിലും സജീവമായിരുന്നു.*

'ദേശീയ പ്രസ്ഥാനവും കേരളത്തിലെ സ്ത്രീകളുടെ പങ്കാളിത്തവും' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ സംഘടിപ്പിക്കുക.

## സംസ്ഥാന രൂപീകരണം

*"ഭൂമിശാസ്ത്രപരവും ഭാഷാപരവും സാംസ്കാരികവും സാമ്പത്തികവും ഭരണപരവുമായ പരിഗണനകൾ അടിസ്ഥാനമാക്കി കേരളത്തിന്റെ ഭാഗങ്ങളായി ഗണിക്കാവുന്ന തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങളും ബ്രിട്ടീഷിന്ത്യൻ വിഭാഗങ്ങളും മയ്യഴിയും ഒരുമിച്ച് ചേർത്ത് ഇന്ത്യൻ യൂണിയനിൽ ഉൾപ്പെടുന്ന സ്വയംഭരണാധികാരമുള്ള ഒരു ഘടകമായി സംഘടിപ്പിക്കണം... ഈ ഘടകത്തിലെ ഭരണകൂടത്തിന്റെ എല്ലാ അധികാരശക്തിയും ജനങ്ങളിൽ നിക്ഷിപ്തമായിരിക്കണം."*

[1947ൽ തൃശ്ശൂരിൽ വച്ച് നടന്ന ഐക്യകേരള കൺവെൻഷൻ പ്രമേയത്തിൽ നിന്ന്]

മുകളിൽ കൊടുത്ത പ്രമേയത്തിലെ ആവശ്യങ്ങൾ വായിച്ചല്ലോ? വ്യത്യസ്ത ഭരണമേഖലകളായിരുന്ന കേരളത്തെ ഒന്നിപ്പിച്ച് കേരള സംസ്ഥാനം സൃഷ്ടിക്കാനുള്ള പ്രമേയമാണിത്. ഐക്യകേരളത്തിനായി നടന്ന പ്രധാന സംഭവങ്ങൾ പരിശോധിക്കാം.

1921ൽ ഒറ്റപ്പാലത്ത് നടന്ന അഖിലകേരള പ്രവിശ്യാസമ്മേളനത്തിൽ മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. 1928ൽ ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ ചേർന്ന പയ്യന്നൂർ കോൺഗ്രസ് സമ്മേളനം, ഭാവിയിൽ സ്വതന്ത്ര ഭാരതത്തിന്റെ ഭരണഘടനയ്ക്ക് രൂപം കൊടുക്കുമ്പോൾ കേരളത്തെ ഒരു പ്രത്യേക സംസ്ഥാനമായി പുനഃസംഘടിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. ഇതിനെത്തുടർന്ന് ഐക്യകേരളമെന്ന ലക്ഷ്യം നേടിയെടുക്കുന്നതിനു വേണ്ടി പ്രവർത്തിക്കുന്ന കമ്മിറ്റി രൂപീകരിക്കപ്പെടുകയും വിവിധ സ്ഥലങ്ങളിൽ വച്ച് അതിന്റെ കൺവെൻഷനുകൾ നടക്കുകയുമുണ്ടായി. 1949 ജൂലൈ 1ന് തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിച്ച് തിരു-കൊച്ചി രൂപീകരിച്ചത് കേരള സംസ്ഥാനമെന്ന ലക്ഷ്യത്തിലേക്കുള്ള പ്രധാന ചുവടുവയ്പായിരുന്നു.



മലയാളിക്ലബ്ബ് ഭാരവാഹികളുടെ
ഒരു അപേക്ഷ.

അല്ലയോ കേരളീയ മഹാജനങ്ങളേ,

ഇവിടെയുള്ള മലയാളികളായ ചില പൌരപ്രമാണികളുടെയും വിദ്യാർത്ഥികളുടെയും ഉത്സാഹഫലമായ പ്രസ്തുത സ്ഥാപനം ഉണ്ടായിട്ട് ഇപ്പോൾ ഏകദേശം 20 വർഷമായി. ഈ പട്ടണത്തിൽ പലെ ആവശ്യാർത്ഥം വന്നുചേരുന്ന കേരളീയരുടെ സംഖ്യ വർദ്ധിച്ചുവന്നതോടുകൂടി, അവർക്ക് പരസ്പര സമ്മേളനത്തിനുള്ള സൌകര്യവും സ്വജന്മഭൂമിയേയും സമുദായത്തെയും സംബന്ധിച്ച കാര്യങ്ങളിൽ ഏകോപിച്ച വിചാരണയും പ്രവൃത്തിയും അത്യന്താപേക്ഷിതമായിത്തീരുന്നു. വിദ്യാർത്ഥികളുടെ സംഗതിയിൽ ഇവ ഒഴിച്ചുകൂടാത്തവതന്നെയാണെന്ന് ഏതൊരു നാഗരികനും സമ്മതിക്കുന്നതുമാണ്. ഉയർന്നതരം വിദ്യാഭ്യാസത്തിന്നുവേണ്ടി ഇവിടെ വരുന്ന മലയാളികളുടെ എണ്ണം കൊല്ലംതോറും പതിന്മടങ്ങു വർദ്ധിക്കുന്നതുമുണ്ട്. അവർ അവിടവിടെ ഓരോ വിദ്യാമന്ദിരങ്ങളിൽ ചിന്നിച്ചിതറിക്കിടക്കുന്നതുകൊണ്ട്, ഇവിടെയുള്ള കാലത്തോളം അന്യോന്യം കണ്ടു പരിചയപ്പെടുവാനൊ, ഉൽകൃഷ്ടവിദ്യാഭ്യാസത്തിൻെറ പ്രത്യക്ഷചിഹ്നമായ നിത്യസൌഹൃദത്തെ സമ്പാദിപ്പാനൊ ഇടയാകുന്നില്ല. വിദ്യാഭ്യാസശേഷമാകട്ടെ, ഈ ദേശം വിട്ടുപോകുന്നതുകൊണ്ട് അവരുടെ അനന്തരഗാമികളെക്കുറിച്ച് അറിയുവാൻ മാർഗ്ഗവുമില്ല. ഈ വക ന്യൂനതകൾ എന്നന്നേയ്ക്കും പരിഹരിക്കേണമെന്നായിരുന്നു ക്ലബ്ബിൻെറ കാരണഭൂതന്മാരുടെ ഉദ്ദേശമെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. ജാതിമതവ്യത്യാസം കൂടാതെ മലയാളികളായ എല്ലാവർക്കും ഇതിലെ അംഗമാവാ

ഐക്യകേരള പ്രസ്ഥാനവുമായി ബന്ധപ്പെട്ട് മദിരാശിയിലെ മലയാളി ക്ലബ്ബ് പുറത്തിറക്കിയ ഒരു നോട്ടീസ്.



ചിത്രം 8.42 • കൊതിക്കല്ല്

*കൊച്ചി-തിരുവിതാംകൂർ നാട്ടുരാജ്യങ്ങളുടെ അതിർത്തിയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കല്ലുകളാണ് കൊതിക്കല്ല് എന്നറിയപ്പെടുന്നത്. 'കൊ' എന്നത് കൊച്ചിയെയും 'തി' എന്നത് തിരുവിതാംകൂറിനെയും സൂചിപ്പിക്കുന്നു.*




ചിത്രം 8.43 • കേരളം

സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിക്കുന്നതിനായുള്ള ഫസൽ അലി കമ്മീഷൻ രൂപീകൃതമായി. കമ്മീഷന്റെ ശിപാർശ പ്രകാരം മലബാറിനെയും തിരുകൊച്ചിയെയും സംയോജിപ്പിച്ചുകൊണ്ട് 1956 നവംബർ 1ന് കേരള സംസ്ഥാനം നിലവിൽ വന്നു. തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവൻകോട് എന്നീ താലൂക്കുകൾ മദിരാശി സംസ്ഥാനത്തോട് (ഇന്നത്തെ തമിഴ്നാട്) ചേർത്തു. തെക്കൻ കർണ്ണാടകത്തിന്റെ ഭാഗമായിരുന്ന കാസർഗോഡ് താലൂക്ക് കേരളത്തോട് കൂട്ടിച്ചേർക്കപ്പെട്ടു.



ചിത്രം 8.44 • ഇ.എം.എസ്. നമ്പൂതിരിപ്പാട്

*മലയാള ഭാഷ സംസാരിക്കുന്നവർക്കായി ഒരു സംസ്ഥാനമെന്ന ലക്ഷ്യത്തോടെയുള്ള ഐക്യകേരള പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളും, കേരള സംസ്ഥാന രൂപീകരണവും ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ പതിപ്പിനാവശ്യമായ സ്ക്രിപ്റ്റ് തയ്യാറാക്കുക.*

1957 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പൊതുതിരഞ്ഞെടുപ്പ് നടക്കുകയും ഏപ്രിൽ 5ന് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള ആദ്യ മന്ത്രിസഭ കേരളത്തിൽ അധികാരമേൽക്കുകയും ചെയ്തു.

## തുടർപ്രവർത്തനങ്ങൾ

- 'ദേശീയബോധം വളർത്തുന്നതിൽ പ്രാദേശിക ചെറുത്തുനിൽപ്പുകളുടെ പങ്ക്' എന്ന വിഷയത്തിൽ ഒരു പ്രോജക്ട് തയ്യാറാക്കുക.
- പത്തൊമ്പത്, ഇരുപത് നൂറ്റാണ്ടുകളിൽ കേരളത്തിലെ സാമൂഹിക നവോത്ഥാനത്തിനുവേണ്ടി പ്രവർത്തിച്ച പരിഷ്കർത്താക്കളുടെ ജീവിതത്തെ ആസ്പദമാക്കി ഒരു ലഘു ജീവചരിത്ര പുസ്തകം തയ്യാറാക്കുക. ചിത്രങ്ങളും സന്ദേശങ്ങളും ഉൾപ്പെടുത്തി അവ ആകർഷകമാക്കുക.
- കേരളത്തിൽ പൗരാവകാശങ്ങൾക്കുവേണ്ടി നടന്നിട്ടുള്ള കൂടുതൽ സമരങ്ങൾ കണ്ടെത്തി അന്വേഷണക്കുറിപ്പ് തയ്യാറാക്കുക.
- ഐക്യകേരള പ്രസ്ഥാനം, കേരള സംസ്ഥാന രൂപീകരണം എന്നിവ ഉൾപ്പെടുത്തി ഡിജിറ്റൽ പതിപ്പ് തയ്യാറാക്കുക.

യൂണിറ്റ് 9

# ജനാധിപത്യം : അർഥവും വ്യാപ്തിയും






*ചിത്രം 9.1*

ജനാധിപത്യ വ്യവസ്ഥയിൽ തിരഞ്ഞെടുപ്പിനുള്ള പ്രാധാന്യത്തെ സൂചിപ്പിക്കുന്ന സംഭാഷണമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. എന്തൊക്കെ കാര്യങ്ങളാണ് സംഭാഷണത്തിൽ നിന്നും വ്യക്തമാകുന്നത്?

- 
- 
- 

തിരഞ്ഞെടുപ്പും തിരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റുമെന്നാണ് ജനാധിപത്യത്തെക്കുറിച്ചുള്ള സാധാരണ സങ്കല്പം.

എന്നാൽ ഇത് മാത്രമുണ്ടെങ്കിൽ ആ വ്യവസ്ഥയെ നമുക്ക് ജനാധിപത്യം എന്നുവിളിക്കാൻ കഴിയുമോ? ഇല്ല എന്നുപറയാം. കാരണം തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന സ്വേച്ഛാധിപതികളും ചരിത്രത്തിലുണ്ട്.

**എന്താണ് ജനാധിപത്യം?**

ജനാധിപത്യം ഒരു ഭരണസംവിധാനം എന്നതിനോടൊപ്പം ഒരു മൂല്യം കൂടിയാണ്. സ്വാതന്ത്ര്യം, സമത്വം, നീതി, അവകാശങ്ങൾ തുടങ്ങിയ ആശയങ്ങളുടെ അടിത്തറയിൽ പണിതുയർത്തിയിട്ടുള്ളതാണ് ജനാധിപത്യം. ഈ മൂല്യങ്ങളെ മാനിക്കുകയും അവയുടെമേൽ കടന്നുകയറ്റം നടത്താതിരിക്കുകയും ചെയ്യുന്ന ഗവൺമെന്റുകളാണ് ജനാധിപത്യത്തിലുള്ളത്. അതായത് ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്ക് പരിധിയുണ്ടെന്നർഥം. ഭരണഘടനയാണ് ഈ പരിധികൾ കല്പിച്ചിരിക്കുന്നത്. അതുകൊണ്ട് ആധുനിക ജനാധിപത്യത്തെ നമുക്ക് ഭരണഘടനാവ്യവസ്ഥ എന്നും വിളിക്കാം.

സുദീർഘമായ പ്രക്രിയയിലൂടെയാണ് നാം ഇന്നുകാണുന്ന ജനാധിപത്യം രൂപപ്പെട്ടിട്ടുള്ളത്. ജനാധിപത്യത്തിന്റെ വികാസ പരിണാമങ്ങൾ നമുക്ക് പരിശോധിക്കാം.

## ഗ്രീസ് : ജനാധിപത്യത്തിന്റെ ജന്മദേശം

ജനാധിപത്യ സംവിധാനത്തിന്റെ ഉദ്ഭവം പുരാതന ഗ്രീസിലെ നഗര രാഷ്ട്രങ്ങളിലായിരുന്നു. ഏഥൻസാണ് ഈ നഗര രാഷ്ട്രങ്ങളിൽ ഏറ്റവും പ്രമുഖമായത്. ജനങ്ങൾ എന്നർഥം വരുന്ന 'ഡെമോസ്' (Demos), അധികാരം എന്നർഥം വരുന്ന 'ക്രാറ്റോസ്'(Kratos) എന്നീ ഗ്രീക്ക് പദങ്ങളിൽ നിന്നാണ് ജനങ്ങളുടെ അധികാരം എന്നർഥം വരുന്ന 'ഡെമോക്രസി' എന്ന വാക്ക് രൂപം കൊണ്ടിട്ടുള്ളത്. വ്യക്തിസ്വാതന്ത്ര്യത്തെയും വ്യക്തിയുടെ കഴിവിനെയും വിലമതിച്ചിരുന്ന സംസ്കാരമായിരുന്നു ഏഥൻസിലുണ്ടായിരുന്നത്. രാഷ്ട്രത്തെ സംബന്ധിക്കുന്ന എല്ലാതീരുമാനവും എടുത്തിരുന്നത് പൗരർ നേരിട്ടാണ്. അതുപോലെ സൈനികമേധാവികളെയും ന്യായാധിപരെയും ജനങ്ങൾ നേരിട്ട് തിരഞ്ഞെടുത്തിരുന്നു. ഇങ്ങനെ ഭരണത്തിലും നിയമനിർമ്മാണത്തിലും ജനങ്ങൾ നേരിട്ട് പങ്കെടുക്കുന്ന ജനാധിപത്യ വ്യവസ്ഥയെ പ്രത്യക്ഷ ജനാധിപത്യം (Direct Democracy) എന്നുവിളിക്കുന്നു. എന്നാൽ ഏഥൻസിൽ നിലനിന്നിരുന്ന ജനാധിപത്യ സംവിധാനത്തിൽ അടിമകൾക്കും സ്ത്രീകൾക്കും പങ്കാളിത്തമുണ്ടായിരുന്നില്ല എന്നതാണ് അതിന്റെ ഏറ്റവും വലിയ പരിമിതി.


*ചിത്രം 9.2 • പുരാതന ഏഥൻസ്*

## പ്രത്യക്ഷ ജനാധിപത്യം: സമകാലിക ലോകത്ത്

പ്രത്യക്ഷ ജനാധിപത്യം അതിന്റെ പൂർണ്ണമായ അർഥത്തിൽ ലോകത്തൊരിടത്തും ഇപ്പോൾ കാണാൻ കഴിയില്ല. എങ്കിലും അതിന്റെ ചില ഉപാധികൾ പല ജനാധിപത്യ വ്യവസ്ഥകളിലും ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അവ ഏതൊക്കെയാണെന്ന് പരിശോധിക്കാം.

**പ്രത്യക്ഷ ജനാധിപത്യ മാർഗങ്ങൾ**

**ജനഹിത പരിശോധന (Referendum)**
നിയമനിർമ്മാണസഭ പാസ്സാക്കുന്ന നിയമങ്ങൾ ജനങ്ങളുടെ അംഗീകാരത്തിനായി സമർപ്പിച്ച് വോട്ടെടുപ്പ് നടത്തുന്ന പ്രക്രിയ

**തിരിച്ചു വിളിക്കൽ (Recall)**
ജനപ്രതിനിധികളെ അവരുടെ പ്രവർത്തനം മോശമാകുമ്പോൾ പദവിയിൽ നിന്നും നീക്കം ചെയ്യുന്ന പ്രക്രിയ. ഒരു നിശ്ചിത ശതമാനം വോട്ടർമാർ രേഖാമൂലം ആവശ്യപ്പെടുന്നതിലൂടെയാണ് ഇത് നടപ്പിലാക്കുന്നത്.

**അഭിക്രമം (Plebiscite)**
വളരെ ഗൗരവമേറിയ പൊതുപ്രശ്നങ്ങളിൽ ജനങ്ങളുടെ തീരുമാനമറിയുന്നതിനുള്ള മാർഗം.

**മുൻകൈയെടുക്കൽ (Initiative)**
നിയമനിർമ്മാണത്തിൽ ജനങ്ങൾ നേരിട്ട് ഇടപെടാനുള്ള മാർഗം. തങ്ങൾ ആഗ്രഹിക്കുന്ന നിയമത്തിന്റെ കരട് രൂപമോ പൂർണ്ണ രൂപമോ നിയമനിർമ്മാണ സഭയ്ക്ക് സമർപ്പിക്കുന്നു.

പ്രത്യക്ഷ ജനാധിപത്യ ഉപാധികൾ നിലവിലുള്ള രാഷ്ട്രമാണ് സ്വിറ്റ്സർലണ്ട്.

രാജ്യവിസ്തൃതിയും ജനസംഖ്യയും വർധിച്ചതോടെ ഗ്രീക്ക് മാതൃകയിലുള്ള പ്രത്യക്ഷ ജനാധിപത്യം പ്രായോഗികമല്ലാതായി. അങ്ങനെയാണ് ഭരണം നടത്തുന്നതിനുവേണ്ടി ജനങ്ങൾ അവരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്ന പരോക്ഷ ജനാധിപത്യം അഥവാ പ്രാതിനിധ്യ ജനാധിപത്യസമ്പ്രദായം സ്വീകരിച്ചത്. ഈ സമ്പ്രദായത്തിന്റെ പ്രത്യേകതകൾ പരിശോധിക്കാം.

*ആധുനിക ലോകത്ത് പ്രത്യക്ഷ ജനാധിപത്യവ്യവസ്ഥയ്ക്ക് തടസ്സമായ ഘടകങ്ങളെക്കുറിച്ച് പാനൽ ചർച്ച സംഘടിപ്പിക്കുക.*

## പരോക്ഷ ജനാധിപത്യം അഥവാ പ്രാതിനിധ്യ ജനാധിപത്യം
## (Indirect Democracy or Representative Democracy)

ഭരണം നടത്തുന്നതിന് ജനങ്ങൾ അവരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്ന സമ്പ്രദായമാണ് പ്രാതിനിധ്യ ജനാധിപത്യം അഥവാ പരോക്ഷ ജനാധിപത്യം. നമുക്ക് പരിചിതമായ പ്രാതിനിധ്യ ജനാധിപത്യത്തിന്റെ തുടക്കം പതിനെട്ട്, പത്തൊമ്പത് നൂറ്റാണ്ടുകളിലെ യൂറോപ്പിലാണ്. ബ്രിട്ടനിലെ പാർലമെന്റിന്റെ വളർച്ച പ്രാതിനിധ്യ ജനാധിപത്യ വ്യവസ്ഥയുടെ ഉദയത്തിന് കാരണമായി. രാജവാഴ്ചയുമായുള്ള നിരന്തര ഏറ്റുമുട്ടലിലൂടെയാണ് ബ്രിട്ടീഷ് പാർലമെന്ററി ജനാധിപത്യം ശക്തിപ്രാപിക്കുന്നത്. പാർലമെന്റിനോട് കൂട്ടുത്തരവാദിത്വമുള്ള മന്ത്രിസഭയാണ് പാർലമെന്ററി ജനാധിപത്യ വ്യവസ്ഥയിൽ ഭരണം നടത്തുന്നത്. പ്രായപൂർത്തിവോട്ടവകാശവും, പൗരാവകാശങ്ങളും ബ്രിട്ടീഷ് പാർലമെന്ററി ജനാധിപത്യ ചരിത്രത്തിലെ നാഴികക്കല്ലുകളാണ്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ഫ്രഞ്ച് വിപ്ലവാശയങ്ങളും പ്രാതിനിധ്യ ജനാധിപത്യ മൂല്യങ്ങൾക്ക് മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്.

*പ്രത്യക്ഷ - പരോക്ഷ ജനാധിപത്യം താരതമ്യം ചെയ്ത് പട്ടിക പൂർത്തിയാക്കുക.*

| പ്രത്യക്ഷ ജനാധിപത്യം | പരോക്ഷ ജനാധിപത്യം |
|---|---|
| • *ജനങ്ങൾ നേരിട്ട് ഭരണം നടത്തുന്നു* | • *ജനങ്ങൾ പ്രതിനിധികളിലൂടെ ഭരണം നടത്തുന്നു* |
| • | • |

## പാർലമെന്ററി വ്യവസ്ഥയും പ്രസിഡൻഷ്യൽ വ്യവസ്ഥയും

ജനാധിപത്യ ഭരണവ്യവസ്ഥയിൽ രണ്ട് മാതൃകകളാണ് പ്രചാരത്തിലുള്ളത്. പാർലമെന്ററി വ്യവസ്ഥയും പ്രസിഡൻഷ്യൽ വ്യവസ്ഥയും. കാര്യനിർവഹണ വിഭാഗത്തിന് നിയമനിർമ്മാണസഭയുമായുള്ള ബന്ധത്തെ അടിസ്ഥാനമാക്കിയാണ് ജനാധിപത്യ വ്യവസ്ഥയെ ഈ രീതിയിൽ തരംതിരിച്ചിരിക്കുന്നത്. അവയുടെ സവിശേഷതകൾ പരിശോധിക്കാം.

## പാർലമെന്ററി വ്യവസ്ഥയുടെ സവിശേഷതകൾ

- കാര്യനിർവഹണ വിഭാഗത്തെ നിയമനിർമ്മാണസഭ നിയന്ത്രിക്കുന്നു
- രാഷ്ട്രത്തലവന്റെ അധികാരങ്ങൾ നാമമാത്രമായിരിക്കും
- രാജാവോ/രാജ്ഞിയോ/പ്രസിഡന്റോ ആയിരിക്കും രാഷ്ട്രത്തലവൻ
- ഭരണത്തലവൻ പ്രധാനമന്ത്രിയായിരിക്കും
- നിയമനിർമ്മാണസഭയിലെ ഭൂരിപക്ഷം ലഭിക്കുന്ന കക്ഷിയുടെ നേതാവായിരിക്കും പ്രധാനമന്ത്രി
- പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയ്ക്ക് നിയമനിർമ്മാണസഭയോട് കൂട്ടുത്തരവാദിത്വം ഉണ്ടായിരിക്കും

### *മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വം*

*പാർലമെന്ററി സംവിധാനത്തിൽ പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയ്ക്ക് നിയമനിർമ്മാണസഭയോട് കൂട്ടുത്തരവാദിത്വമുണ്ടായിരിക്കും. ഓരോ മന്ത്രിയും അവരുടെ വകുപ്പിനെ സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങളിൽ മന്ത്രിസഭയ്ക്ക് കൂട്ടായ ഉത്തരവാദിത്വമാണുള്ളത്.*

## പ്രസിഡൻഷ്യൽ വ്യവസ്ഥയുടെ സവിശേഷതകൾ

- കാര്യനിർവഹണവിഭാഗവും നിയമനിർമ്മാണസഭയും വേർതിരിക്കപ്പെട്ടിരിക്കുന്നു
- രാഷ്ട്രത്തലവനും ഭരണത്തലവനും പ്രസിഡന്റായിരിക്കും
- എല്ലാ എക്സിക്യൂട്ടീവ് അധികാരങ്ങളും പ്രസിഡന്റിൽ നിക്ഷിപ്തമായിരിക്കും
- പ്രസിഡന്റിനെ ജനങ്ങൾ നേരിട്ട് തിരഞ്ഞെടുക്കുന്നു
- പ്രസിഡന്റിന് നിയമനിർമ്മാണസഭയോട് ഉത്തരവാദിത്തമുണ്ടായിരിക്കുകയില്ല

*പാർലമെന്ററി വ്യവസ്ഥയുടെയും പ്രസിഡൻഷ്യൽ വ്യവസ്ഥയുടെയും മേന്മകളും പരിമിതികളും ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക.*

ജനാധിപത്യവ്യവസ്ഥയുടെ നിലനിൽപ്പിന് നിരവധി ഘടകങ്ങൾ ഒത്തുചേർന്ന് വരേണ്ടതുണ്ട്. അവയിൽ ചിലത് പരിചയപ്പെടാം.

## ജനാധിപത്യ വ്യവസ്ഥയുടെ അടിസ്ഥാനഘടകങ്ങൾ

### സ്വാതന്ത്ര്യം (Liberty)

ജനാധിപത്യം ഒരു രാഷ്ട്രീയ സാമൂഹിക ക്രമമായി നിലനിൽക്കാൻ ആവശ്യമായ ഘടകങ്ങളിൽ ഒന്നാണ് സ്വാതന്ത്ര്യം. നിയന്ത്രണങ്ങളുടെ അഭാവം എന്നതാണ് സ്വാതന്ത്ര്യത്തിന്റെ നിർവചനം. അതായത് വ്യക്തികളുടെമേൽ ബാഹ്യനിയന്ത്രണങ്ങൾ ഇല്ലാത്ത അവസ്ഥ. സ്വാതന്ത്ര്യത്തിന് ക്രിയാത്മകമായ ഒരു തലം കൂടിയുണ്ട്. ഈ അർഥത്തിൽ വ്യക്തികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള അവസരം ലഭ്യമാകുന്ന അവസ്ഥയെയും സ്വാതന്ത്ര്യമായി നിർവചിക്കാം.

സഞ്ചാര സ്വാതന്ത്ര്യം, സംഘടനകൾ രൂപീകരിക്കാനുള്ള സ്വാതന്ത്ര്യം, സമ്മേളിക്കാനുള്ള സ്വാതന്ത്ര്യം, ആവിഷ്കാരസ്വാതന്ത്ര്യം തുടങ്ങിയവയാണ് പ്രധാനപ്പെട്ട സ്വാതന്ത്ര്യങ്ങൾ. ഇതിൽ ജനാധിപത്യത്തിന്റെ അടിത്തറയായി പ്രവർത്തിക്കുന്നത് ആവിഷ്കാരസ്വാതന്ത്ര്യമാണ്.

## ആവിഷ്കാരസ്വാതന്ത്ര്യം


ചിത്രം 9.3 ● വോൾട്ടയർ

*"നിങ്ങൾ പറഞ്ഞതിനോട് ഞാൻ വിയോജിക്കുന്നു. പക്ഷേ അത് പറയാനുള്ള നിങ്ങളുടെ അവകാശത്തിനായി മരണം വരെ ഞാൻ പോരാടും". -വോൾട്ടയർ*

*അഭിപ്രായസ്വാതന്ത്ര്യത്തിന്റെയും ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെയും പ്രാധാന്യത്തെ സൂചിപ്പിക്കുന്നതാണ് മുകളിൽ കൊടുത്തിരിക്കുന്ന വാക്കുകൾ. മനുഷ്യർ വിവിധ രീതികളിൽ അവരുടെ ആശയങ്ങൾ ആവിഷ്കരിക്കാറുണ്ട്. ആശയപ്രകടനത്തിന് വ്യക്തികൾ ഉപയോഗിക്കുന്ന പ്രാഥമികമായ മാർഗം സംഭാഷണമാണല്ലോ. ഒരു സംവിധായകനെ സംബന്ധിച്ച് സിനിമയാണ് ആശയങ്ങൾ പ്രകടിപ്പിക്കാനുള്ള മാർഗം. എഴുത്തുകാരൻ പുസ്തകങ്ങളിലൂടെയാണ് തന്റെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നത്. അവ നിരോധിക്കപ്പെട്ടാൽ ജനങ്ങളുടെ അറിയാനുള്ള അവകാശത്തെയാണ് നിഷേധിക്കുന്നത്. ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും പങ്കുവയ്ക്കലും വിലയിരുത്തലും ജനാധിപത്യത്തെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ടതാണ്.*


ചിത്രം 9.4 ● ജെ.എസ്. മിൽ

*ജെ.എസ്. മില്ലിന്റെ അഭിപ്രായത്തിൽ ഒരാശയവും പൂർണ്ണമായും തെറ്റല്ല. തെറ്റെന്ന് നമുക്ക് തോന്നുന്നതിലും സത്യത്തിന്റെ അംശങ്ങൾ ഉണ്ടാകാം. തെറ്റെന്ന് തോന്നുന്ന ഒരാശയത്തെ നമ്മൾ നിരോധിക്കുമ്പോൾ അതിൽ അടങ്ങിയിരിക്കുന്ന സത്യത്തെക്കൂടിയാണ് നമുക്ക് നഷ്ടമാകുന്നത്.*

### സ്വാതന്ത്ര്യവും നിയന്ത്രണങ്ങളും

നിയന്ത്രണങ്ങളുടെ അഭാവത്തിൽ സ്വാതന്ത്ര്യം പൂർണ്ണമല്ല. അതുകൊണ്ട് വ്യക്തികൾ ചെയ്യേണ്ടതും ചെയ്യാൻ പാടില്ലാത്തതുമായ ചില നിർദേശങ്ങളും ചട്ടങ്ങളും സാമൂഹ്യജീവിതത്തിന് ആവശ്യമാണ്. ഇത് മറ്റൊരാളുടെ സ്വാതന്ത്ര്യത്തിനുമേലുള്ള കടന്നുകയറ്റത്തെ നിയന്ത്രിക്കുന്നു. ഓരോ വ്യക്തിയും മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ മാനിക്കുന്ന ഒരു വ്യവസ്ഥയിൽ മാത്രമേ സ്വാതന്ത്ര്യം എന്ന മൂല്യം അർഥപൂർണ്ണമാകുകയുള്ളൂ. സ്വന്തം അഭിപ്രായങ്ങളും വിശ്വാസങ്ങളും മറ്റുള്ളവരുടേതിനേക്കാൾ പ്രബലമാണെന്നുള്ള

ധാരണ സംഘർഷങ്ങൾക്ക് വഴിയൊരുക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ നിയമപരവും രാഷ്ട്രീയവുമായ നിയന്ത്രണങ്ങൾ ആവശ്യമായിവരുന്നു.

*ആശയങ്ങൾ ആവിഷ്കരിക്കാൻ വ്യക്തികൾ സ്വീകരിക്കുന്ന വിവിധ മാർഗങ്ങൾ എന്തൊക്കെയാണ്?*

- *സംഭാഷണം*
- *ചിത്രങ്ങൾ*
-
-

## സമത്വം (Equality)

ജനാധിപത്യത്തിൽ വളരെ പ്രധാനപ്പെട്ട മൂല്യമാണ് സമത്വം. മതം, വർണ്ണം, ലിംഗം, വംശം, ഭാഷ, ദേശീയത എന്നിവയെ അടിസ്ഥാനമാക്കിയുള്ള വിവേചനങ്ങൾക്കതീതമായി ലോകത്തുള്ള എല്ലാമനുഷ്യരും അതുല്യരും മൂല്യമുള്ളവരുമാണെന്നുള്ള കാഴ്ചപ്പാടാണ് സമത്വം. സാർവത്രിക മനുഷ്യാവകാശം എന്ന ആശയത്തിന് പിന്നിലുള്ളതും സമത്വം തന്നെയാണ്.




*ചിത്രം 9.5*

എന്നാൽ എല്ലാവരേയും എല്ലാ സാഹചര്യങ്ങളിലും ഒരുപോലെ പരിഗണിക്കണം എന്നല്ല സമത്വം കൊണ്ടർഥമാക്കുന്നത്. ഓരോരുത്തർക്കും അവരവരുടെ കഴിവിനനുസരിച്ച് വ്യത്യസ്ത പരിഗണനകൾ കൊടുക്കുന്നത് സമത്വം എന്ന ആശയത്തിന്റെ ലംഘനമാണെന്ന് പറയാൻ കഴിയില്ല. ഉദാഹരണമായി സാഹിത്യത്തിന് കൊടുക്കുന്ന പുരസ്കാരമോ, കായികരംഗത്തെ മികച്ച പ്രകടനത്തിന് കൊടുക്കുന്ന മെഡലോ അസമത്വമായി കാണാൻ കഴിയില്ല. വ്യത്യസ്തമായ പരിഗണനകൾ നൽകുന്നതുവഴി സമത്വത്തിന് കൂടുതൽ വിശാലമായ അർഥം ലഭിക്കുന്നു.

**സമത്വത്തിന്റെ മൂന്ന് മാനങ്ങൾ (Three Dimensions of Equality)**

| രാഷ്ട്രീയ സമത്വം | സാമൂഹിക സമത്വം | സാമ്പത്തിക സമത്വം |
|---|---|---|
| • വോട്ടവകാശം<br>• തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം<br>• പൊതുസ്ഥാനങ്ങൾ വഹിക്കുന്നതിനുള്ള അവകാശം | • വിവേചനങ്ങളുടെ അഭാവം<br>• തുല്യ പദവി<br>• തുല്യ അവസരങ്ങൾ | • തൊഴിലവകാശം<br>• തുല്യ ജോലിക്ക് തുല്യ വേതനം<br>• വിശ്രമത്തിനുള്ള അവകാശം |

*'സമ്പൂർണ്ണസമത്വവും കഴിവുകൾക്കുള്ള പ്രത്യേക അംഗീകാരവും' എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിച്ച് കുറിപ്പ് തയ്യാറാക്കുക.*

## നീതി (Justice)

ജനാധിപത്യത്തിന്റെ അടിസ്ഥാനമൂല്യങ്ങളിൽ ഒന്നാണ് നീതി. കാലഘട്ടത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നതാണ് നീതി സങ്കല്പം. മനുഷ്യർ എന്ന നിലയിൽ എല്ലാവ്യക്തികൾക്കും തുല്യവും അർഹമായതുമായ പരിഗണന നൽകുക എന്നതാണ് ആധുനിക കാഴ്ചപ്പാടിൽ നീതിയുടെ പൊരുൾ.

**നീതിയുടെ മൂന്ന് തത്വങ്ങൾ (Three Principles of Justice)**

| തുല്യരോട് തുല്യ പരിഗണന (Equal treatment for equals) | ആനുപാതിക നീതി (Proportionate justice) | പ്രത്യേക ആവശ്യങ്ങൾ അംഗീകരിക്കൽ (Recognition of special needs) |
|---|---|---|
| • മനുഷ്യർ എന്ന നിലയിൽ എല്ലാവ്യക്തികളും തുല്യ അവകാശങ്ങളും തുല്യ പരിഗണനയും അർഹിക്കുന്നു<br>• വർഗം, ജാതി, മതം, ലിംഗം, വംശം എന്നിവയുടെ പേരിൽ യാതൊരു വിവേചനവും പാടില്ല | • ഓരോരുത്ത രുടെയും കഴിവിനും സംഭാവനയ്ക്കും ആനുപാ തികമായിരിക്കണം നീതി<br>• ഓരോരുത്തരെയും അവരവരുടെ കഴിവിനനുസരിച്ച് പ്രത്യേകം പരിഗണിക്കുന്നതിൽ അനീതിയില്ല | • അസമത്വം നിലനിൽക്കുന്ന ഒരു സമൂഹത്തിൽ അവശത അനുഭവിക്കുന്നവർക്കും പിന്നാക്കം നിൽക്കുന്നവർക്കും പ്രത്യേക അവകാശങ്ങൾ നൽകിയാലേ തുല്യത അനുഭവിക്കാൻ കഴിയൂ<br>• തുല്യത ഉറപ്പാക്കുന്നതിന് സംവരണം പോലുള്ള മാർഗങ്ങൾ സ്വീകരിക്കാം |

*തുല്യ നീതി ഉറപ്പാക്കുന്നതിനുവേണ്ടി സ്വീകരിച്ചിരിക്കുന്ന പ്രത്യേക പരിഗണനകൾ എന്തൊക്കെയാണെന്ന് ചുറ്റുപാടുകളിൽ നിന്ന് കണ്ടെത്തി എഴുതുക.*

- *ഭിന്നശേഷിക്കാർക്ക് ബസിൽ പ്രത്യേകം സീറ്റുകൾ സംവരണം ചെയ്തിരിക്കുന്നു*
- 

## അവകാശങ്ങൾ (Rights)

ജനാധിപത്യത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും അവകാശങ്ങൾ അത്യന്താപേക്ഷിതമാണ്. മനുഷ്യരെന്ന നിലയ്ക്ക് അന്തസ്സുറ്റതും അർഥ പൂർണ്ണവുമായ ജീവിതം നയിക്കാൻ ആവശ്യമായ സാഹചര്യങ്ങളാണ് അവകാശങ്ങൾ.

നാം ആഗ്രഹിക്കുന്നതും താൽപര്യപ്പെടുന്നതുമായ എല്ലാം അവകാശമല്ല. അത് കേവലം അവകാശവാദം മാത്രമാണ്. നിയമപരമായി അംഗീകാരമുള്ള അവകാശവാദങ്ങളെയാണ് അവകാശമായി കണക്കാക്കുന്നത്.

പല പ്രമുഖരാഷ്ട്രീയ ചിന്തകരും അഭിപ്രായപ്പെടുന്നത് അവകാശങ്ങൾ രാഷ്ട്രത്തിന്റെ രൂപീകരണത്തിന് മുമ്പേ ഉദ്ഭവിച്ചതും പ്രകൃതിദത്തവുമാണെന്നാണ്. സ്വാതന്ത്ര്യത്തിനുള്ള അവകാശം, സ്വത്തവകാശം, ജീവിക്കാനുള്ള അവകാശം എന്നിവയാണ് പ്രധാനപ്പെട്ട പ്രകൃതിദത്ത അവകാശങ്ങൾ (Natural Rights).

അവകാശങ്ങൾക്ക് നിയമപരമായി അംഗീകാരം നൽകുന്നതിന്റെ ഭാഗമായി ഒരു അവകാശപത്രിക മിക്ക രാജ്യങ്ങളുടെയും ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യൻ ഭരണഘടനയിലെ ഭാഗം IIIൽ നൽകിയിട്ടുള്ള മൗലികാവകാശങ്ങൾ ഇതിനുദാഹരണമാണ്.

**വിവിധതരം അവകാശങ്ങൾ**

| രാഷ്ട്രീയ അവകാശങ്ങൾ | പൗരാവകാശങ്ങൾ |
|---|---|
| • വോട്ടവകാശം<br>• തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനുള്ള അവകാശം<br>• പൊതുസ്ഥാനങ്ങൾ വഹിക്കുന്നതിനുള്ള അവകാശം<br>• ഗവൺമെന്റിനെ വിമർശിക്കുന്നതിനുള്ള അവകാശം | • നിയമത്തിന് മുന്നിൽ തുല്യത<br>• സ്വതന്ത്രവും നീതിയുക്തവുമായ വിചാരണയ്ക്കുള്ള അവകാശം<br>• സമ്മേളിക്കുന്നതിനും സംഘടിക്കുന്നതിനുമുള്ള അവകാശം<br>• അഭിപ്രായസ്വാതന്ത്ര്യം |
| **സാമ്പത്തിക അവകാശങ്ങൾ** | **സാംസ്കാരിക അവകാശങ്ങൾ** |
| • ജോലി ചെയ്യുന്നതിനുള്ള അവകാശം<br>• പര്യാപ്തമായ കൂലി ലഭിക്കുന്നതിനുള്ള അവകാശം<br>• രാഷ്ട്രത്തിന്റെ വിഭവങ്ങൾക്കും സമ്പത്തിനും മേലുള്ള തുല്യ അവകാശം | • ഭാഷ, ലിപി എന്നിവ സംരക്ഷിക്കുന്നതിനുള്ള അവകാശം<br>• മാതൃഭാഷയിൽ വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള അവകാശം<br>• തദ്ദേശീയ ജനതയ്ക്ക് അവരുടെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനുള്ള അവകാശം |



ചിത്രം 9.6

*വിവിധ അവകാശങ്ങളെക്കുറിച്ച് സമൂഹത്തിൽ ബോധവൽക്കരണം നടത്താനാവശ്യമായ മുദ്രാഗീതങ്ങൾ, പ്ലക്കാർഡുകൾ, പോസ്റ്ററുകൾ, ലഘുലേഖകൾ എന്നിവ തയ്യാറാക്കുക.*

## നിയമവാഴ്ച (Rule of Law)

ജനാധിപത്യത്തിന്റെ അടിസ്ഥാനമൂല്യങ്ങളിൽ ഒന്നാണ് നിയമവാഴ്ച. നിയമത്തിനുമുന്നിൽ എല്ലാവരും തുല്യരാണെന്നും എല്ലാവർക്കും തുല്യനിയമപരിരക്ഷ ലഭിക്കും എന്നതുമാണ് നിയമവാഴ്ചയുടെ അന്തഃസത്ത. രാജ്യത്തെ പൊതുനിയമങ്ങൾ എല്ലാവർക്കും ഒരുപോലെ ബാധകമായിരിക്കും. ഒരുവിഭാഗത്തിനും പ്രത്യേക നിയമങ്ങൾ ഉണ്ടായിരിക്കുകയില്ല. അതുപോലെ തന്നെ നിയമവ്യവസ്ഥ അനുശാസിക്കുന്ന പ്രക്രിയയിലൂടെയും തത്വങ്ങളിലൂടെയും മാത്രമേ ഗവൺമെന്റിന് അതിന്റെ ചുമതലകൾ നിറവേറ്റാൻ കഴിയൂ.



ചിത്രം 9.7

*'ജനാധിപത്യ ഭരണസംവിധാനത്തിൽ നിയമവാഴ്ചയുടെ പ്രാധാന്യം' എന്ന വിഷയത്തിൽ ഒരു സംവാദം സംഘടിപ്പിക്കുക.*

### *ഭരണഘടനാവ്യവസ്ഥ (Constitutionalism)*

*ആധുനിക ജനാധിപത്യവ്യവസ്ഥകൾ എല്ലാംതന്നെ ഭരണഘടനാനുസൃതമായാണ് പ്രവർത്തിക്കുന്നത്. രാഷ്ട്രത്തിന്റെ അധികാരം അടിസ്ഥാനമാക്കിയ നിയമങ്ങൾ, പൗരരുടെ അവകാശങ്ങൾ എന്നിവ പ്രതിപാദിച്ചിരിക്കുന്ന അടിസ്ഥാന പ്രമാണമാണ് ഭരണഘടന. രാഷ്ട്രത്തിന്റെ അധികാരങ്ങൾക്കൊപ്പം പൗരരുടെ മൗലികാ വകാശങ്ങളും ഭരണഘടനയിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പൗരരുടെ മൗലികാവകാശങ്ങളിൽ കൈകടത്താൻ ഗവൺമെന്റിന് ചില പരിധികളുണ്ടായിരിക്കും.*

## അധികാരം വേർതിരിക്കൽ
## (Separation of Powers)

ഗവൺമെന്റിന്റെ ഘടകങ്ങളായ നിയമനിർമ്മാണം, കാര്യനിർവഹണം, നീതിന്യായം എന്നീ വിഭാഗങ്ങൾ തമ്മിലുള്ള അധികാര വേർതിരിവ് ജനാധിപത്യ വ്യവസ്ഥയിൽ വളരെ പ്രധാനപ്പെട്ടതാണ്. ഈ മൂന്ന് വിഭാഗങ്ങളും അവരവരുടെ മേഖലയിൽ സ്വതന്ത്രമായി നിലനിൽക്കുന്നതിനോടൊപ്പം മറ്റുഘടകങ്ങളുടെ പ്രവർത്തനങ്ങളെ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു. ഈ അധികാരങ്ങളെല്ലാം ഒരു വിഭാഗത്തിൽ കേന്ദ്രീകരിക്കുകയാണെങ്കിൽ അത് സ്വേച്ഛാധിപത്യത്തിലേക്ക് നയിക്കുകയും ജനങ്ങളുടെ സ്വാതന്ത്ര്യത്തേയും അവകാശങ്ങളേയും അപകടത്തിലാക്കുകയും ചെയ്യും.

## തിരഞ്ഞെടുപ്പും പ്രാതിനിധ്യവും
## (Election and Representation)

ആധുനിക ജനാധിപത്യരാഷ്ട്രങ്ങൾ പൊതുവെ പിന്തുടരുന്നത് പരോക്ഷ ജനാധിപത്യ വ്യവസ്ഥയാണെന്നുള്ള കാര്യം നമ്മൾ ചർച്ച ചെയ്തിട്ടുണ്ടല്ലോ. പരോക്ഷ ജനാധിപത്യത്തിൽ ജനങ്ങളുടെ ഭരണം എന്നാൽ ജനപ്രതിനിധികൾ ജനങ്ങൾക്കുവേണ്ടി ഭരണം നടത്തുന്നു എന്നാണർഥം. ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നിതിനുവേണ്ടി സ്വീകരിക്കുന്ന സമ്പ്രദായമാണ് തിരഞ്ഞെടുപ്പ്. തിരഞ്ഞെടുപ്പുകൾ സ്വതന്ത്രവും നീതിപൂർവകവും കൃത്യമായ ഇടവേളകളിലുമായിരിക്കണം. ഇതിനായി രാഷ്ട്രത്തിന്റെ ഭരണഘടനയിൽ വോട്ടവകാശം, തിരഞ്ഞെടുപ്പുകളുടെ മേൽനോട്ടം തുടങ്ങിയവയെ സംബന്ധിക്കുന്ന അടിസ്ഥാന വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ്.

### മതേതരത്വം (Secularism)

മതേതരത്വം എന്ന ആശയത്തിന്റെ അടിസ്ഥാനം രാഷ്ട്രവും മതവും തമ്മിലുള്ള കൃത്യമായ വേർതിരിവാണ്. രാഷ്ട്രത്തിന് ഔദ്യോഗികമതം ഉണ്ടായിരിക്കുകയില്ല. അതേസമയം പൗരർക്ക് ഏതുമതത്തിൽ വേണമെ

ങ്കിലും വിശ്വസിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കും. രാഷ്ട്രം എല്ലാ മതങ്ങളേയും തുല്യമായി പരിഗണിക്കും. ഒരു ജനാധിപത്യ വ്യവസ്ഥയിൽ മതേതരത്വം രണ്ട് രീതിയിൽ പ്രസക്തമാണ്. ഒന്നാമതായി അത് മതങ്ങളെ ന്യൂനപക്ഷ ഭൂരിപക്ഷ ഭേദമന്യേ തുല്യമായി പരിഗണിക്കുന്നു. രാഷ്ട്രത്തിന് ഔദ്യോഗികമതം ഇല്ലാത്തതുകൊണ്ടുതന്നെ മതത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും സമുദായത്തോട് വിവേചനം കാണിക്കില്ല. മറ്റൊന്ന് അത് പൗരർക്ക് വിശ്വാസ സ്വാതന്ത്ര്യത്തോടൊപ്പം തുല്യ നീതിയും അവകാശങ്ങളും നൽകുന്നു.




ചിത്രം 9.8

## രാഷ്ട്രീയപാർട്ടികൾ

ആധുനിക ജനാധിപത്യത്തിൽ രാഷ്ട്രീയപാർട്ടികൾ അത്യന്താപേക്ഷിത ഘടകമാണ്. ജനാധിപത്യത്തിൽ രാഷ്ട്രീയ അവബോധം സൃഷ്ടിക്കുന്നതിലും പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിലും ഇവ പ്രധാന പങ്ക് വഹിക്കുന്നു. രാഷ്ട്രീയപാർട്ടികൾ ഒരു ജനാധിപത്യത്തിന്റെ പ്രവർത്തനത്തെ സുഗമമാക്കുന്നു. ഇവർ നടത്തുന്ന സമ്മേളനങ്ങളും ജാഥകളും പ്രസംഗങ്ങളും ജനാധിപത്യത്തിലെ ഏറ്റവും ശക്തമായ രാഷ്ട്രീയവിദ്യാഭ്യാസ പരിപാടികളാണ്. പൊതുജനാഭിപ്രായം തങ്ങൾക്കനുകൂലമാക്കികൊണ്ട് തിരഞ്ഞെടുപ്പിൽ വിജയിച്ച് രാഷ്ട്രീയാധികാരം നേടുക എന്നതും രാഷ്ട്രീയപാർട്ടികളുടെ ലക്ഷ്യമാണ്.

*'ജനാധിപത്യം ശക്തിപ്പെടുത്തുന്നതിൽ രാഷ്ട്രീയപാർട്ടികൾ വഹിക്കുന്ന പങ്ക്' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുക.*

## പ്രതിപക്ഷം

ജനാധിപത്യ സംവിധാനത്തിൽ പ്രതിപക്ഷം പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത്. പ്രതിപക്ഷത്തിന് ഗവൺമെന്റിനെ വിമർശിക്കാനും വിലയിരുത്താനും സ്വാതന്ത്ര്യമുണ്ടായിരിക്കണം. പ്രതിപക്ഷത്തിന്റെ പ്രവർത്തനസ്വാതന്ത്ര്യമാണ് ആരോഗ്യകരമായ ജനാധിപത്യത്തിന്റെ ലക്ഷണം.

ക്രിയാത്മകമായ പ്രതിപക്ഷം ഗവൺമെന്റിന്റെ എല്ലാ പ്രവർത്തനങ്ങളെയും സൂക്ഷ്മമായി പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു. ഭരണത്തിന്റെ തെറ്റായ നയങ്ങളെ വിമർശിക്കുന്നതിനോടൊപ്പം അവയെ തിരുത്തുന്നതിനുവേണ്ടി പൊതുജനാഭിപ്രായം സ്വരൂപിക്കുകയും ബദൽ നയങ്ങൾ നിർദേശിക്കുകയും ചെയ്യുന്നു. പ്രതിപക്ഷമാണ് ജനാധിപത്യത്തെ കൂടുതൽ ചലനാത്മകമാക്കുന്നത്. അവർ സംഘടിപ്പിക്കുന്ന ജാഥകളും സമ്മേളനങ്ങളും പ്രകടനങ്ങളുമെല്ലാം രാഷ്ട്രീയവ്യവസ്ഥയെ കൂടുതൽ സജീവമാക്കുന്നു. പ്രതിപക്ഷത്തെ നിരോധിക്കുകയോ നിയന്ത്രിക്കുകയോ പ്രതിപക്ഷ നേതാക്കളെ തുറുങ്കിലടക്കുകയോ ചെയ്യുന്ന രാഷ്ട്രീയവ്യവസ്ഥ ജനാധിപത്യത്തിന് ഗുണമല്ല.

*ജനാധിപത്യവ്യവസ്ഥയിൽ പ്രതിപക്ഷത്തെ അനിവാര്യമാക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണ്?*

- *ഗവൺമെന്റിനെ വിമർശിക്കുകയും വിലയിരുത്തുകയും ചെയ്യുക*
- 

നമ്മൾ ഇതുവരെ ജനാധിപത്യ ഗവൺമെന്റുകളെക്കുറിച്ചും അതിന്റെ മൂല്യങ്ങളെക്കുറിച്ചുമാണല്ലോ ചർച്ച ചെയ്തത്. എന്നാൽ ജനാധിപത്യം പാലിക്കാത്ത ഗവൺമെന്റുകളും ലോകത്ത് നിലവിലുണ്ട്. അവയിൽ ചിലത് താഴെ കൊടുത്തിരിക്കുന്നു.

| | |
|---|---|
| **രാജവാഴ്ച (Monarchy)** | • ഏറ്റവും പഴയ രൂപത്തിലുള്ള ഗവൺമെന്റ്<br>• അധികാരം പാരമ്പര്യമായാണ് കൈമാറ്റം ചെയ്യുന്നത്<br>• രാഷ്ട്രത്തിന്റെ അധികാരം മുഴുവൻ രാജാവ്/രാജ്ഞിയിൽ നിക്ഷിപ്തമായിരിക്കും |
| **സ്വേച്ഛാധിപത്യം (Dictatorship)** | • രാഷ്ട്രത്തിന്റെ അധികാരം മുഴുവൻ ഒരു വ്യക്തിയിൽ കേന്ദ്രീകരിച്ചിരിക്കും<br>• രാഷ്ട്രത്തിന്റെ പരമോന്നത നേതാവായി മാറുന്ന വ്യക്തിയെ ചോദ്യം ചെയ്യാനോ വിമർശിക്കാനോ ആർക്കും സ്വാതന്ത്ര്യം ഉണ്ടായിരിക്കുകയില്ല<br>• തിരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ള എല്ലാത്തരം ജനാധിപത്യ സംവിധാനങ്ങളും നിരോധിച്ചിരിക്കും |
| **സൈനിക സ്വേച്ഛാധിപത്യം (Military Dictatorship)** | • സൈന്യം നേരിട്ട് ഭരണം നടത്തുന്നു<br>• ജനാധിപത്യ അവകാശങ്ങളോ ജനാധിപത്യത്തിന്റെ മറ്റ് സംവിധാനങ്ങളോ ഉണ്ടായിരിക്കുകയില്ല<br>• പ്രതിഷേധങ്ങളേയും വിമർശനങ്ങളേയും സൈനിക ശക്തി ഉപയോഗിച്ച് അടിച്ചമർത്തുന്നു |
| **പാർട്ടി സ്വേച്ഛാധിപത്യം (Party Dictatorship)** | • ഒരു രാഷ്ട്രീയപാർട്ടി മാത്രം ഭരണം നടത്തുന്നു<br>• രാഷ്ട്രത്തിന്റെ അധികാരങ്ങൾ മുഴുവൻ പാർട്ടിയിൽ കേന്ദ്രീകരിച്ചിരിക്കുന്നു<br>• അഭിപ്രായസ്വാതന്ത്ര്യം ഉൾപ്പെടെയുള്ള ജനാധിപത്യമൂല്യങ്ങൾ പൂർണ്ണമായും വിലക്കിയിരിക്കുന്നു |
| **മതരാഷ്ട്രം (Theocratic State)** | • മതനിയമങ്ങൾ അനുസരിച്ച് പുരോഹിതർ നേരിട്ട് രാഷ്ട്രഭരണം നടത്തുന്നു<br>• രാഷ്ട്രത്തിന്റെ ഔദ്യോഗിക മതമായിരിക്കും നിയമവ്യവസ്ഥയുടെ അടിസ്ഥാനം<br>• ഔദ്യോഗിക മതം വിശ്വസിക്കാനും പിന്തുടരാനും എല്ലാവരും നിർബന്ധിതരായിരിക്കും |

## ഇന്ത്യൻ ജനാധിപത്യം



ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. ഇത്രയധികം ആളുകൾ പങ്കെടുക്കുന്ന ജനാധിപത്യ പ്രക്രിയ ലോകത്ത് മറ്റൊരിടത്തും ഉണ്ടായിരിക്കില്ല. തിരഞ്ഞെടുപ്പുകൾ ജനാധിപത്യ വ്യവസ്ഥയിൽ അനിവാര്യ ഘടകമാണ്. ഇന്ത്യൻ ജനാധിപത്യത്തിന്റെ സവിശേഷതകൾ എന്തൊക്കെയാണെന്ന് പരിശോധിക്കാം.

### എന്തുകൊണ്ടാണ് ഇന്ത്യ ജനാധിപത്യം സ്വീകരിച്ചത്?

ജനാധിപത്യമൂല്യങ്ങൾ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെയും അതിന്റെ നേതൃത്വത്തെയും വളരെയധികം സ്വാധീനിച്ചിരുന്നു. സ്വാതന്ത്ര്യസമരത്തിലെ പ്രക്ഷോഭങ്ങളെല്ലാം ജനാധിപത്യ രീതികൾ അവലംബിച്ചിരുന്നു. അതുപോലെ തന്നെ സാംസ്കാരികമായും ഭൂമിശാസ്ത്രപരമായും ഇത്രയധികം വൈവിധ്യങ്ങളുള്ള പ്രദേശത്തെ രാഷ്ട്രീയമായി ഏകീകരിക്കണമെങ്കിൽ ജനാധിപത്യ സംവിധാനത്തിന് മാത്രമേ കഴിയുകയുള്ളൂവെന്ന് അന്നത്തെ നേതാക്കന്മാർ മനസ്സിലാക്കിയിരുന്നു. വ്യത്യസ്ത ആശയങ്ങൾ സംവദിക്കുന്നതിനുള്ള വേദിയൊരുക്കുന്നത് ജനാധിപത്യം മാത്രമാണ്. ഭരണകൂടങ്ങളുടെ സമാധാനപരമായ അധികാരകൈമാറ്റവും അതുപോലെ ജനങ്ങളുടെ പരാതികളും പ്രതിഷേധങ്ങളും രേഖപ്പെടുത്താൻ അവസരം നൽകുന്നതും ജനാധിപത്യവ്യവസ്ഥയിൽ മാത്രമാണെന്ന് സ്വതന്ത്ര ഇന്ത്യയുടെ ശില്പികൾ മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് തന്നെ സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ഇന്ത്യ ഒരു ജനാധിപത്യ വ്യവസ്ഥ നടപ്പാക്കാൻ തീരുമാനിക്കുകയും അതിനുവേണ്ടി ഒരു ഭരണഘടന എഴുതി തയ്യാറാക്കുകയും ചെയ്തു.

*ചിത്രം 9.9*

*ഇന്ത്യ ജനാധിപത്യസംവിധാനം സ്വീകരിക്കാനുള്ള കാരണങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക..*

### ഇന്ത്യയിലെ പാർലമെന്ററി വ്യവസ്ഥ

പാർലമെന്ററി വ്യവസ്ഥയാണ് ഇന്ത്യ സ്വീകരിച്ചിട്ടുള്ളത്. ഇന്ത്യയുടെ പാർലമെന്റിന് രണ്ട് സഭകളാണുള്ളത്. ഉപരിസഭയായ രാജ്യസഭയും അധോസഭയായ ലോകസഭയും. ലോകസഭയിൽ ഭൂരിപക്ഷം നേടുന്ന പാർട്ടിയോ മുന്നണിയോ ആയിരിക്കും മന്ത്രിസഭ രൂപീകരിക്കുന്നത്. രാഷ്ട്രത്തലവൻ പ്രസിഡന്റാണെങ്കിലും അദ്ദേഹത്തിന്റെ അധികാരങ്ങൾ നാമമാത്രമായിരിക്കും. യഥാർഥ അധികാരങ്ങൾ നിർവഹിക്കുന്നത് പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള

മന്ത്രിസഭയായിരിക്കും. മന്ത്രിസഭയ്ക്ക് പാർലമെന്റിനോട് കൂട്ടുത്തരവാദിത്വമുണ്ടായിരിക്കും. ലോകസഭയിൽ അവിശ്വാസപ്രമേയം പാസ്സാക്കുന്നതിലൂടെ മന്ത്രിസഭയെ അധികാരത്തിൽ നിന്നും പുറത്താക്കാവുന്നതാണ്. അടിയന്തരപ്രമേയം, ചോദ്യോത്തരവേള, ശ്രദ്ധക്ഷണിക്കൽപ്രമേയം, ശൂന്യവേള തുടങ്ങിയ മാർഗങ്ങളിലൂടെ പാർലമെന്റിന് മന്ത്രിസഭയുടെമേൽ നിയന്ത്രണങ്ങളേർപ്പെടുത്താൻ കഴിയും.

### അവിശ്വാസപ്രമേയം

*നിലവിലുള്ള മന്ത്രിസഭയിൽ ലോകസഭയ്ക്ക് വിശ്വാസമില്ല എന്ന് രേഖപ്പെടുത്തി സഭയിൽ അവതരിപ്പിക്കുന്ന പ്രമേയമാണ് അവിശ്വാസ പ്രമേയം. പാർലമെന്ററി സംവിധാനത്തിൽ പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയ്ക്ക് നിയമനിർമ്മാണസഭയുടെ വിശ്വാസം നിലനിർത്തിയാൽ മാത്രമേ അധികാരത്തിൽ തുടരാൻ കഴിയുകയുള്ളൂ. ഭൂരിപക്ഷ അംഗങ്ങൾ ചേർന്ന് പാർലമെന്റിൽ അവിശ്വാസ പ്രമേയം പാസ്സാക്കിയാൽ മന്ത്രിസഭയ്ക്ക് അധികാരം നഷ്ടമാകും.*

## സാർവത്രിക പ്രായപൂർത്തി വോട്ടവകാശം ഇന്ത്യയിൽ (Universal Adult Franchise in India)

ഇന്ത്യൻ ഭരണഘടനയുടെ 326-ാം അനുഛേദം അനുസരിച്ച് ജാതി, മത, ലിംഗ, വർഗ വ്യത്യാസങ്ങൾ പരിഗണിക്കാതെ ഇന്ത്യയിൽ എല്ലാ പൗരർക്കും വോട്ട് ചെയ്യാനുള്ള അവകാശമുണ്ട്. ഭരണഘടന പ്രാബല്യത്തിൽ വന്നപ്പോൾ വോട്ടവകാശത്തിനുള്ള പ്രായം 21 വയസ്സായിരുന്നു. എന്നാൽ 61-ാം ഭരണഘടനാ ഭേദഗതി പ്രകാരം 1989 ലെ തിരഞ്ഞെടുപ്പ് മുതൽ വോട്ട് ചെയ്യാനുള്ള പ്രായപരിധി 18 വയസ്സായി കുറച്ചു. നിരക്ഷരത കൂടിയ ഇന്ത്യയിൽ സാർവത്രിക പ്രായപൂർത്തി വോട്ടവകാശം നടപ്പിലാക്കുന്നതിനെ നിരവധിപേർ എതിർത്തിരുന്നു. എന്നാൽ ഇന്ത്യയിലെ എല്ലാ പൗരർക്കും വോട്ടവകാശം വേണമെന്ന നിലപാടാണ് ജവഹർലാൽ നെഹ്റു സ്വീകരിച്ചത്. ആധുനിക ജനാധിപത്യസമ്പ്രദായം ഉദയം കൊണ്ട യൂറോപ്യൻ രാജ്യങ്ങളിൽ പോലും അതിന്റെ ആരംഭത്തിൽ തൊഴിലാളികൾക്കും സ്ത്രീകൾക്കും വോട്ടവകാശം ലഭിച്ചിരുന്നില്ല. ഈ പശ്ചാത്തലത്തിലാണ് ഇന്ത്യൻ ഭരണഘടനാനിർമ്മാതാക്കൾ സ്വീകരിച്ച സാർവത്രിക പ്രായപൂർത്തി വോട്ടവകാശത്തിന്റെ പ്രസക്തി വർധിക്കുന്നത്.




ചിത്രം 9.10

*'പ്രാതിനിധ്യ ജനാധിപത്യത്തിൽ സാർവത്രിക പ്രായപൂർത്തി വോട്ടവകാശത്തിന്റെ പ്രാധാന്യം' എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിക്കുക.*

## തിരഞ്ഞെടുക്കപ്പെടുന്ന ഗവൺമെന്റ്
**(Elected Government)**

### *ദേശീയ തിരഞ്ഞെടുപ്പ് കമ്മീഷൻ*

*ഇന്ത്യയിൽ സ്വതന്ത്രവും നീതിപൂർവകവുമായ തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ഭരണഘടനാ സ്ഥാപനമാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ. രാഷ്ട്രപതി, ഉപരാഷ്ട്രപതി എന്നീ സ്ഥാനങ്ങളിലേക്കും പാർലമെന്റ്, സംസ്ഥാന നിയമനിർമ്മാണസഭകൾ എന്നിവിടങ്ങളിലേക്കും തിരഞ്ഞെടുപ്പ് നടത്തുന്നത് തിരഞ്ഞെടുപ്പ് കമ്മീഷനാണ്. ഒരു മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറും മറ്റുരണ്ട് കമ്മീഷണർമാരും അടങ്ങുന്നതാണ് തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഘടന.*

ഇന്ത്യയിൽ ദേശീയ-സംസ്ഥാനതലങ്ങളിൽ ജനങ്ങൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികളാണ് ഗവൺമെന്റ് രൂപീകരിക്കുന്നത്. അഞ്ച് വർഷമാണ് ഗവൺമെന്റുകളുടെ കാലാവധി. അഞ്ച് വർഷം കഴിയുമ്പോൾ പുതിയ തിരഞ്ഞെടുപ്പ് നടത്തുകയും പുതിയ ഗവൺമെന്റ് അധികാരത്തിലെത്തുകയും ചെയ്യുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഭരണസമിതികൾ രൂപീകരിക്കുന്നത് തിരഞ്ഞെടുപ്പുകളിലൂടെയാണ്.

ജാതി, മത, ലിംഗ, സാമ്പത്തിക ഭേദമന്യേ തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതിനും പൊതുസ്ഥാനങ്ങൾ വഹിക്കുന്നതിനുമുള്ള അവകാശം എല്ലാ ഇന്ത്യൻ പൗരർക്കും ഉണ്ടായിരിക്കും.

ഇന്ത്യയിൽ സ്വതന്ത്രവും നീതിപൂർവകവുമായ തിരഞ്ഞെടുപ്പ് നടത്തുന്നതിനായി ഒരു തിരഞ്ഞെടുപ്പ് കമ്മീഷൻ നിലവിലുണ്ട്.

### *നീതിന്യായ പുനരവലോകനം (Judicial Review)*

*നിയമനിർമ്മാണസഭ പാസ്സാക്കുന്ന നിയമങ്ങളും കാര്യനിർവഹണ വിഭാഗത്തിന്റെ നടപടികളും ഭരണഘടനാ വിരുദ്ധമാണെങ്കിൽ സുപ്രീംകോടതിക്ക് അത് റദ്ദാക്കാനുള്ള അധികാരമുണ്ട്. കോടതിയുടെ ഈ അധികാരത്തെയാണ് നീതിന്യായ പുനരവലോകനം എന്ന് പറയുന്നത്.*

## സ്വതന്ത്ര നീതിന്യായ വ്യവസ്ഥയും നീതിന്യായ പുനരവലോകനവും
**(Independent Judiciary and Judicial Review)**

ഏറ്റവും മുകളിൽ സുപ്രീം കോടതിയും തൊട്ടുതാഴെയായി ഹൈക്കോടതിയും അതിനുതാഴെയായി കീഴ്ക്കോടതികളും ഉൾപ്പെടുന്നതാണ് ഇന്ത്യയുടെ നീതിന്യായ സംവിധാനം. നീതിന്യായ വിഭാഗം കാര്യനിർവഹണ വിഭാഗത്തിൽ നിന്നും നിയമനിർമ്മാണസഭയിൽ നിന്നും സ്വതന്ത്രമാണ്. നീതിന്യായ വ്യവസ്ഥയുടെ സ്വാതന്ത്ര്യം ഉറപ്പാക്കുന്നതിനായി ന്യായാധിപർക്ക് കൃത്യമായ സേവന കാലാവധിയുണ്ട്. ന്യായാധിപരുടെ സേവന-വേതനവ്യവസ്ഥകളിൽ ഇടപെടുന്നതിന് കാര്യനിർവഹണ-നിയമനിർമ്മാണ വിഭാഗങ്ങൾക്ക് ഭരണഘടന പരിധി നിശ്ചയിച്ചിട്ടുണ്ട്. കോടതിയാണ് ഭരണഘടനയുടെ സംരക്ഷകൻ. ഈ അർഥത്തിൽ നീതിന്യായ പുനരവലോകനത്തിലൂടെ എക്സിക്യൂട്ടീവിന്റെയും നിയമനിർമ്മാണ സഭയുടെയും ഭരണഘടനാ വിരുദ്ധമായ നടപടികൾ അസാധുവായി പ്രഖ്യാപിക്കാൻ കോടതിക്ക് അധികാരമുണ്ട്.

## ഇന്ത്യയിലെ പാർട്ടി സമ്പ്രദായം

ജനാധിപത്യ വ്യവസ്ഥയിൽ വളരെ പ്രധാനപ്പെട്ട പങ്കാണ് രാഷ്ട്രീയപാർട്ടികൾ നിർവഹിക്കുന്നത്. സ്വാതന്ത്ര്യലബ്ധി മുതൽ ബഹുകക്ഷി വ്യവസ്ഥയാണ് ഇന്ത്യയിൽ നിലനിൽക്കുന്നത്. ആദ്യത്തെ തിരഞ്ഞെടുപ്പ് മുതൽ 1967 വരെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആധിപത്യമായിരുന്നു പൊതുതിരഞ്ഞെടുപ്പുകളിൽ ഉണ്ടായിരുന്നത്. അതിനുശേഷം ദേശീയതലത്തിൽ കോൺഗ്രസ് അധികാരം നിലനിർത്തിയെങ്കിലും, പല സംസ്ഥാനങ്ങളിലും അവർക്ക് അധികാരം നഷ്ടമായി. 1989ലെ തിരഞ്ഞെടുപ്പുമുതൽ ഇന്ത്യയിൽ ഒന്നിൽ കൂടുതൽ പാർട്ടികൾ ചേർന്ന് ഗവൺമെന്റ് രൂപീകരിക്കുന്ന മുന്നണി സമ്പ്രദായം നിലവിൽവന്നു.

## ബഹുസ്വരത

ഒരു രാഷ്ട്രം എന്ന നിലയിൽ യൂറോപ്പിലെ ദേശരാഷ്ട്രങ്ങളിൽ നിന്നും ഇന്ത്യ വ്യത്യസ്തമാണ്. 'ഒരു സംസ്കാരം ഒരു രാഷ്ട്രം' എന്ന ആശയത്തിന്റെ അടിസ്ഥാനത്തിലാണ് യൂറോപ്പിൽ ദേശരാഷ്ട്രങ്ങൾ രൂപംകൊണ്ടത്. എന്നാൽ യൂറോപ്പിൽ നിന്നും വിഭിന്നമായി വ്യത്യസ്തമായ മത, വംശീയ വിഭാഗങ്ങൾക്കും സാംസ്കാരികധാരകൾക്കും തുല്യ അവകാശങ്ങളും പ്രാധാന്യവും നൽകികൊണ്ടാണ് ഇന്ത്യ എന്ന രാഷ്ട്രം നിലവിൽവന്നത്. ഈ വ്യത്യസ്തതകളെ രാഷ്ട്രീയമായി ഉൾക്കൊള്ളുന്നതിനാണ് നാം ഒരു ഫെഡറൽ വ്യവസ്ഥ സ്വീകരിച്ചിട്ടുള്ളത്. മത-ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ മൗലികാവകാശത്തിൽ ഉൾപ്പെടുത്തി പ്രത്യേക സംരക്ഷണം നൽകുന്നു. ഇന്ത്യൻ ഭരണഘടനയുടെ 8-ാം പട്ടികയിൽ 22 ഭാഷകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെ തന്നെ ഗോത്ര വിഭാഗങ്ങളുടെ സംരക്ഷണത്തിനായുള്ള പ്രത്യേക വ്യവസ്ഥകൾ 5-ഉം 6-ഉം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാംസ്കാരികവും സാമൂഹികവുമായ പ്രത്യേകതകൾ പരിഗണിച്ചുകൊണ്ട് ചില സംസ്ഥാനങ്ങൾക്ക് പ്രത്യേക പദവി നൽകിയിട്ടുണ്ട്. ഇന്ത്യ ഒരു മതേതര രാഷ്ട്രമാണ്. ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽതന്നെ ഇത് വ്യക്തമാക്കുന്നുണ്ട്. രാഷ്ട്രത്തിന് ഔദ്യോഗികമതം ഇല്ല. എല്ലാമതങ്ങളെയും തുല്യമായി പരിഗണിക്കുന്നു. പൗരർക്ക് ഏതുമതത്തിൽ വേണമെങ്കിലും വിശ്വസിക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കും. ഇന്ത്യയുടെ ഈ വൈവിധ്യങ്ങളെയെല്ലാം പ്രതിനിധീകരിക്കുന്ന വേദിയാണ് ഇന്ത്യൻ പാർലമെന്റ്.

### *ബഹുകക്ഷി സമ്പ്രദായം*

*ഒരു രാഷ്ട്രീയ വ്യവസ്ഥയിൽ അനേകം രാഷ്ട്രീയപാർട്ടികൾ നിലനിൽക്കുകയും അവ തിരഞ്ഞെടുപ്പിൽ മത്സരിക്കുകയും ചെയ്യുന്നതിനെയാണ് ബഹുകക്ഷി സമ്പ്രദായം എന്നുപറയുന്നത്.*

### *മുന്നണി ഗവൺമെന്റ്*

*തിരഞ്ഞെടുപ്പ് കഴിയുമ്പോൾ പാർലമെന്റിൽ ഒരു പാർട്ടിക്കും ഭൂരിപക്ഷം കിട്ടാത്ത സാഹചര്യത്തിൽ ഒന്നിൽ കൂടുതൽ പാർട്ടികൾ ചേർന്ന് മുന്നണിയുണ്ടാക്കുകയും ഗവൺമെന്റ് രൂപീകരിക്കുകയും ചെയ്യുന്നു. ഇത്തരം ഗവൺമെന്റുകളാണ് മുന്നണി ഗവൺമെന്റുകൾ.*

### *ഫെഡറൽ വ്യവസ്ഥ*

*ഭരണഘടനാപരമായി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്കിടയിൽ അധികാര വിഭജനം നിലനിൽക്കുന്ന വ്യവസ്ഥ. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള തർക്കം പരിഹരിക്കുന്നതിന് ഈ വ്യവസ്ഥയിൽ ഒരു സ്വതന്ത്ര നീതിന്യായ വ്യവസ്ഥയുണ്ടായിരിക്കും.*

*ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥയുടെ സവിശേഷതകളെക്കുറിച്ച് സെമിനാർ സംഘടിപ്പിക്കുക.*

ഇന്ത്യയോടൊപ്പം സ്വാതന്ത്ര്യം നേടിയ മറ്റ് പല രാജ്യങ്ങളും വളരെ പ്പെട്ടെന്നുതന്നെ സൈനിക ഭരണത്തിലേക്കോ സ്വേച്ഛാധിപത്യത്തി ലേക്കോ മാറുകയുണ്ടായി. എന്നാൽ അതിന്റെ എല്ലാവിധ ശക്തി ദൗർബല്യങ്ങളോടുംകൂടി ഇന്ത്യൻ ജനാധിപത്യം മുന്നോട്ട് പൊയ്ക്കൊ ണ്ടിരിക്കുന്നു. പലകാര്യങ്ങളിലും പരിമിതികളുണ്ടെങ്കിലും ജനാധിപത്യം അതിന്റെ പരിണാമദിശയിലാണ്.

## തുടർപ്രവർത്തനങ്ങൾ

- പാർലമെന്ററി സമ്പ്രദായത്തിന്റെ സവിശേഷതകളെക്കുറിച്ച് ജനപ്രതിനിധിയുമായി അഭിമുഖം നടത്തുക.
- ജനാധിപത്യേതര ഗവൺമെന്റുകൾക്ക് ലോകത്തെ വിവിധ രാജ്യങ്ങളിലെ ഭരണസംവിധാനത്തിൽ നിന്നും ഉദാഹരണം കണ്ടെത്തി ഒരു ഡിജിറ്റൽ പ്രസന്റേഷൻ തയ്യാറാക്കുക.
- വിവിധ ലോകരാജ്യങ്ങളിലെ പ്രധാന രാഷ്ട്രീയപാർട്ടികളുടെ പേരുകൾ കണ്ടെത്തി എഴുതുക.
- ക്ലാസിൽ തയ്യാറാക്കിയ പ്ലക്കാർഡുകൾ, ലഘുലേഖകൾ എന്നിവ ഉപയോഗിച്ച് അവകാശദിന ത്തിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുക.

യൂണിറ്റ് 10

# ലോകഭൂപടത്തിൽ യൂറോപ്പ്



## ഇന്നത്തെ യൂറോപ്പ്

എസ്. കെ. പൊറ്റെക്കാട്ട്

എന്റെ യൂറോപ്യൻ പര്യടനം ഇറ്റലിയിൽ ആരംഭിച്ചു. ദക്ഷിണ ഇറ്റലിയിലെ കാപ്രി ദ്വീപ്, വെസ്സൂവിയസ്സ് അഗ്നിപർവതം, പോംപി നഗരം മുതലായ സ്ഥലങ്ങൾ സന്ദർശിച്ച് ഉൾനാടൻ മാർഗമായി റോമിൽ എത്തിച്ചേർന്നു. റോമിൽ നിന്നും ഫ്ലോറൻസിൽ ചെന്നു ചേർന്നു. ഫ്ലോറൻസിലെ ഉൾനാടുകൾ ചുറ്റിക്കൊണ്ട് ചരിഞ്ഞ ഗോപുരത്തിന്റെ നഗരമായ പീസയിലെത്തി. പീസയിൽ നിന്നും വെനീസിലേക്ക് പുറപ്പെട്ടു. പിന്നെ അവിടെ നിന്നും മിലാനിലേക്ക് പോയി. മിലാനിൽ വച്ച് ഇറ്റാലിയൻ പര്യടനം അവസാനിപ്പിച്ച് സ്വിറ്റ്സർലാൻഡിലേക്ക് തീവണ്ടി കയറി. സ്വിറ്റ്സർലാൻഡിലെ പ്രധാന നഗരങ്ങളിലും മലനിരകളിലും തടാക തീരങ്ങളിലും ഗ്രാമങ്ങളിലും ആയി 40 ദിവസം സഞ്ചരിച്ച് ഫ്രാൻസിലേക്ക് പുറപ്പെട്ടു. ഒരാഴ്ച പാരീസിൽ കഴിച്ചുകൂട്ടി. പിന്നെ പാരീസിൽ നിന്നും ഫ്രാൻസിന്റെ നാട്ടുമ്പുറങ്ങളിലൂടെ സഞ്ചരിച്ച് 'നിപ്പി' യിൽ എത്തിച്ചേർന്നു. നിപ്പിയിൽ നിന്നും ഇംഗ്ലീഷ് ചാനൽ കടന്ന് ഇംഗ്ലണ്ടിലെത്തി. ഇംഗ്ലണ്ടിൽ ഒന്നരമാസം താമസിച്ചു 1950 ജൂലൈ എട്ടാം തീയതി ഇന്ത്യയിലേക്ക് കപ്പൽ കയറി."

1955ൽ 'ഇന്നത്തെ യൂറോപ്പ്' എന്ന കൃതിയിൽ മലയാളത്തിന്റെ സഞ്ചാരസാഹിത്യകാരനും ജ്ഞാനപീഠജേതാവുമായ എസ്. കെ പൊറ്റെക്കാട്ട് എഴുതിയ വരികളാണിവ. 'യൂറോപ്പ്' ഒരു ഭൂഖണ്ഡമാണെന്ന് നിങ്ങൾക്കറിയാമല്ലോ?




*ചിത്രം 10.1* • ലോകഭൂപടം

*ലോകഭൂപടം നിരീക്ഷിച്ച് താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.*
*യൂറോപ്പിന്റെ കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന ഭൂഖണ്ഡം?*
*യൂറോപ്പിന്റെ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതിചെയ്യുന്ന സമുദ്രം?*
*യൂറോപ്പിന്റെ വടക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന സമുദ്രം?*
*യൂറോപ്പിന്റെ തെക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന കടൽ?*

### യൂറോപ്പിന്റെ അടിസ്ഥാന വിവരങ്ങൾ




*ചിത്രം 10.2* •

*ഏകദേശം 1,03,55,000 ചതുരശ്ര കിലോമീറ്റർ ആണ് യൂറോപ്പിന്റെ വിസ്തീർണ്ണം. ഇത് ലോകവിസ്തൃതിയുടെ 7% മാത്രമാണ്.*

വലുപ്പത്തിൽ ആറാം സ്ഥാനമാണ് യൂറോപ്പിനുള്ളത്. മറ്റ് ആറ് വൻകരകളും വ്യത്യസ്ത ഭൂപ്രദേശങ്ങളായി നിലകൊള്ളുമ്പോൾ യൂറോപ്പ് ഏഷ്യയുടെ പടിഞ്ഞാറൻ തുടർച്ചയായി കാണപ്പെടുന്നു. ഏഷ്യയും യൂറോപ്പും ഉൾപ്പെടുന്ന വിശാലഭൂപ്രദേശത്തെ യൂറേഷ്യ എന്നാണ് വിളിക്കുന്നത്. യൂറോപ്പിനെ ലോകത്തിന്റെ കേന്ദ്രമായാണ് ഗ്രീക്ക്, റോമൻ പണ്ഡിതർ കണക്കാക്കിയിരുന്നത്. 2000 വർഷങ്ങൾക്ക് മുൻപ് ഗ്രീക്കുകാരും റോമാക്കാരും നിർമ്മിച്ച ലോകഭൂപടങ്ങളിൽ യൂറോപ്പിനെ ഭൂഖണ്ഡമായി രേഖപ്പെടുത്തിയിരുന്നു. അതുകൊണ്ടാണ് പുരാതനകാലം മുതൽക്കെ യൂറോപ്പിനെ ഒരു ഭൂഖണ്ഡമായി കണക്കാക്കുന്നത്.

*അറ്റ്ലസിന്റെ സഹായത്തോടുകൂടി യൂറോപ്പിന്റെ അക്ഷാംശ രേഖാംശ വ്യാപ്തി കണ്ടെത്തുക.*

## യൂറോപ്പിന്റെ സ്ഥാനം

യൂറോപ്പിന്റെ വടക്ക് ഭാഗത്ത് ആർട്ടിക് സമുദ്രവും പടിഞ്ഞാറ് ഭാഗത്ത് അറ്റ്ലാന്റിക് സമുദ്രവും തെക്കുഭാഗത്ത് മെഡിറ്ററേനിയൻ കടലും സ്ഥിതിചെയ്യുന്നു എന്ന് നിങ്ങൾ കണ്ടെത്തിയല്ലോ. കിഴക്കുഭാഗത്ത് സ്ഥിതി ചെയ്യുന്ന യൂറൽ പർവതനിരയും കരിങ്കടലും (Black Sea), കാസ്പിയൻ കടലും (Caspian Sea) യൂറോപ്പിനെ ഏഷ്യയിൽ നിന്നും വേർതിരിക്കുന്നു.




*ചിത്രം 10.3 ● യൂറോപ്പിന്റെ രാഷ്ട്രീയ ഭൂപടം*

*കരിങ്കടലിന്റെ സ്ഥാനം അറ്റ്ലസിന്റെ സഹായത്തോടുകൂടി കണ്ടെത്തുക?*
*യൂറോപ്പിന്റെ രാഷ്ട്രീയ ഭൂപടം നിരീക്ഷിച്ച് പ്രധാന രാജ്യങ്ങളെ തിരിച്ചറിയുക.*

### *നിങ്ങൾക്കറിയാമോ?*

*യൂറോപ്പിലെ ഏറ്റവും വലിയ രാജ്യം റഷ്യയാണ്. റഷ്യയുടെ ഭൂവിസ്തൃതിയുടെ 25% മാത്രമാണ് യൂറോപ്പിലുൾപ്പെടുന്നത്. ബാക്കിഭാഗം ഏഷ്യയിലാണ്. യൂറൽ പർവതനിരയുടെ പടിഞ്ഞാറുള്ള റഷ്യൻ പ്രദേശമാണ് യൂറോപ്പിൽ ഉൾപ്പെടുന്നത്. ഈ പ്രദേശത്തെ യൂറോപ്യൻ റഷ്യ എന്നറിയപ്പെടുന്നു. റഷ്യൻ ജനതയുടെ 75% അധിവസിക്കുന്നത് യൂറോപ്യൻ റഷ്യയിലാണ്. റഷ്യയുടെ ഏറ്റവും വലിയ പട്ടണങ്ങളായ മോസ്കോയും സെന്റ്പീറ്റേഴ്സ്ബർഗും സ്ഥിതിചെയ്യുന്നതും യൂറോപ്യൻ റഷ്യയിലാണ്. ഉക്രൈൻ, ഫ്രാൻസ്, സ്പെയിൻ, സ്വീഡൻ എന്നിവയാണ് വലുപ്പത്തിൽ മുന്നിൽ നിൽക്കുന്ന മറ്റ് യൂറോപ്യൻ രാജ്യങ്ങൾ.*




*ചിത്രം 10.4 ● യൂറോപ്പിന്റെ ഭൂപ്രകൃതി*

യൂറോപ്പിന്റെ സ്ഥാനവും സ്വാഭാവിക അതിരുകളും തിരിച്ചറിഞ്ഞല്ലോ? ഇനി നമുക്ക് യൂറോപ്പിന്റെ ഭൂമിശാസ്ത്ര സവിശേഷതകൾ എന്തെല്ലാമെന്ന് ചർച്ചചെയ്യാം.

## ഭൂമിശാസ്ത്ര സവിശേഷതകൾ

### ഭൂപ്രകൃതി

വൈവിധ്യമാർന്ന ഭൂപ്രകൃതിയാണ് യൂറോപ്പിന്റേത്. യൂറോപ്പിന്റെ ഭൂപ്രകൃതിയെ താഴെ പറയും വിധം തരംതിരിക്കാം. അവ ഏതെല്ലാമാണെന്ന് നോക്കൂ.

- വടക്ക് പടിഞ്ഞാറൻ കുന്നുകൾ
- മധ്യ ഉന്നതതടങ്ങൾ
- ഉത്തര യൂറോപ്യൻ സമതലങ്ങൾ
- ആൽപൈൻ പർവതനിരകൾ

### വടക്ക് പടിഞ്ഞാറൻ കുന്നുകൾ (North Western Highlands)

യൂറോപ്പിന്റെ വടക്ക് പടിഞ്ഞാറൻ പ്രദേശങ്ങളിൽ കാണപ്പെടുന്ന ഉയർന്ന കുന്നുകളും, നോർവെ, സ്വീഡൻ, ഫിൻലാന്റ് എന്നീ രാജ്യങ്ങളിലായി പരന്നുകിടക്കുന്ന സ്കാൻഡിനേവിയൻ പീഠഭൂമിയുമാണ് വടക്ക് പടിഞ്ഞാറൻ കുന്നുകളുടെ പ്രത്യേകത. മഞ്ഞുമൂടിയ കുന്നുകളും ഹിമാനികളും വളരെ വേഗത്തിൽ ഒഴുകുന്ന നദികളും മനോഹരമായ വനങ്ങളും തടാകങ്ങളും നിറഞ്ഞ സ്കാൻഡിനേവിയ സഞ്ചാരികളുടെ പ്രിയപ്പെട്ട കേന്ദ്രമാണ്. നീണ്ടകാലത്തെ ഹിമാനീകരണത്തിന്റേയും അപക്ഷയത്തിന്റേയും ഫലമായി രൂപപ്പെട്ട ഉരുണ്ട തലപ്പോടുകൂടിയതും നേരിയ ചരിവുള്ളതുമായ കുന്നുകൾ പലയിടങ്ങളിലും കാണപ്പെടാറുണ്ട്. സ്കാൻഡിനേവിയൻ തീരങ്ങളിൽ കാണപ്പെടുന്ന ഫിയോഡുകളും (Fjords) ഈ പ്രദേശത്തിന്റെ മറ്റൊരു സവിശേഷതയാണ്.

#### *ഫിയോഡ്*

*ഹിമാനികളുടെ അപരദന പ്രക്രിയയിലൂടെ U' ആകൃതിയിൽ രൂപം കൊള്ളുന്ന താഴ്‌വരകളാണ് 'U' രൂപ താഴ്‌വരകൾ. ഉയർന്ന അക്ഷാംശ പ്രദേശങ്ങളിലെ സമുദ്ര തീരങ്ങളിൽ ഇത്തരത്തിൽ രൂപം കൊള്ളുന്ന ഹിമകൃത താഴ്‌വരകളാണ് ഫിയോഡുകൾ. ഉഷ്ണ-ശീതജലപ്രവാഹങ്ങൾ കൂടിച്ചേരുന്ന പ്രദേശങ്ങളിലെ ഫിയോഡുകളിൽ പ്ലവകങ്ങൾ (Planktons) ധാരാളമായി വളരുന്നു. ഇവയെ ആഹരിക്കുന്നതിനായി ധാരാളം മത്സ്യങ്ങളെത്തുന്നതിനാൽ ഈ പ്രദേശങ്ങൾ മത്സ്യസമ്പന്നമാണ്. അതിനാൽ സ്കാൻഡിനേവിയൻ പ്രദേശം മത്സ്യബന്ധനത്തിന് പേരുകേട്ടതാണ്.*



*ചിത്രം 10.5 ● നോർവെയിലെ ഫിയോഡ് തീരം*

#### *ഹിമാനീകരണം (Glaciation), അപക്ഷയം (Weathering)*

*ചലിക്കുന്ന മഞ്ഞുപാളികളാണ് ഹിമാനികൾ. ഇവയുടെ ചലനത്തിന്റെ ഫലമായി വ്യത്യസ്ത ഭൂരൂപങ്ങൾ സൃഷ്ടിക്കപ്പെടുകയും ഉപരിതലത്തിൽ രൂപമാറ്റം വരുത്തുകയും ചെയ്യുന്നു. ഈ പ്രക്രിയയാണ് ഹിമാനീകരണം.*

*ഭൗമോപരിതലത്തിലെ ശിലകളിലുണ്ടാകുന്ന ഭൗതികമോ രാസികമോ ജൈവികമോ ആയ വിഘടനം അഥവാ ശിഥിലീകരണമാണ് അപക്ഷയം.*

*അറ്റ്‌ലസിന്റെ സഹായത്തോടെ സ്കാൻഡിനേവിയൻ പ്രദേശത്ത് ഉൾപ്പെടുന്ന രാജ്യങ്ങളെ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുക.*

### ഉത്തര യൂറോപ്യൻ സമതലങ്ങൾ (North European Plains)


*ചിത്രം 10.6 ● സ്റ്റെപ്പീസ് പുൽമേടുകൾ*

വടക്ക് പടിഞ്ഞാറൻ കുന്നുകളുടെ തെക്കുഭാഗത്തായി ഉത്തര യൂറോപ്യൻ സമതലങ്ങൾ സ്ഥിതിചെയ്യുന്നു. ഇവയെ ദ ഗ്രേറ്റ് യൂറോപ്യൻ പ്ലെയിൻ എന്നും അറിയപ്പെടുന്നു. കിഴക്ക് യൂറൽ പർവതങ്ങൾ മുതൽ പടിഞ്ഞാറ് അറ്റ്‌ലാന്റിക് സമുദ്രം വരെ ഈ സമതലം വ്യാപിച്ചുകിടക്കുന്നു. സാമാന്യം നിരന്ന ഭൂപ്രകൃതിയുള്ള സമതലത്തിൽ അങ്ങിങ്ങായി ചെറുകുന്നുകളും കാണപ്പെടുന്നു. കൃഷിക്ക് ഏറെ അനുയോജ്യമായ ഉത്തര യൂറോപ്യൻ സമതലം രൂപപ്പെട്ടത് ഹിമാനി നിക്ഷേപങ്ങളുടേയും യൂറോപ്പിലെ പ്രധാന നദികളായ വോൾഗ (Volga), ഡോൺ (Don), നെയ്പ്പർ (Dnieper) എന്നിവയുടെ എക്കൽ നിക്ഷേപങ്ങളുടേയും ഫലമായാണ്. വോൾഗ യൂറോപ്പിലെ ഏറ്റവും നീളം കൂടിയ നദിയാണ്. ഉത്തര യൂറോപ്യൻ സമതലത്തിൽ വ്യാപകമായി കാണുന്ന പുൽമേടാണ് സ്റ്റെപ്പീസ് (Steppes).

*അറ്റ്‌ലസിന്റെ സഹായത്തോടെ വോൾഗ നദി ഏത് രാജ്യത്തുകൂടിയാണ് ഒഴുകുന്നതെന്ന് കണ്ടെത്തൂ.*

### മധ്യ ഉന്നതതടങ്ങൾ (Central Uplands)

ഉത്തര യൂറോപ്യൻ സമതലങ്ങളുടെ തെക്ക് ഭാഗത്തായി മധ്യ ഉന്നതതടങ്ങൾ സ്ഥിതി ചെയ്യുന്നു. ചെറിയ കുന്നുകളും താഴ്‌വരകളും പീഠഭൂമികളും നിറഞ്ഞ ഈ ഭൂപ്രദേശം പടിഞ്ഞാറ് അയർലന്റ് മുതൽ കിഴക്ക് റഷ്യവരെ വ്യാപിച്ചു കിടക്കുന്നു. റൈൻ (Rhine), റോൺ (Rhone) എന്നീ നദികളാണ് ഈ പ്രദേശത്തെ ജലസമ്പുഷ്ടമാക്കുന്നത്.

മധ്യ ഉന്നതതടത്തിൽ ഉൾപ്പെടുന്ന വ്യത്യസ്ത ഭൂരൂപങ്ങളാണ് ചുവടെ ചേർത്തിട്ടുള്ളത്. പട്ടിക പരിശോധിച്ച് അവ ഓരോന്നും സ്ഥിതിചെയ്യുന്ന രാജ്യങ്ങൾ തിരിച്ചറിയുക. അറ്റ്‌ലസിന്റെ സഹായത്തോടെ അവയുടെ സ്ഥാനം കണ്ടെത്തൂ.

| മധ്യ ഉന്നതതടത്തിലെ പ്രധാന ഭൂരൂപങ്ങൾ | |
|---|---|
| **ഭൂരൂപങ്ങൾ** | **രാജ്യം** |
| റൈൻ താഴ്‌വര (Rhine Valley), വോസ്ഗസ് പർവതങ്ങൾ (Vosges Mountains), ജൂറാ പർവതങ്ങൾ, (Jura Mountains) സെൻട്രൽ മാസ്സിഫ് പീഠഭൂമി (Central Massif Plateau) | ഫ്രാൻസ് |
| ആർഡനീസ് പർവതങ്ങൾ (Ardennes Mountains) | ബെൽജിയം |

| | |
|---|---|
| ബ്ലാക്ക് ഫോറസ്റ്റ് പർവതങ്ങൾ (Black Forest Mountains), ഹാർസ് പർവതങ്ങൾ (Harz Mountains) | ജർമ്മനി |
| മസേറ്റ പീഠഭൂമി (Maseta Plateau) | സ്പെയിൻ |
| ബൊഹീമിയൻ പീഠഭൂമി (Bohemian Plateau) | ചെക്ക് റിപ്പബ്ലിക് |



*ചിത്രം 10.7 • ജർമ്മനിയിലെ ബ്ലാക്ക് ഫോറസ്റ്റ് പർവതങ്ങൾ*




*ചിത്രം 10.8 •*

### *ജുറാസിക് പാർക്ക്*

*ജുറാസിക് പാർക്ക് എന്ന ചലച്ചിത്രം നിങ്ങൾ കണ്ടിട്ടുണ്ടോ? ലോകത്തിലെ ഏറ്റവും വലിയ ജീവിയായിരുന്ന ദിനോസറുകൾ ജീവിച്ചിരുന്നത് ജുറാസിക് കാലഘട്ടത്തിലാണ്. ഏകദേശം 143 ദശലക്ഷം വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്ന ഈ കാലഘട്ടത്തിലെ ശിലകൾ യൂറോപ്പിലെ ജൂറാ പർവതനിരകളിൽ നിന്നും കണ്ടെത്തിയിട്ടുള്ളതിനാലാണ് ജുറാസിക് കാലഘട്ടത്തിന് ആ പേര് ലഭിച്ചത്.*

*മധ്യ ഉന്നതതടത്തിൽ ഉൾപ്പെട്ട പീഠഭൂമികൾ സ്ഥിതി ചെയ്യുന്ന രാജ്യങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തി എഴുതുക.*

- *ഫ്രാൻസ്*
- 
- 



*ചിത്രം 10.9 • ആൽപ്സ് പർവതനിരകൾ*

### ആൽപൈൻ പർവതനിരകൾ (Alpine Mountain System)

മധ്യ ഉന്നതതടത്തിന് തെക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന സമാന്തരനിരകളോടുകൂടിയ മടക്ക് പർവതങ്ങളാണ് ആൽപൈൻ പർവതങ്ങൾ. പടിഞ്ഞാറ് അറ്റ്ലാന്റിക് സമുദ്രം മുതൽ കിഴക്ക് കാസ്പിയൻ കടൽ വരെ ഈ പർവതനിരകൾ നീണ്ടുകിടക്കുന്നു. ആൽപ്സ് (Alps), കോക്കസസ് (Caucasus), കാർപാത്യൻ (Carpathians) എന്നിവയാണ് പ്രധാന ആൽപൈൻ പർവതനിരകൾ. കോക്കസസ് പർവതനിരയിലെ മൗണ്ട് എൽബ്രസ്സാണ് യൂറോപ്പിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി.

## ഡ്രാക്കുളക്കോട്ട



ചിത്രം 10.10 ● ഡ്രാക്കുളക്കോട്ട

"സ്നേഹിതാ, കാർപാത്യനിലേക്ക് സ്വാഗതം. ലണ്ടനിൽ നിന്നുള്ള യാത്ര സുഖകരമായിരുന്നെന്നു കരുതുന്നു. എനിക്ക് നിങ്ങളെ കാണാൻ ധൃതിയായി. ഇന്നും സുഖമായുറങ്ങുക. നാളെ മൂന്നുമണിക്ക് ബുക്കോവിനോയ്ക്ക് പുറപ്പെടുന്ന വണ്ടിയിൽ നിങ്ങൾക്ക് ഒരു സീറ്റ് ഏർപ്പാടാക്കിയിട്ടുണ്ട്. എന്റെ നാട്ടിലെ താമസം നിങ്ങൾ ഇഷ്ടപ്പെടാതിരിക്കില്ലെന്ന വിശ്വാസത്തോടെ, നിങ്ങളുടെ സ്വന്തം ഡ്രാക്കുള" ഒരു നൂറ്റാണ്ടിൽ കൂടുതലായി ലോകമെമ്പാടുമുള്ള വായനക്കാരെ ഭയത്തിന്റെ മുൾമുനയിൽ നിർത്തിയിരുന്ന 'ഡ്രാക്കുള' എന്ന നോവലിലെ ഭാഗമാണിത്. ലണ്ടൻ നഗരത്തിൽ കൊട്ടാരം വാങ്ങാൻ ഉദ്ദേശിക്കുന്ന ഡ്രാക്കുള പ്രഭു എന്ന രക്തരക്ഷസ്സിനെത്തേടി നായകനായ ജൊനാഥൻ ഹാർക്കർ ഡ്രാക്കുളക്കോട്ടയിൽ എത്തുന്നതാണ് നോവലിന്റെ തുടക്കം. ഐറിഷ് എഴുത്തുകാരനായ ബ്രാം സ്റ്റോക്കർ 1897ൽ എഴുതിയ ഈ നോവലിന്റെ മിക്ക ഭാഗങ്ങളുടേയും പശ്ചാത്തലമായ ഡ്രാക്കുളക്കോട്ട കാർപാത്യൻ മലനിരകളിലാണ് സ്ഥിതി ചെയ്യുന്നത്.

## മടക്ക് പർവതങ്ങൾ

ഭൂമിയുടെ പുറംപാളിയായ ഭൂവൽക്കവും മാന്റിലിന്റെ ഉപരിഭാഗവും ചേർന്ന് പൊതുവെ ഖരാവസ്ഥയിലുള്ള മണ്ഡലമാണ് ശിലാമണ്ഡലം (Lithosphere). ക്രമരഹിതമായ അരികുകളോടുകൂടിയ കഷ്ണങ്ങളായിട്ടാണ് ശിലാമണ്ഡലം നിലകൊള്ളുന്നത്. അനേകായിരം കിലോമീറ്റർ വിസ്തൃതിയും ശരാശരി 100 കിലോമീറ്റർ കനവുമുള്ള ഇവയെ ശിലാമണ്ഡലഫലകങ്ങൾ (Lithospheric plates) എന്ന് അറിയപ്പെടുന്നു. ഫലകങ്ങൾ പരസ്പരം കൂട്ടിമുട്ടുന്ന ഫലകാതിരുകളിൽ ശിലാപാളികൾ മടങ്ങി ഉയർന്ന് രൂപം കൊള്ളുന്ന പർവതങ്ങളാണ് മടക്ക് പർവതങ്ങൾ. ഉദാഹരണം: ഹിമാലയ പർവതം.

യൂറോപ്പിന്റെ ഭൂപ്രകൃതി ഭൂപടത്തിൽ (ചിത്രം 10.4) നിന്നും കോക്കസസ് പർവതനിര തിരിച്ചറിയൂ. യൂറോപ്പിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയാണ് ത്രികോണ (▲) ചിഹ്നം നൽകി സൂചിപ്പിച്ചിട്ടുള്ളത്. ഈ കൊടുമുടിയുടെ പേര് കണ്ടെത്തി എഴുതൂ.

യൂറോപ്പിലെ ഭൂപ്രകൃതിയുമായി ബന്ധപ്പെട്ട് താഴെ തന്നിരിക്കുന്ന ചാർട്ട് പൂർത്തിയാക്കുക.

യൂറോപ്പിന്റെ പ്രധാന ഭൂപ്രകൃതി വിഭാഗങ്ങൾ

| വടക്ക് പടിഞ്ഞാറൻ കുന്നുകൾ | | മധ്യ ഉന്നതതടം | |
|---|---|---|---|
| • <br> • | • സ്റ്റെപ്പീസ് <br> • | • <br> • | • മടക്ക് പർവതങ്ങൾ <br> • |

### വർഷണം

*തുടർച്ചയായ ഘനീകരണത്തിലൂടെ ജലകണികകൾ മേഘങ്ങളിൽ നിന്നും മോചിക്കപ്പെട്ട് ഭൂമിയിലേക്ക് ഖര, ദ്രവ്യ രൂപത്തിൽ പതിക്കുന്ന പ്രക്രിയ യാണ് വർഷണം. മഴ, മഞ്ഞുവീഴ്ച, ഹിമവൃഷ്ടി (Sleet), ആലിപ്പഴം (Hail Stone) എന്നിവയാണ് വർഷണത്തിന്റെ വിവിധ രൂപങ്ങൾ.*

## കാലാവസ്ഥയും നൈസർഗിക സസ്യ-ജന്തുജാലങ്ങളും

മിതമായ വേനൽക്കാലവും, താരതമ്യേന കഠിനമായ ശൈത്യകാലവുമാണ് യൂറോപ്പിന്റെ പൊതുവായ കാലാവസ്ഥ. എന്നാൽ പ്രാദേശികമായി കാലാവസ്ഥയിൽ വ്യത്യാസം അനുഭവപ്പെടുന്നുണ്ട്. അക്ഷാംശസ്ഥാനം, ഭൂപ്രകൃതി, സമുദ്രസാന്നിധ്യം എന്നിവ കാലാവസ്ഥയെ സ്വാധീനിക്കുന്നു.

ഉയർന്ന അക്ഷാംശസ്ഥാനം പർവതങ്ങളുടെ സ്വാധീനം എന്നിവ വടക്കും കിഴക്കും ഭാഗങ്ങളിൽ വരണ്ട ശൈത്യ കാലാവസ്ഥയ്ക്ക് കാരണമാകുന്നു. എന്നാൽ തെക്കും പടിഞ്ഞാറും ഭാഗങ്ങളിൽ സമുദ്രത്തിന്റെ സ്വാധീനത്താൽ മിതമായ കാലാവസ്ഥ അനുഭവപ്പെടുന്നു.

ലോകത്ത് മരുഭൂമിയില്ലാത്ത ഭൂഖണ്ഡമാണ് യൂറോപ്പ്. യൂറോപ്പിന്റെ ഭൂരിഭാഗം പ്രദേശത്തും വർഷണത്തിന്റെ വ്യത്യസ്ത രൂപങ്ങളായ മഴയും മഞ്ഞും ലഭിക്കുന്നു.

### ഉഷ്ണമരുഭൂമിയും ശീതമരുഭൂമിയും

*മരുഭൂമി എന്ന വാക്ക് കേട്ടാൽ നമ്മുടെ മനസ്സിലേക്ക് ആദ്യമെത്തുന്ന ചിത്രം വിശാലമായി വ്യാപിച്ചു കിടക്കുന്ന മണൽ പ്രദേശങ്ങളാണ്. എന്നാൽ അതുമാത്രമല്ല, 25 സെന്റീമീറ്ററിൽ മുകളിൽ വാർഷിക മഴ ലഭിക്കാത്ത ഏതൊരുപ്രദേശത്തേയും മരുഭൂമിയായി കണക്കാക്കുന്നു. വർഷം മുഴുവൻ മഞ്ഞുമൂടിക്കിടക്കുന്ന അന്റാർട്ടിക്കയും ഒരു മരുഭൂമിയാണ്. അന്റാർട്ടിക്കയെ ശീതമരുഭൂമിയായാണ് പരിഗണിക്കുന്നത്.*

കാലാവസ്ഥയെ അടിസ്ഥാനമാക്കി യൂറോപ്പിനെ പല കാലാവസ്ഥ മേഖലകളായി തരംതിരിക്കാം. ഓരോ കാലാവസ്ഥ മേഖലയ്ക്കും അനുസരിച്ച് വ്യത്യസ്ത സസ്യ-ജന്തുജാലങ്ങൾ കാണപ്പെടുന്നു.




*ചിത്രം 10.11 • യൂറോപ്പിന്റെ കാലാവസ്ഥ മേഖലകൾ*

## ആർട്ടിക് കാലാവസ്ഥ/ ടൺഡ്ര കാലാവസ്ഥ (Arctic/Tundra Climate)

യൂറോപ്പിന്റെ ആർട്ടിക് പ്രദേശങ്ങളിൽ ടൺഡ്ര കാലാവസ്ഥ അനുഭവപ്പെടുന്നു. തണുപ്പുള്ള ഹ്രസ്വമായ വേനൽക്കാലവും വളരെ ദൈർഘ്യമുള്ള കഠിനമായ ശൈത്യകാലവുമാണ് ആർട്ടിക് കാലാവസ്ഥയുടെ പ്രത്യേകത. വേനൽക്കാലത്തെ താപനില 10°C വരെ ഉയരുമ്പോൾ ശൈത്യകാലതാപനില -25°C മുതൽ -40°C വരെ താഴുന്നു.

ശൈത്യകാലത്ത് 5 മുതൽ 6 മാസം വരെ സൂര്യപ്രകാശമില്ലാത്ത സാഹചര്യമാണ് ഇവിടെയുള്ളത്.

ഒരു വ്യക്തി അന്തരീക്ഷത്തിലേക്ക് വീശിയൊഴിക്കുന്ന ജലം നിമിഷനേരം കൊണ്ട് മഞ്ഞായി മാറുന്ന കാഴ്ചയാണ് ചിത്രം 10.12ൽ കാണുന്നത്. ഇതിൽ നിന്നും ഇവിടുത്തെ ശൈത്യത്തിന്റെ കാഠിന്യം മനസ്സിലാക്കാം.



ചിത്രം 10.12

സസ്യജാലങ്ങളുടെ വളർച്ചയ്ക്ക് സൂര്യപ്രകാശത്തിന്റെ പ്രാധാന്യം എത്രത്തോളമാണെന്ന് നമുക്കറിയാം. നീണ്ട രാത്രികളും കഠിനമായ ശൈത്യവും മഞ്ഞുരൂപത്തിലുള്ള വർഷണവും സസ്യങ്ങളുടെ വളർച്ചയെ തടയുന്നു. ഇതുകാരണം ശൈത്യത്തെ പ്രതിരോധിക്കാൻ കഴിയുന്ന കുറ്റിച്ചെടികളും (Shrubs), പായലുകളും (Lichens), പൂപ്പലുകളും (Mosses) മാത്രമാണ് പൊതുവെ ഈ കാലാവസ്ഥയിൽ വളരുക.

ടൺഡ്ര കാലാവസ്ഥയിലെ സസ്യജാലങ്ങളുടെ കുറവ് ഇവിടെയുള്ള ജന്തുജാലങ്ങളുടെ എണ്ണത്തെയും ബാധിക്കുന്നു. തണുപ്പിനെ അതിജീവിക്കാൻ കഴിയുന്ന കട്ടിയുള്ള രോമങ്ങളുള്ള ചെന്നായ, റെയിൻഡിയർ (Reindeer), ധ്രുവക്കരടി (Polar bear), ആർട്ടിക് കാട്ടുമുയൽ (Arctic hare) പോലുള്ള വളരെ കുറച്ചു മൃഗങ്ങളെ മാത്രമേ ഇവിടെ കാണാൻ സാധിക്കുകയുള്ളൂ.



ചിത്രം 10.13 • ചെന്നായ



ചിത്രം 10.14 • റെയിൻഡിയർ



ചിത്രം 10.15 • ധ്രുവക്കരടി

*ആർട്ടിക് കാലാവസ്ഥയ്ക്ക് സമാനമായ സാഹചര്യത്തിൽ നിങ്ങൾക്ക് ജീവിക്കേണ്ടി വന്നാൽ നിത്യജീവിതത്തിൽ എന്തൊക്കെ മാറ്റങ്ങൾ ഉണ്ടാകുമെന്ന് ചർച്ച ചെയ്ത് ക്ലാസിൽ അവതരിപ്പിക്കൂ.*
*സൂചനകൾ : ഭക്ഷണരീതി, വസ്ത്രധാരണം, കൃഷി*

## ഉപ ആർട്ടിക് കാലാവസ്ഥ/ടൈഗ കാലാവസ്ഥ
**(Sub Arctic/Taiga Climate)**



ചിത്രം 10.16 • സ്തൂപികാഗ്ര വൃക്ഷങ്ങൾ

ടൺഡ്ര പ്രദേശങ്ങളോട് ചേർന്ന് തെക്ക് ഉപ ആർട്ടിക് പ്രദേശങ്ങളിൽ ടൈഗ കാലാവസ്ഥ അനുഭവപ്പെടുന്നു. ഹ്രസ്വമായ വേനൽക്കാലം



ചിത്രം 10.17 ● എർമൈൻ



ചിത്രം 10.18 ● വെള്ളി കുറുക്കൻ

ഇളം ചൂടുള്ളതാണെങ്കിലും ശൈത്യം ആർട്ടിക് കാലാവസ്ഥയിലേതു പോലെ കഠിനമാണ്. വർഷത്തിൽ അഞ്ച് മുതൽ ഏഴ് മാസം വരെ താപനില $0^0$Cന് താഴെയായിരിക്കും. ടൈഗെ കാലാവസ്ഥയിൽ വർഷണം പൊതുവെ മഞ്ഞ് രൂപത്തിൽ ആയിരിക്കും.

സ്തൂപികാഗ്ര വൃക്ഷങ്ങൾ (Coniferous Trees) നിറഞ്ഞ നിത്യഹരിത വനങ്ങളാണ് ടൈഗെ കാലാവസ്ഥയിലെ പ്രധാന സസ്യസമ്പത്ത്. പൈൻ (Pine), ദേവദാരു (Cedar) എന്നിവയാണ് പ്രധാന വൃക്ഷങ്ങൾ. രോമങ്ങൾ നിറഞ്ഞ കാട്ടുപൂച്ച (Lynx), എർമൈൻ (Ermine), വെള്ളി കുറുക്കൻ (Silver Fox) എന്നിവയാണ് പ്രധാന മൃഗങ്ങൾ.

*ഉപ ആർട്ടിക് കാലാവസ്ഥയെ അടിസ്ഥാനമാക്കി തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.*

| രാജ്യങ്ങൾ | സസ്യജാലങ്ങൾ | ജന്തുജാലങ്ങൾ |
|---|---|---|
| നോർവെ, സ്വീഡൻ, ഫിൻലാന്റ്, റഷ്യ | | |

## കിഴക്കൻ യൂറോപ്യൻ കാലാവസ്ഥ
**(Eastern European Climate)**



ചിത്രം 10.19 ● കൃഷ്ണമൃഗം

യൂറോപ്പിന്റെ കിഴക്കൻ പ്രദേശങ്ങളിൽ കഠിനമായ വേനലും അതിശൈത്യവും അനുഭവപ്പെടുന്നു. ഈ കാലാവസ്ഥയെ കിഴക്കൻ യൂറോപ്യൻ കാലാവസ്ഥ എന്നറിയപ്പെടുന്നു. ശൈത്യകാല താപനില പലപ്പോഴും 0°Cന് താഴേക്ക് പോകുന്നു. വേനലിൽ നേർത്തമഴ ലഭിക്കാറുണ്ട്.

വിരളമായ മഴയും കടുത്ത ചൂടും കാരണം ഈ കാലാവസ്ഥ അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ വൻമരങ്ങൾ വളരാറില്ല. യൂറോപ്പിലെ പുൽമേടായ സ്റ്റെപ്പീസിനെ കുറിച്ച് ചർച്ച ചെയ്തത് നിങ്ങൾ ഓർക്കുന്നില്ലേ? സ്റ്റെപ്പീസിൽ അനുഭവപ്പെടുന്നത് കിഴക്കൻ യൂറോപ്യൻ കാലാവസ്ഥയാണ്. കൃഷ്ണമൃഗം (Antelope), ചെന്നായ (Wolf), കുതിര (Horse) എന്നിവയാണ് പ്രധാനമായും കാണപ്പെടുന്ന മൃഗങ്ങൾ.

*കിഴക്കൻ യൂറോപ്യൻ കാലാവസ്ഥ അനുഭവപ്പെടുന്ന റഷ്യ, ഉക്രൈൻ, റൊമാനിയ, ഹംഗറി, ബൾഗേറിയ തുടങ്ങിയ രാജ്യങ്ങളെ മാർബിൾ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തിരിച്ചറിയുക.*

## പടിഞ്ഞാറൻ യൂറോപ്യൻ കാലാവസ്ഥ
**(Western European Climate)**

കഠിനമായ ശൈത്യവും മിതമായ ചൂടും വർഷം മുഴുവൻ ലഭിക്കുന്ന മഴയുമാണ് പടിഞ്ഞാറൻ യൂറോപ്യൻ കാലാവസ്ഥയുടെ പ്രത്യേകത. വടക്ക് പടിഞ്ഞാറൻ യൂറോപ്യൻ രാജ്യങ്ങളായ ബ്രിട്ടൻ, നെതർലാന്റ്സ് (Netherlands), ബെൽജിയം (Belgium), തെക്കൻ നോർവെ, ഡെന്മാർക്ക് (Denmark) പടിഞ്ഞാറൻ ഫ്രാൻസ്, വടക്കൻ സ്പെയിൻ എന്നിവിടങ്ങളിലാണ് പടിഞ്ഞാറൻ യൂറോപ്യൻ കാലാവസ്ഥ അനുഭവപ്പെടുന്നത്. അറ്റ്ലാന്റിക് സമുദ്രത്തിന്റെ സാന്നിധ്യം ഇവിടുത്തെ കാലാവസ്ഥയെ സ്വാധീനിക്കുന്നു.


*ചിത്രം 10.20 ● ബീച്ച്*

സസ്യവളർച്ചയ്ക്ക് അനുയോജ്യമായ കാലാവസ്ഥയാണ് പടിഞ്ഞാറൻ യൂറോപ്യൻ കാലാവസ്ഥ. ബലമുള്ള തടിയും വിസ്താരമേറിയ ഇലകളുമുള്ള ഇലപൊഴിയും മരങ്ങളാണ് ഇവിടങ്ങളിൽ കാണപ്പെടുന്നത്. ബീച്ച് (Beech), എൽമ് (Elm), ഓക്ക് (Oak), ബിർച്ച് (Birch), ആഷ് (Ash) എന്നിവയാണ് ഇവയ്ക്ക് ഉദാഹരണം. അണ്ണാൻ, കുറുക്കൻ, മുയൽ, മാൻ, ചെന്നായ തുടങ്ങിയവയും ഇവിടെ കാണപ്പെടുന്നു.


*ചിത്രം 10.21 ● എൽമ്*


*ചിത്രം 10.22 ● ഓക്ക്*


*ചിത്രം 10.23 ● ആഷ്*

## മെഡിറ്ററേനിയൻ കാലാവസ്ഥ (Mediterranean Climate)

മെഡിറ്ററേനിയൻ കടലിനുചുറ്റുമുള്ള പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കാലാവസ്ഥയാണ് മെഡിറ്ററേനിയൻ കാലാവസ്ഥ. പോർച്ചുഗൽ, സ്പെയിൻ, ഇറ്റലി, ഗ്രീസ്, ബോസ്നിയ, ഹെർസഗോവിന, ക്രൊയേഷ്യ, തെക്കൻ ഫ്രാൻസ് എന്നിവിടങ്ങളിൽ മെഡിറ്ററേനിയൻ കാലാവസ്ഥ അനുഭവപ്പെടുന്നു. ചൂടുകൂടിയ വരണ്ട വേനൽക്കാലവും തണുത്ത, മഴയോടുകൂടിയ ശൈത്യകാലവുമാണ് മെഡിറ്ററേനിയൻ കാലാവസ്ഥയുടെ സവിശേഷത.


*ചിത്രം 10.24 ● ലാവണ്ടർ*


*ചിത്രം 10.25 ● ഒലിവ്*

മരങ്ങളും കുറ്റിച്ചെടികളും നന്നായി വളരുന്ന കാലാവസ്ഥയാണിത്. റോസ്മേരി (Rosemary), ലാവണ്ടർ (Lavender), ഒലിവ് (Olive), പൈൻ (Pine), ഓറഞ്ച് (Orange), മുന്തിരി (Grape), അത്തി (Fig) എന്നിവയാണ് പ്രധാന സസ്യങ്ങൾ.

ഐബീരിയൻ കാട്ടുപൂച്ച, (Iberian Lynx), ബാർബറി മക്കാക്ക് (Barbary Macaque), മൗഫ്ളോൺ ആട് (Mouflon Goat), സ്പാനിഷ് ഇംപീരിയൽ


*ചിത്രം 10.26 ● അത്തി*

പരുന്ത് (Spanish Imperial Eagle), ഗൗളിക്കിളി (Nuthatch) എന്നീ അപൂർവ ജന്തുവർഗങ്ങൾ മെഡിറ്ററേനിയൻ പ്രദേശത്ത് കാണപ്പെടുന്നു.



ചിത്രം 10.27 • സ്പാനിഷ് ഇംപീരിയൽ പരുന്ത്



ചിത്രം 10.28 • ഐബീരിയൻ കാട്ടുപൂച്ച



ചിത്രം 10.29 • ബാർബറി മക്കാക്ക്



ചിത്രം 10.30 • മൗഫ്ളോൺ ആട്

### വിറ്റി കൾച്ചർ

*മെഡിറ്ററേനിയൻ പ്രദേശങ്ങളിലെ മുന്തിരികൃഷി വളരെ പ്രസിദ്ധമാണ്. ശാസ്ത്രീയമായി നടപ്പിലാക്കുന്ന മുന്തിരികൃഷിയെ വിറ്റികൾച്ചർ (Viticulture) എന്ന് വിളിക്കുന്നു. ഇതോടൊപ്പം വീഞ്ഞ് നിർമ്മാണവും ഇവിടത്തെ പ്രധാന സാമ്പത്തിക പ്രവർത്തനമാണ്.*

*അറ്റ്ലസിന്റെ സഹായത്താൽ തന്നിരിക്കുന്ന യൂറോപ്പിന്റെ ഭൂപടത്തിൽ മെഡിറ്ററേനിയൻ കാലാവസ്ഥ അനുഭവപ്പെടുന്ന പ്രദേശങ്ങൾ അടയാളപ്പെടുത്തുക.*




ചിത്രം 10.31 • യൂറോപ്പിന്റെ ഭൂപടം

*യൂറോപ്പിലെ കാലാവസ്ഥാ സവിശേഷതകൾ പരിശോധിച്ച് തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.*

| കാലാവസ്ഥാ മേഖലകൾ | സവിശേഷതകൾ |
|---|---|
| • ആർട്ടിക് കാലാവസ്ഥ | • <br> • |
| • | • <br> • |
| • | • <br> • |
| • | • <br> • |
| • | • <br> • |

കാലാവസ്ഥയ്ക്കനുസരിച്ച് സസ്യജന്തുജാലങ്ങളിൽ വ്യത്യാസമുണ്ടാകുന്നതുപോലെ കാലാവസ്ഥയും ഭൂപ്രകൃതിയും മനുഷ്യജീവിതത്തേയും സ്വാധീനിക്കുന്നു. യൂറോപ്പിലെ സാമൂഹിക സാംസ്കാരിക ജീവിതം നമുക്ക് പരിശോധിക്കാം.

## സമൂഹവും ജനങ്ങളും

ആഫ്രിക്കയിൽ നിന്നാണ് മനുഷ്യർ ലോകത്തിന്റെ പല ഭാഗത്തേക്കും കുടിയേറിയത് എന്ന് വിശ്വസിക്കുന്നു. 40000 മുതൽ 50000 വർഷങ്ങൾക്ക് മുമ്പ് യൂറോപ്പിൽ എത്തിച്ചേർന്ന മനുഷ്യവംശം പിന്നീട് വിവിധതരം ഭാഷകൾ സംസാരിക്കുകയും വിവിധ സംസ്കാരങ്ങൾ പിന്തുടരുകയും ചെയ്തു. പുറം നാടുകളിലേക്കുള്ള കപ്പൽ യാത്രകളും പര്യവേക്ഷണങ്ങളും യൂറോപ്പിന്റെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, ഭാഷാ വികാസങ്ങൾക്ക് വഴിതെളിച്ചു.

### ജനസംഖ്യ

വലുപ്പത്തിൽ ആറാം സ്ഥാനത്താണെങ്കിലും ജനസംഖ്യയിൽ ഏഷ്യയ്ക്കും ആഫ്രിക്കയ്ക്കും തൊട്ടുപിന്നിലായി മൂന്നാം സ്ഥാനത്താണ് യൂറോപ്പ്. റഷ്യയാണ് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള യൂറോപ്യൻ രാജ്യം. ജർമ്മനി, യുണൈറ്റഡ് കിങ്ഡം, ഫ്രാൻസ്, ഇറ്റലി എന്നീ രാജ്യങ്ങളാണ് ജനസംഖ്യയിൽ റഷ്യയ്ക്ക് പിന്നിലായുള്ളത്.

യൂറോപ്പിന്റെ എല്ലാഭാഗത്തും ജനസംഖ്യ ഒരുപോലെയല്ല കാണപ്പെടുന്നത്. ഭൂഖണ്ഡത്തിന്റെ പടിഞ്ഞാറ്, തെക്ക്, കിഴക്ക് ഭാഗത്തുള്ള രാജ്യങ്ങളിലാണ് ജനസംഖ്യ കൂടുതൽ. സ്കാൻഡിനേവിയൻ ഭൂപ്രദേശത്തുള്ള രാജ്യങ്ങളെയും അവയുടെ കാലാവസ്ഥയെയും ഭൂപ്രകൃതിയെയും കുറിച്ച് നാം ചർച്ചചെയ്തല്ലോ? ഭൂമിശാസ്ത്ര പ്രത്യേകതകൾ കാരണം സ്കാൻഡിനേവിയൻ ഭൂപ്രദേശത്തുള്ള നോർവെ, സ്വീഡൻ, ഫിൻലാന്റ് തുടങ്ങിയ രാജ്യങ്ങളിൽ ജനസംഖ്യയും ജനസാന്ദ്രതയും വളരെ കുറവാണ്. ഈ രാജ്യങ്ങളിൽ തെക്ക് കടലിനോട് ചേർന്നുള്ള പട്ടണങ്ങളിലാണ് ബഹുഭൂരിപക്ഷം ജനങ്ങളും താമസിക്കുന്നത്.

### *യുണൈറ്റഡ് കിങ്ഡം*




*ചിത്രം 10.32*

*ഇംഗ്ലണ്ട് (England), സ്കോട്ട്ലാൻഡ് (Scotland), വെയിൽസ് (Wales) എന്നീ രാജ്യങ്ങളെ ചേർത്ത് ഗ്രേറ്റ് ബ്രിട്ടൻ (Great Britain) എന്നും ഗ്രേറ്റ് ബ്രിട്ടന്റെ കൂടെ വടക്കൻ അയർലൻഡ് (Northern Ireland) കൂടിച്ചേരുമ്പോൾ അവയെ യുണൈറ്റഡ് കിങ്ഡം (United Kingdom) എന്നും വിളിക്കുന്നു.*

*നോർവെ, സ്വീഡൻ, ഫിൻലാന്റ് തുടങ്ങിയ രാജ്യങ്ങളിലെ ഭൂപ്രകൃതിയും കാലാവസ്ഥയും ജനസാന്ദ്രതയെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് ഒരു കുറിപ്പ് തയ്യാറാക്കുക.*

### യൂറോപ്യൻ യൂണിയൻ

*1957ൽ ബെൽജിയം, ജർമ്മനി, ഫ്രാൻസ്, ഇറ്റലി, ലക്സംബർഗ്, നെതർലാന്റ്സ് എന്നീ ആറ് രാജ്യങ്ങൾ ചേർന്ന് ആരംഭിച്ച കൂട്ടായ്മയാണ് 1993ൽ യൂറോപ്യൻ യൂണിയന്റെ രൂപീകരണത്തിന് വഴിതെളിച്ചത്. രാജ്യങ്ങൾക്കിടയിലെ സാമ്പത്തിക ഐക്യവും ആഭ്യന്തര കമ്പോളവും ലക്ഷ്യമിട്ട് ആരംഭിച്ച കൂട്ടായ്മ പിന്നീട് സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിലേക്കും ശ്രദ്ധ കേന്ദ്രീകരിച്ചു. സമാധാനം, അനുരഞ്ജനം, ജനാധിപത്യം, മനുഷ്യാവകാശം എന്നീ മേഖലകളിലെ സംഭാവനയ്ക്ക് യൂറോപ്യൻ യൂണിയന് 2012ലെ സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചിരുന്നു.*

വ്യത്യസ്ത ഭൂപ്രകൃതി, സംസ്കാരം, കുടിയേറ്റം എന്നിവയുടെ സ്വാധീനംമൂലം വിവിധ ഭാഷകളാണ് യൂറോപ്പിൽ സംസാരിക്കുന്നത്. യൂറോപ്പിൽ ഏറ്റവും കൂടുതൽ ആളുകൾ സംസാരിക്കുന്നത് റഷ്യൻ ഭാഷയാണ്. ഇതിന് പുറമെ ജർമ്മൻ, ഫ്രഞ്ച്, ഇറ്റാലിയൻ, ഇംഗ്ലീഷ്, സ്പാനിഷ് എന്നീ ഭാഷകളും വ്യാപകമായി സംസാരിക്കുന്നു.

യൂറോപ്പിലെ ജനസംഖ്യാവർധനവിന്റെ ഒരു പ്രധാന കാരണം കുടിയേറ്റമാണ്. ആഫ്രിക്ക, മധ്യേഷ്യ, തെക്കനേഷ്യ എന്നിവിടങ്ങളിൽ നിന്നും വലിയ തോതിൽ ജനങ്ങൾ യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിലേക്ക് കുടിയേറുന്നു.

ലോകത്തിലെ ഏറ്റവും വികസിതമായ പ്രദേശങ്ങളിൽ ഒന്നാണ് യൂറോപ്പ്. മികച്ച കാലാവസ്ഥയും, സുലഭമായ പ്രകൃതി വിഭവങ്ങളും, സാങ്കേതികവിദ്യയും യൂറോപ്പിനെ വ്യാവസായികമായും കാർഷികമായും സമ്പന്നമാക്കുന്നു. ഇതുതന്നെയാണ് യൂറോപ്പിലേക്കുള്ള കുടിയേറ്റത്തിന്റെ പ്രധാനകാരണങ്ങളിലൊന്ന്. യൂറോപ്പിലെ പ്രധാന കൃഷിരീതികളും വ്യവസായങ്ങളും ഏതെല്ലാമെന്ന് നോക്കാം.

## കൃഷിയും വ്യവസായവും

കൃഷിയിൽ പ്രാദേശിക വൈവിധ്യം നിലനിൽക്കുന്നുണ്ടെങ്കിലും സ്ഥലലഭ്യതയ്ക്കും ജനസാന്ദ്രതയ്ക്കും അനുസരിച്ച് തീവ്രകൃഷി, വ്യാപകകൃഷി, മിശ്രകൃഷി എന്നീ കൃഷിരീതികളാണ് യൂറോപ്പിൽ പ്രധാനമായും കണ്ടുവരുന്നത്.

| തീവ്രകൃഷി (Intensive Farming) | വ്യാപകകൃഷി (Extensive Farming) | മിശ്രകൃഷി (Mixed Farming) |
|---|---|---|
| • ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ മികച്ച സാങ്കേതികവിദ്യ ഉപയോഗിച്ച് വർധിച്ച ഉൽപാദനം നടത്തുന്ന കൃഷിരീതി. | • അതിവിശാലമായ ഭൂപ്രദേശങ്ങളിൽ വാണിജ്യാടിസ്ഥാനത്തിൽ നടത്തുന്ന യന്ത്രവൽകൃത ധാന്യകൃഷിരീതി. | • കൃഷിയോടൊപ്പം മൃഗപരിപാലനവും നടത്തുന്ന രീതി. |

| | | |
|---|---|---|
| • മെഡിറ്ററേനിയൻ കാലാവസ്ഥ അനുഭവപ്പെടുന്ന രാജ്യങ്ങളിൽ കൃഷി ചെയ്യുന്നു | • വടക്കൻ യൂറോപ്പിലെ സ്റ്റെപ്പീസ് പുൽമേടു കളിലാണ് ഇത്തരം കൃഷി നടക്കുന്നത് | • മധ്യ പടിഞ്ഞാറൻ യൂറോപ്പിലാണ് ഇത്തരം കൃഷിരീതി പ്രധാനമായും കാണപ്പെടുന്നത് |
| • ഓറഞ്ച്, ഒലിവ്, മുന്തിരി എന്നിവയാണ് പ്രധാനമായും കൃഷി ചെയ്യുന്നത് | • ഗോതമ്പാണ് പ്രധാന വിള. ബാർലി, ചോളം, ഓട്സ് തുടങ്ങിയ ധാന്യങ്ങളും കൃഷി ചെയ്യുന്നു | • ധാന്യങ്ങൾ, പച്ചക്കറികൾ എന്നിവയുടെ ഉൽപാദനത്തോടൊപ്പം കന്നുകാലികളേയും പരിപാലിക്കുന്നു |

*യൂറോപ്പിലെ കൃഷിരീതികളെ അടിസ്ഥാനമാക്കി വിളകളെ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.*

| പ്രദേശം | വിളകൾ |
|---|---|
| *മധ്യ പടിഞ്ഞാറൻ യൂറോപ്പ്* | |
| *മെഡിറ്ററേനിയൻ ഭൂപ്രദേശം* | |
| *സ്റ്റെപ്പീസ് പുൽമേടുകൾ* | |

യൂറോപ്പിൽ കൃഷിയോളം തന്നെ പ്രാധാന്യമുള്ള ഒരു പ്രാഥമിക സാമ്പത്തിക പ്രവർത്തനമാണ് മത്സ്യബന്ധനം. സമുദ്രസാമീപ്യം എങ്ങനെയാണ് യൂറോപ്പിന്റെ മത്സ്യബന്ധനമേഖലയെ സ്വാധീനിക്കുന്നതെന്ന് നമുക്ക് പരിശോധിക്കാം.

### മത്സ്യബന്ധനം

വടക്കൻ കടൽ (North Sea), ഉത്തര അറ്റ്ലാന്റിക് സമുദ്രം, ആർട്ടിക് സമുദ്രം എന്നിവയോട് ചേർന്നുകിടക്കുന്ന നോർവെ, ഡെന്മാർക്ക്, പോളണ്ട് എന്നീ രാജ്യങ്ങളിലെ ഒരു പ്രധാന തൊഴിലാണ് മത്സ്യബന്ധനം. കോഡ് (Cod), മത്തി (Herring), സാൽമൺ (Salmon), ഹാലിബട്ട് (Halibut), കടൽ ട്രൗട്ട് (Sea Trout) തുടങ്ങിയ മത്സ്യങ്ങൾ ഈ പ്രദേശങ്ങളിൽ നിന്നും ധാരാളമായി ലഭിക്കുന്നു.


*ചിത്രം 10.33 • സാൽമൺ*


*ചിത്രം 10.34 • ഹാലിബട്ട്*


*ചിത്രം 10.35 • കടൽ ട്രൗട്ട്*

### ഗ്രേറ്റ് ഫിഷർ ബാങ്ക്
**(Great Fisher Bank)**

*യൂറോപ്പിൽ ഏറ്റവും കൂടുതൽ മത്സ്യലഭ്യതയുള്ള പ്രദേശങ്ങൾ ഡെൻമാർക്ക്-നോർവെ തീരത്തുള്ള ഗ്രേറ്റ് ഫിഷർ ബാങ്കും, ഡോഗർ ബാങ്കുമാണ് (Dogger Bank). ഇവയ്ക്ക് പുറമെ മെഡിറ്ററേനിയൻ കടലും കരിങ്കടലും ഉൾനാടൻ കായലുകളും മത്സ്യബന്ധനവ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നു.*

## യൂറോപ്പിലെ വാഹന നിർമ്മാണ വ്യവസായം

*യൂറോപ്യൻ രാജ്യങ്ങൾ വാഹന നിർമ്മാണത്തിൽ മുൻപന്തിയിലാണ്. ലോകയുദ്ധങ്ങളുടെ സമയത്ത് തങ്ങളുടെ രാജ്യത്തിന്റെ പട്ടാളമുന്നേറ്റത്തിനായി യുദ്ധവിമാനങ്ങളും ട്രക്കുകളും ടാങ്കറുകളും നിർമ്മിച്ച പല കമ്പനികളും പിന്നീട് വാഹന നിർമ്മാണ മേഖലയിലേക്ക് തിരിഞ്ഞു. ഔഡി, ഫെരാരി, ബുഗാട്ടി, ഫോക്സ് വാഗൺ, മെഴ്സിഡസ് ബെൻസ്, ബി.എം.ഡബ്ല്യു., റോൾസ് റോയ്സ്, സ്കാനിയ, വോൾവോ, പോർഷെ എന്നിവയെല്ലാം ലോകം മുഴുവൻ ആരാധകരുള്ള യൂറോപ്യൻ വാഹന കമ്പനികളാണ്.*

## വ്യവസായം

വ്യാവസായിക വിപ്ലവം യൂറോപ്പിനെ വികസനത്തിലേക്ക് നയിച്ചു. യൂറോപ്പിലെ ഇരുമ്പുരുക്ക് വ്യവസായം, തുണി വ്യവസായം, നിർമ്മാണ മേഖല എന്നിവയെല്ലാം ലോക ശ്രദ്ധ നേടിയവയാണ്.




*ചിത്രം 10.36 ● യൂറോപ്പിന്റെ വ്യവസായിക ഭൂപടം*

*യൂറോപ്പിന്റെ വ്യാവസായിക ഭൂപടം (ചിത്രം 10.36) പരിശോധിച്ച് താഴെ നൽകിയിട്ടുള്ള പ്രധാന വ്യവസായങ്ങൾ ഏതൊക്കെ രാജ്യങ്ങളിലാണെന്ന് കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.*

| വ്യവസായങ്ങൾ | രാജ്യങ്ങൾ |
|---|---|
| ഇരുമ്പുരുക്ക് | |
| കപ്പൽ നിർമ്മാണം | |
| തുണി | |
| ഓട്ടോമൊബൈൽ | |

കൃഷിയും വ്യവസായവും ജനങ്ങളുടെ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക ജീവിതത്തെ പ്രകടമായി സ്വാധീനിക്കുന്നു. യൂറോപ്പിലെ പ്രധാന ആഘോഷങ്ങളും സാംസ്കാരിക കേന്ദ്രങ്ങളും നഗരങ്ങളും ഏതെല്ലാമെന്ന് പരിശോധിക്കാം.

## ആഘോഷങ്ങളും സാംസ്കാരിക നഗരങ്ങളും

വൈവിധ്യമാർന്ന സംസ്കാരങ്ങളുടേയും വിശ്വാസങ്ങളുടേയും ആഘോഷങ്ങളുടേയും കേന്ദ്രമാണ് യൂറോപ്പ്. യൂറോപ്പിലെ വൈവിധ്യമാർന്ന ക്രിസ്തുമസ് പുതുവത്സര ആഘോഷം, ജർമ്മനിയിലെ ഒക്ടോബർ ഫെസ്റ്റ് (Oktober Fest), സ്പെയിനിലെ ലാ ടൊമാറ്റിന (La Tomatina), കാളപ്പോര്, നെതർലാന്റ്സിലെ കിംഗ്സ് ഡേ (King's Day) കാർണിവൽ, വെനീസ് കാർണിവൽ എന്നിവ എടുത്തുപറയത്തക്ക ആഘോഷങ്ങളാണ്. ഈഫൽ ഗോപുരം, പീസയിലെ ചരിഞ്ഞ ഗോപുരം, ലണ്ടൻ ബ്രിഡ്ജ് (London Bridge) തുടങ്ങിയ നിർമ്മിതികളും കലയും സംസ്കാരവും വിളിച്ചോതുന്ന നഗരങ്ങളും യൂറോപ്പിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളാണ്.


*ചിത്രം 10.37 ● ഒക്ടോബർ ഫെസ്റ്റ്*


*ചിത്രം 10.38 ● ലാ ടൊമാറ്റിന*


*ചിത്രം 10.39 ● കാളപ്പോര്*


*ചിത്രം 10.40 ● കിംഗ്സ് ഡേ കാർണിവൽ*


*ചിത്രം 10.41 ● വെനീസ് കാർണിവൽ*


*ചിത്രം 10.42 ● ചരിഞ്ഞ ഗോപുരം*

## പ്രധാനപ്പെട്ട നഗരങ്ങൾ

### പാരീസ്

യൂറോപ്പിൽ പ്രതിവർഷം ഏറ്റവും കൂടുതൽ വിനോദസഞ്ചാരികൾ എത്തുന്ന നഗരമാണ് പാരീസ്. സൈൻ (Seine) നദീതീരത്ത് സ്ഥിതി ചെയ്യുന്ന പാരീസ് ഫ്രാൻസിന്റെ തലസ്ഥാനമാണ്. ഈഫൽ ഗോപുരം (Eiffel Tower), ലൂവ്രെ മ്യൂസിയം (Louvre Museum) തുടങ്ങിയവ സഞ്ചാരികളെ ഈ നഗരത്തിലേക്ക് ആകർഷിക്കുന്നു.


*ചിത്രം 10.43 ● സൈൻ നദിയും ഈഫൽ ഗോപുരവും*

### ലണ്ടൻ

തേംസ് (Thames) നദീതീരത്ത് സ്ഥിതി ചെയ്യുന്ന ലണ്ടൻ, ഇംഗ്ലണ്ടിന്റെയും യുണൈറ്റഡ് കിങ്ഡത്തിന്റെയും തലസ്ഥാനവും, ഏറ്റവും വലിയ നഗരവുമാണ്.

### ബെർലിൻ

ജർമ്മനിയുടെ തലസ്ഥാനവും ഏറ്റവും വലിയ നഗരവുമാണ് ബെർലിൻ. സ്പ്രീ (Spree) നദീതീരത്താണ് ഈ നഗരം സ്ഥിതിചെയ്യുന്നത്.


*ചിത്രം 10.44 ● ലണ്ടൻ നഗരം*



ചിത്രം 10.45 • ബെർലിൻ നഗരം



ചിത്രം 10.46 • മോസ്കോ നഗരം



ചിത്രം 10.47 • റോം നഗരം



ചിത്രം 10.48 • കൊളോസിയം

### മോസ്കോ

റഷ്യയുടെ തലസ്ഥാനമാണ് മോസ്കോ. മോസ്കോവ നദീതീരത്ത് സ്ഥിതി ചെയ്യുന്ന ഈ നഗരമാണ് യൂറോപ്പിലെ ഏറ്റവും വലിയ നഗരം.

### റോം

ഇറ്റലിയുടെ തലസ്ഥാനനഗരമായ റോം ടൈബർ (Tiber) നദീതീരത്താണ്. റോമാസാമ്രാജ്യത്തിന്റെയും ക്രിസ്തുമതത്തിന്റെയും നിരവധി സ്മാരകങ്ങൾ ഇവിടെ സ്ഥിതി ചെയ്യുന്നു. റോമിലെ കൊളോസിയം (Colosseum) പുരാതന ലോകമഹാത്ഭുതങ്ങളിൽ ഒന്നാണ്.

ഇവയ്ക്ക് പുറമെ മാഡ്രിഡ് (Madrid), ഏഥൻസ് (Athens), ആംസ്റ്റർഡാം (Amsterdam), വിയന്ന (Vienna), ബാഴ്സലോണ (Barcelona), ലിസ്ബൻ (Lisbon), ഡബ്ലിൻ (Dublin) എന്നിവയെല്ലാം യൂറോപ്പിലെ പ്രധാന നഗരങ്ങളാണ്.

*യൂറോപ്പിലെ ചില പ്രധാന നദികളാണ് ചുവടെ നൽകിയിട്ടുള്ളത്. അവയുടെ തീരത്ത് സ്ഥിതിചെയ്യുന്ന നഗരങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.*

| നദി | നഗരം |
|---|---|
| തേംസ് | |
| ടൈബർ | |
| മോസ്കോവ | |
| സെൻ | |
| സ്പ്രീ | |

## ആയിരം തടാകങ്ങളുടെ നാട്




ചിത്രം 10.49 • ഫിൻലാന്റിന്റെ ഭൂപടം

നിങ്ങൾ ആയിരം തടാകങ്ങളുടെ നാട് എന്ന് കേട്ടിട്ടുണ്ടോ? വടക്കൻ യൂറോപ്യൻ രാജ്യമായ ഫിൻലാന്റിനെ ഇങ്ങനെ വിശേഷിപ്പിക്കാറുണ്ട്. ആയിരം തടാകങ്ങളുടെ നാട് എന്ന് വിശേഷിപ്പിക്കാറുണ്ടെങ്കിലും ഒരുലക്ഷത്തിലധികം തടാകങ്ങളും നിരവധി നദികളും വിശാലമായ ചതുപ്പുനിലങ്ങളും നിറഞ്ഞതാണ് ഫിൻലാന്റ്. ഫിൻലാന്റിന്റെ തെക്കായി ബാൾട്ടിക് കടലും ഫിൻലാന്റ് കടലിടുക്കും തെക്കുപടിഞ്ഞാറായി ബോത്നിയ കടലിടുക്കും സ്ഥിതി ചെയ്യുന്നു. ഇവിടുത്തെ ഭൂപ്രകൃതിയും കാലാവസ്ഥയും സംസ്കാരവും നിരവധി വിനോദസഞ്ചാരികളെ ആകർഷിക്കുന്നു.

*അറ്റ്ലസ് നിരീക്ഷിച്ച് ഫിൻലാന്റിന്റെ അയൽ രാജ്യങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.*

| | |
|---|---|
| *കിഴക്ക്* | |
| *തെക്ക്* | *എസ്റ്റോണിയ* |
| *വടക്ക് കിഴക്ക്* | |
| *വടക്ക്* | |

## കാലാവസ്ഥയും ജനജീവിതവും

ആർട്ടിക് കാലാവസ്ഥയും ഉപ ആർട്ടിക് കാലാവസ്ഥയുമാണ് ഫിൻലാന്റിൽ പൊതുവെ അനുഭവപ്പെടുന്നത്. അതിശൈത്യവും മഞ്ഞുവീഴ്ചയും ഫിൻലാന്റിന്റെ വടക്ക് ഭാഗങ്ങളിലെ ജനജീവിതം ദുസ്സഹമാക്കുന്നു. ഇതുകാരണം ഫിൻലാന്റിന്റെ കടലിനോട് ചേർന്ന പ്രദേശങ്ങളാണ് പ്രധാന ജനവാസമേഖലകൾ. ഫിൻസ് (Finns) എന്ന് വിളിക്കപ്പെടുന്ന ഫിൻലാന്റ് ജനതയുടെ അഞ്ചിൽ ഒരു ഭാഗം തലസ്ഥാനമായ ഹെൽസിങ്കി (Helsinki) യിലാണ് വസിക്കുന്നത്. ലോകത്തിലെ പ്രധാന ജനവാസമേഖലകൾ പലതും തീരപ്രദേശങ്ങളിലാണല്ലോ സ്ഥിതി ചെയ്യുന്നത്. അതിന്റെ കാരണങ്ങൾ എന്തെല്ലാമായിരിക്കാം?



*ചിത്രം 10.50*



*ചിത്രം 10.51 • ഹെൽസിങ്കി നഗരം*

- 
- 

ഫിൻലാന്റിന്റെ മൂന്നിൽ രണ്ട് ഭാഗവും വനപ്രദേശമാണ്. പ്രകൃതി വിഭവങ്ങൾ താരതമ്യേന കുറഞ്ഞ ഫിൻലാന്റിൽ ഗുണമേന്മ കുറഞ്ഞ കൽക്കരിയാണ് (പീറ്റ്) പ്രധാനമായും കാണപ്പെടുന്നത്. ശൈത്യം കഠിനമായതിനാൽ ഊർജത്തിന്റെ ഉപയോഗം വളരെ കൂടുതലാണ്. രാജ്യത്തെ ഊർജത്തിന്റെ പ്രധാന സ്രോതസ്സ് ജലവൈദ്യുതിയാണ്. എന്നാൽ ശൈത്യം വൈദ്യുതി ഉൽപാദനത്തിന് തടസ്സം സൃഷ്ടിക്കുന്നു. കഠിനമായ ശൈത്യവും നിരന്തരമായ മഞ്ഞുവീഴ്ചയും നിർമ്മാണ പ്രവർത്തനത്തിനും ഗതാഗതത്തിനും തടസ്സങ്ങൾ സൃഷ്ടിക്കുകയും നിർമ്മാണ ചെലവ് വർധിപ്പിക്കുകയും ചെയ്യുന്നു.

## സന്തോഷത്തിന്റെ നാട്

പരിമിതികൾ പലതുണ്ടായിട്ടും 2024ൽ ഐക്യരാഷ്ട്ര സംഘടനയുടെ ലോക സന്തോഷ സൂചികയിൽ (World Happiness Index) ഫിൻലാന്റ് ഒന്നാമതാണ്. തുടർച്ചയായി ഏഴാം തവണയാണ് ഫിൻലാന്റ് ഈ നേട്ടം കൈവരിക്കുന്നത്.

### എങ്ങനെയാണ് സന്തോഷ സൂചിക തയ്യാറാക്കുന്നത്?

*ആളോഹരി വരുമാനം, സാമൂഹിക പിന്തുണ, ആരോഗ്യകരമായ ആയുർദൈർഘ്യം, സ്വാതന്ത്ര്യം, ദാനശീലം, അഴിമതി എന്നീ ആറ് ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് സന്തോഷ സൂചിക തയ്യാറാക്കുന്നത്.*

സ്കാൻഡിനേവിയൻ ഭൂപ്രകൃതിയും ആർട്ടിക് കാലാവസ്ഥയും അനുഭവിക്കുന്ന രാജ്യങ്ങളായ നോർവെ, സ്വീഡൻ, ഡെന്മാർക്ക്, ഐസ്‌ലാന്റ് എന്നീ രാജ്യങ്ങളെല്ലാം ഫിൻലാന്റിന്റെ പിന്നിലായി ലോക സന്തോഷ സൂചികയിൽ ആദ്യ പത്ത് സ്ഥാനങ്ങളിലായി തന്നെയുണ്ട്. കൂടാതെ, ലോകരാജ്യങ്ങളുടെ വികസനത്തെ വിലയിരുത്തുന്നതിനായി ഐക്യരാഷ്ട്ര സംഘടന തയ്യാറാക്കുന്ന മാനവ വികസന സൂചികയിലും (Human Development Index) ഈ രാജ്യങ്ങൾ വളരെ മുന്നിലാണ്.

മികച്ച കാലാവസ്ഥയും ഭൂപ്രകൃതിയും പ്രകൃതി വിഭവങ്ങളുമുള്ള ധാരാളം രാജ്യങ്ങൾ സന്തോഷസൂചികയിൽ ഫിൻലാന്റിന് പുറകിലാണ്. പ്രതികൂലമായ കാലാവസ്ഥയെയും ഭൂപ്രകൃതിയെയും തരണം ചെയ്ത് വികസനത്തിലേക്ക് കുതിക്കാനുള്ള ഫിൻലാന്റ് ജനതയുടെ ഇച്ഛാശക്തിയും കഠിനാധ്വാനവും ലോകത്തിന് തന്നെ മാതൃകയാക്കാവുന്നതാണ്.

## തുടർപ്രവർത്തനങ്ങൾ

- യൂറോപ്പിന്റെ ഭൂപട രൂപരേഖയിൽ പ്രധാന ഭൂപ്രകൃതി വിഭാഗങ്ങൾ അടയാളപ്പെടുത്തി വ്യത്യസ്ത നിറങ്ങൾ നൽകി ക്ലാസിൽ പ്രദർശിപ്പിക്കുക.
- യൂറോപ്പിലെ പ്രധാന സസ്യ-ജന്തുജാലങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് ഒരു ഡിജിറ്റൽ ആൽബം തയ്യാറാക്കുക.
- 'യൂറോപ്പിലെ ഭൂപ്രകൃതിയും കാലാവസ്ഥയും നൈസർഗിക സസ്യജാലങ്ങളിലും ജന്തുജാലങ്ങളിലും ചെലുത്തുന്ന സ്വാധീനം' എന്ന വിഷയത്തിൽ ഒരു പ്രോജക്ട് തയ്യാറാക്കുക.
- യൂറോപ്പിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ഒരു ബ്രോഷർ തയ്യാറാക്കുക.

യൂണിറ്റ് 11

# ഫ്യൂഡലിസവും മധ്യകാല ലോകവും






*ചിത്രം 11.1 • മനോറിയൽ എസ്റ്റേറ്റ്*

മധ്യകാലഘട്ടത്തിൽ നിലനിന്ന ഫ്യൂഡലിസവുമായി ബന്ധപ്പെട്ട മനോറിയൽ എസ്റ്റേറ്റിന്റെ രൂപരേഖയാണ് ചിത്രം 11.1ൽ നൽകിയിട്ടുള്ളത്. പ്രഭുക്കന്മാർ താമസിച്ചിരുന്ന വിശാലമായ പ്രദേശമാണ് മനോറിയൽ എസ്റ്റേറ്റ്. ഇവിടെ എന്തെല്ലാം സൗകര്യങ്ങളുണ്ടായിരുന്നുവെന്ന് ചിത്രത്തിൽ നിന്ന് കണ്ടെത്തുമല്ലോ?

ഫ്യൂഡലിസത്തെയും മധ്യകാലത്തെ അധികാരകേന്ദ്രങ്ങളെയുംകുറിച്ച് കൂടുതൽ കാര്യങ്ങൾ നമുക്ക് ചർച്ച ചെയ്യാം.

## ഫ്യൂഡലിസം

പാശ്ചാത്യ റോമാസാമ്രാജ്യത്തിന്റെ തകർച്ചയെത്തുടർന്ന് മധ്യകാല യൂറോപ്പിൽ നിലവിൽവന്ന സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയവ്യവസ്ഥ യാണ് ഫ്യൂഡലിസം. 'ഒരു തുണ്ട് ഭൂമി' എന്ന അർഥം വരുന്ന 'ഫ്യൂഡ്' എന്ന ജർമ്മൻ വാക്കിൽ നിന്നാണ് 'ഫ്യൂഡലിസം' എന്ന പദം രൂപപ്പെട്ടത്. ഫ്രാൻസിൽ ആവിർഭവിച്ച ഫ്യൂഡലിസം പിൽക്കാലത്ത് ഇംഗ്ലണ്ട്, ഇറ്റലി എന്നിവിടങ്ങളിലേക്ക് വ്യാപിച്ചു. ഫ്യൂഡൽ വ്യവസ്ഥിതിയിൽ മൂന്ന് ക്രമങ്ങളാണുള്ളത്. അവ ഇങ്ങനെയാണ്.

**ഫ്യൂഡൽ വ്യവസ്ഥിതിയിലെ മൂന്ന് ക്രമങ്ങൾ**

- **പുരോഹിതർ**
- **പ്രഭുക്കന്മാർ**
- **കർഷകർ**



*ചിത്രം 11.2 • വേട്ടയ്ക്ക് പുറപ്പെടുന്ന ഫ്രഞ്ച് പ്രഭുക്കന്മാർ*

ഫ്യൂഡലിസത്തിൽ മുഴുവൻ ഭൂമിയുടെയും ഉടവസ്ഥാവകാശം രാജാവിനായിരുന്നു. രാജാവ് തന്റെ കൈവശമുള്ള ഭൂമി പ്രഭുക്കന്മാർക്ക് നൽകിയിരുന്നു. ഇതിനുപകരമായി പ്രഭുക്കന്മാർ രാജാവിനോട് കൂറുള്ളവരായിരിക്കുമെന്നും അവശ്യസന്ദർഭത്തിൽ സൈന്യത്തെ നൽകി സഹായിക്കുമെന്നും പ്രതിജ്ഞ ചെയ്തിരുന്നു. പ്രഭുവിന് സൈന്യത്തെ രൂപീകരിക്കാനും നീതിന്യായവ്യവസ്ഥ നടപ്പിലാക്കാനും സ്വന്തമായി നാണയം അച്ചടിക്കാനും അധികാരമുണ്ടായിരുന്നു. ഫ്യൂഡൽ വ്യവസ്ഥിതിയിൽ ഒന്നും രണ്ടും വിഭാഗങ്ങളെ നിലനിർത്തിയിരുന്ന മൂന്നാമത്തെ വിഭാഗമായ കർഷകരിൽ രണ്ട് വിഭാഗങ്ങളുണ്ടായിരുന്നു. അവ ഏതെല്ലാമെന്ന് നോക്കാം.

- **സ്വതന്ത്ര കർഷകർ**
- **അടിയാന്മാർ**

ഇവരുടെ അവസ്ഥ എന്തായിരുന്നുവെന്ന് പരിശോധിക്കാം.

- ഇവർക്ക് സ്വന്തമായി ഭൂമി ഉണ്ടായിരുന്നില്ല
- പ്രഭുക്കന്മാരുടെ കൃഷിയിടങ്ങളിലും വീടുകളിലും പണിയെടുക്കേണ്ടിവന്നു
- വേതനം ലഭിച്ചിരുന്നില്ല
- പ്രഭുവിന്റെ അനുവാദമില്ലാതെ ഭൂമിവിട്ടുപോകാൻ കഴിയുമായിരുന്നില്ല

*ഫ്യൂഡൽ സമൂഹത്തിന്റെ സവിശേഷതകളെക്കുറിച്ച് ചർച്ച ചെയ്ത് ചുവർപത്രിക തയ്യാറാക്കുക.*

പതിനാലാം നൂറ്റാണ്ടോടെ ഫ്യൂഡലിസം തകരാൻ തുടങ്ങി. ഇതിനിടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നു.

| സാഹചര്യങ്ങൾ | |
|---|---|
| | കാലാവസ്ഥാ വ്യതിയാനം |
| | ലോഹനാണയങ്ങളുടെ ദൗർലഭ്യം |
| | രാജാധികാരം ശക്തിപ്പെട്ടത് |
| | പ്ലേഗ് അഥവാ കറുത്തമരണം (Black Death) എന്ന മഹാമാരിയുടെ വ്യാപനം |
| | വെടിമരുന്നിന്റെ കണ്ടുപിടിത്തം |
| | കുരിശുയുദ്ധങ്ങൾ |

## വിശുദ്ധ റോമാസാമ്രാജ്യം (Holy Roman Empire)

റോം ആസ്ഥാനമായി നിലനിന്നിരുന്ന സാമ്രാജ്യത്തെക്കുറിച്ച് നിങ്ങൾ മുൻക്ലാസിൽ പഠിച്ചുവല്ലോ? പിൽക്കാലത്ത് റോമാസാമ്രാജ്യം, പശ്ചിമ റോമാസാമ്രാജ്യം, പൂർവ റോമാസാമ്രാജ്യം എന്നിങ്ങനെ രണ്ടായി വിഭജിക്കപ്പെട്ടു. പശ്ചിമ റോമാസാമ്രാജ്യത്തെ പിൽക്കാലത്ത് യൂറോപ്പിലെ ഗോത്രവിഭാഗമായ ഫ്രാങ്കുകൾ കീഴടക്കി. ഇവർ സ്ഥാപിച്ച സാമ്രാജ്യമാണ് ഫ്രാങ്കിഷ് സാമ്രാജ്യം. ഈ സാമ്രാജ്യത്തിലെ പ്രസിദ്ധനായ ഭരണാധികാരി ഷാലമീൻ (Charlemagne) ആയിരുന്നു. പോപ്പ് ലിയോ മൂന്നാമനെ ശത്രുക്കൾ റോമാനഗരത്തിൽ നിന്ന് പുറത്താക്കിയപ്പോൾ ഷാലമീൻ അവരെ പരാജയപ്പെടുത്തുകയും അദ്ദേഹത്തെ വീണ്ടും പോപ്പായി അവരോധിക്കുകയും ചെയ്തു. ഇതിന് പ്രത്യുപകാരമായി ഷാലമീനെ ആദ്യത്തെ വിശുദ്ധ റോമാചക്രവർത്തിയായി പോപ്പ് കിരീടധാരണം ചെയ്തു. അതിനാൽ ഈ സാമ്രാജ്യം വിശുദ്ധ റോമാസാമ്രാജ്യം (Holy Roman Empire) എന്ന പേരിലും അറിയപ്പെടുന്നു. ഈ കാലഘട്ടത്തിലെ



*ചിത്രം 11.3 ● കരോലിൻജിയൻ*

### *വാസ്തുവിദ്യയിലെ കരോലിൻജിയൻ ശൈലി*

*ബൈസാന്റയിൻ ശൈലിയും പ്രാചീനറോമൻ ശൈലിയും സംയോജിപ്പിച്ച ശൈലിയായിരുന്നു കരോലിൻജിയൻ ശൈലി. കമാനാകൃതിയിലുള്ള വാതിലുകളും താഴികക്കുടങ്ങളും മൊസൈക് തറകളും ഇതിന്റെ സവിശേഷതകളാണ്.*



ചിത്രം 11.4 ● പോപ്പ്, ഷാലമീന്റെ കിരീടധാരണം നിർവഹിക്കുന്നു

വാസ്തുവിദ്യാശൈലി കരോലിൻജിയൻ ശൈലി എന്നറിയപ്പെടുന്നു. ഷാലമീന്റെ കാലഘട്ടത്തിലുണ്ടായ വൈജ്ഞാനിക പുരോഗതി കരോലിൻജിയൻ നവോത്ഥാനം എന്നറിയപ്പെടുന്നു.

## പൂർവ റോമാസാമ്രാജ്യം (Eastern Roman Empire)

റോം ആസ്ഥാനമാക്കി നിലനിന്നിരുന്ന പശ്ചിമ റോമാസാമ്രാജ്യത്തിന്റെ തകർച്ചയ്ക്ക് ശേഷം കിഴക്ക് ഉദയം ചെയ്ത സാമ്രാജ്യമാണ് പൂർവ റോമാ സാമ്രാജ്യം. ഇതിന്റെ തലസ്ഥാനം കോൺസ്റ്റാന്റിനോപ്പിളായിരുന്നു. കോൺസ്റ്റാന്റിനോപ്പിളിന്റെ പഴയ പേര് ബൈസാന്റയിൻ എന്നായിരുന്നു. അതിനാൽ ഈ സാമ്രാജ്യം ബൈസാന്റയിൻ സാമ്രാജ്യം എന്നും അറിയപ്പെടുന്നു. പൂർവ റോമാസാമ്രാജ്യത്തിലെ പ്രസിദ്ധനായ ഭരണാധികാരിയായിരുന്നു ജസ്റ്റീനിയൻ. ലോകത്തിന് ജസ്റ്റീനിയൻ നൽകിയ ഏറ്റവും വലിയ സംഭാവനയാണ് ജസ്റ്റീനിയന്റെ നിയമം (Code of Justinian). രാജ്യത്ത് നിലനിന്നിരുന്ന നിയമങ്ങളും നിയമശാസ്ത്രങ്ങളും നിയമങ്ങളുടെ ശാസനങ്ങളും ക്രോഡീകരിച്ച് വ്യക്തമായ ഒരു നിയമം ഉണ്ടാക്കുന്നതിന് വേണ്ടി നിയമജ്ഞരുടെ ഒരു സമിതി രൂപീകരിച്ചു. ഇങ്ങനെ തയ്യാറാക്കിയ നിയമമാണ് കോർപ്പസ് ജൂറിസ് സിവിൽസ് (Corpus Juris Civils). ഇതിന് മൂന്ന് ഭാഗങ്ങൾ ഉണ്ടായിരുന്നു.




ചിത്രം 11.5 ● പൂർവ റോമാസാമ്രാജ്യം

**കോർപ്പസ് ജൂറിസ് സിവിൽസ്**
- ഡൈജസ്റ്റ്
- കോഡ്
- ഇൻസ്റ്റിറ്റ്യൂട്ട്

## മധ്യഇസ്‌ലാമിക പ്രദേശങ്ങൾ

ചെങ്കടലിനും പേർഷ്യൻ ഉൾക്കടലിനും ഇടയിൽ അറബികൾ വസിച്ചിരുന്ന വിശാലമായ ഭൂപ്രദേശമാണ് അറേബ്യൻ ഉപദ്വീപ്. അറബികൾ പല ഗോത്രങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. ഭൂരിഭാഗം ഗോത്രങ്ങളും നാടോടി ജീവിതമാണ് നയിച്ചിരുന്നത്. എന്നാൽ നഗരങ്ങളിൽ വസിച്ചിരുന്ന ചില വിഭാഗങ്ങൾ കച്ചവടത്തിലും കൃഷിയിലും വ്യാപൃതരായിരുന്നു. ഇവർ കച്ചവടത്തിനായി വിവിധ പ്രദേശങ്ങളിൽ

സഞ്ചരിച്ചു. അറബികളുടെ തീർത്ഥാടന കേന്ദ്രമായിരുന്നു മക്കയിലെ കഅബാ (Kaba). തീർത്ഥാടനകാലം സമാധാനത്തിന്റെ കാലമായിരുന്നു.

പ്രവാചകനായ മുഹമ്മദ് നബി പരസ്പരം കലഹിച്ചിരുന്ന അറബ് ഗോത്രങ്ങളെ ഒന്നിപ്പിച്ചു. എന്നാൽ അദ്ദേഹത്തിന്റെ ആശയങ്ങളെ മക്കയിലെ ധനികരായ വ്യാപാരികൾ എതിർത്തു. അതിനാൽ സി.ഇ. 622ൽ മുഹമ്മദ് നബി തന്റെ അനുയായികളുമായി മക്കയിൽ നിന്ന് മദീനയിലേക്ക് പലായനം ചെയ്തു. ഇത് ഹിജറ എന്ന പേരിൽ അറിയപ്പെടുന്നു. വളരെ പെട്ടെന്ന് തന്നെ അദ്ദേഹം മദീനയുടെ ഭരണാധികാരിയായി മാറി. പിന്നീട് മക്കയുടെ നിയന്ത്രണം ലഭിച്ചതോടെ മദീന ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഭരണ തലസ്ഥാനമായി. മക്ക മത കേന്ദ്രമായി മാറുകയും ചെയ്തു. അങ്ങനെ അറേബ്യയിലെ വലിയൊരു ഭാഗം പ്രദേശത്തെ ഏകീകരിച്ച് അറബ് സംസ്കാരം കെട്ടിപ്പടുക്കുന്നതിന് മുഹമ്മദ് നബിക്ക് കഴിഞ്ഞു.




*ഭൂപടം 11.6 • മധ്യഇസ്‌ലാമിക പ്രദേശങ്ങൾ*

## ഖലീഫ ഭരണം

മുഹമ്മദ് നബിയുടെ നിര്യാണത്തെ തുടർന്ന് അധികാരത്തിൽ വന്ന അദ്ദേഹത്തിന്റെ പിൻഗാമികൾ ഖലീഫമാർ എന്ന് അറിയപ്പെട്ടു. അവരുടെ ഭരണമാണ് ഖലീഫാഭരണം (Caliphate). ഖലീഫ ഇസ്‌ലാം

മതാധ്യക്ഷനും അറബ്‌രാഷ്ട്രത്തിന്റെ തലവനുമായിരുന്നു. ആദ്യത്തെ നാല് ഖലീഫമാരുടെ കാലഘട്ടത്തിൽ അറബ് സാമ്രാജ്യത്തിന്റെ തലസ്ഥാനം മദീനയായിരുന്നു. ആദ്യകാല ഖലീഫമാർ ആരെല്ലാമായിരുന്നു എന്ന് നോക്കാം?

**ആദ്യകാല ഖലീഫമാർ**

- അബൂബക്കർ
- ഉമർ
- ഉസ്മാൻ
- അലി

*മുഹമ്മദ് നബിക്ക് ശേഷം അറേബ്യയിൽ അധികാരത്തിലെത്തിയ ഖലീഫമാരുടെ പ്രൊഫൈൽ ആൽബം തയ്യാറാക്കുക.*

## ഉമവിയ്യ രാജവംശം


ചിത്രം 11.7 • ഡോം ഓഫ് ദി റോക്ക്

നാലാമത്തെ ഖലീഫയായ അലിയുടെ നിര്യാണത്തെത്തുടർന്നുണ്ടായ അരക്ഷിതാവസ്ഥയിൽ സിറിയയിലെ ഗവർണറായിരുന്ന മുആവിയ (Muawiya) അധികാരം പിടിച്ചെടുത്തു. അദ്ദേഹം സ്ഥാപിച്ച രാജവംശമാണ് ഉമവിയ്യ രാജവംശം. അവർ തലസ്ഥാനം സിറിയയിലെ ദമാസ്കസിലേക്ക് മാറ്റി. ഉമവിയ്യ വംശത്തിലെ ഖലീഫയായിരുന്ന അബ്ദ് അൽ മലിക്ക് അറബ് സ്വത്വത്തിന് ഊന്നൽ നൽകി. അവ എന്തൊക്കെയെന്ന് പരിശോധിക്കാം.

- അറബി ഭരണഭാഷയാക്കി
- ഇസ്‌ലാമിക നാണയവ്യവസ്ഥ നടപ്പിലാക്കി
- ജറുസലേമിൽ ഡോം ഓഫ് ദി റോക്ക് നിർമ്മിച്ചു

## അബ്ബാസിയകൾ


ചിത്രം 11.8 • ഹാറൂൺ അൽ റഷീദ്

ഉമവിയ്യ രാജവംശത്തെ പുറത്താക്കിക്കൊണ്ട് അബുൽ അബ്ബാസിന്റെ (Abul Abbas) നേതൃത്വത്തിൽ അബ്ബാസിയ ഭരണം നിലവിൽവന്നു. ഇവർ തലസ്ഥാനം ദമാസ്കസിൽ നിന്ന് ബാഗ്ദാദിലേക്ക് മാറ്റി. ഇവരിൽ ഏറ്റവും പ്രധാന കവിയും പണ്ഡിതനും ഹാറൂൺ അൽ റഷീദ് (Harun-al-Rashid) ആയിരുന്നു.

*ഖലീഫാഭരണത്തിന് ശേഷം അറേബ്യയിൽ ആധിപത്യം ഉറപ്പിച്ച രാജവംശങ്ങളുടെ സവിശേഷതകൾ ചർച്ചചെയ്ത് ഫ്ലിപ് ആൽബം തയ്യാറാക്കുക.*

## ലോകത്തിന് അറബ് സംഭാവന

തനതായ ഒരു സംസ്കാരം പടുത്തുയർത്തിയവരായിരുന്നു അറബ് ജനത. അവർക്ക് കാര്യക്ഷമമായ ഒരു ഭരണകൂടവും പോസ്റ്റൽ സമ്പ്രദായവും

നികുതി പിരിവ് സമ്പ്രദായവും ഉണ്ടായിരുന്നു. വിദ്യാഭ്യാസമേഖലയിലും വളരെയധികം പുരോഗതി കൈവരിക്കുവാൻ ഇവർക്ക് കഴിഞ്ഞു. ബാഗ്ദാദ്, ദമാസ്കസ്, കെയ്റോ, കൊർദോവ എന്നിവിടങ്ങളിലെ സർവകലാശാലകൾ ഇതിനുദാഹരണങ്ങളാണ്.

ബീജഗണിതം, അറബി അക്കങ്ങൾ എന്നിവ ലോകത്തിന് സംഭാവന ചെയ്തത് അറബികളാണ്. ഇന്ത്യയുടെ സംഭാവനയായ പൂജ്യം ലോകത്താകെ വ്യാപിപ്പിച്ചതും അറബികളാണ്. രസതന്ത്രത്തിലെ നിരവധി രാസപ്രക്രിയകളുടെ ഉപജ്ഞാതാക്കളും അറബികളാണ്. പ്രകാശശാസ്ത്രത്തിന്റെ (Optics) ഉപജ്ഞാതാക്കളും ഇവരായിരുന്നു. ക്ഷയം, വസൂരി, ഉദരാർബുദം, പ്ലേഗ് എന്നീ രോഗങ്ങളെക്കുറിച്ച് ഇവർക്ക് അറിവുണ്ടായിരുന്നു. ആയിരത്തൊന്ന് രാവുകൾ *(The Thousand and One Nights)* അറബിസാഹിത്യത്തിലെ പ്രസിദ്ധഗ്രന്ഥമാണ്. മറ്റ് മേഖലകളിലെ ഇവരുടെ സംഭാവനകൾ എന്തെല്ലാമെന്ന് പരിശോധിക്കാം.

| ശാസ്ത്രകാരർ/സാഹിത്യകാരർ | മേഖല | ഗ്രന്ഥങ്ങൾ |
|---|---|---|
| അൽറാസി | വൈദ്യശാസ്ത്രം | കിത്താബ് അൽ ഹാവി *(Kithab-Al-Hawi)* |
| അവിസെന്ന (ഇബ്നു സീന) | വൈദ്യശാസ്ത്രം | അൽ ഖാനുൻ ഫിത്തിബ് *(Al-Qanun Fittib)* |
| അൽബിറുനി | ഭൗമശാസ്ത്രം | തഹ്ഖീകു മാ ലിൽ ഹിന്ദ് *(Tahqiq ma lil-Hind)* |
| ഉമർഖയാം | സാഹിത്യം | റുബാഇയ്യാത്ത് *(Rubaiyyat)* |
| ഫിർദൗസി | സാഹിത്യം | ഷാഹ്നാമ *(Shahnama)* |

*അറബികൾ ലോകത്തിന് നൽകിയ സംഭാവനകൾ പട്ടികപ്പെടുത്തുക.*

## മംഗോളിയൻ സാമ്രാജ്യം



*ചിത്രം 11.9* ● *ചെങ്കിസ്ഖാൻ*

മധ്യേഷ്യയുടെ കിഴക്കുഭാഗത്ത് വസിച്ചിരുന്ന നാടോടികളായ ഗോത്രവർഗമായിരുന്നു മംഗോളിയർ. പകൽ മുഴുവൻ പുൽമേടുകൾ തേടി കുതിരപ്പുറത്ത് സഞ്ചരിക്കുകയും രാത്രികാലങ്ങളിൽ കൂടാരങ്ങളിൽ വസിക്കുകയും ചെയ്തിരുന്ന ഗോത്രവർഗമായിരുന്നു മംഗോളിയർ. വളരെക്കാലമായി പരസ്പരം പോരാടിയിരുന്ന വ്യത്യസ്ത മംഗോളിയൻ ഗോത്ര വിഭാഗങ്ങളെ ഒന്നിപ്പിച്ച് മംഗോളിയൻ സാമ്രാജ്യത്തിന് അടിത്തറയിട്ടത് ചെങ്കിസ്ഖാൻ ആയിരുന്നു. ടെമുജിൻ (Temujin) എന്നായിരുന്നു അദ്ദേഹത്തിന്റെ യഥാർഥപേര്. മംഗോളിയൻ ഗോത്രസഭയാണ് അദ്ദേഹത്തിന് ചെങ്കിസ്ഖാൻ എന്ന പേര് നൽകിയത്. മംഗോളിയരുടെ തലസ്ഥാനം കാരക്കോറം ആയിരുന്നു. രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഒരു തപാൽ സമ്പ്രദായം ചെങ്കിസ്ഖാൻ ആരംഭിച്ചു. ഇത് 'യാം' എന്ന പേരിൽ

അറിയപ്പെടുന്നു. കാര്യക്ഷമമായ ഈ സമ്പ്രദായത്തിന് കുതിരക ളെയായിരുന്നു ഉപയോഗിച്ചിരുന്നത്. അദ്ദേഹം 'യാസ' എന്ന പേരിൽ നിയമസംഹിതയ്ക്കും രൂപം നൽകി.

## മാലി സാമ്രാജ്യം



ചിത്രം 11.10 ● മാലി സാമ്രാജ്യം

ആഫ്രിക്കയിലെ പശ്ചിമഭാഗത്ത് വ്യാപിച്ചുകിടന്ന പ്രസിദ്ധമായ ഒരു സാമ്രാജ്യമാണ് മാലിസാമ്രാജ്യം. ഈ സാമ്രാജ്യത്തിലെ ഏറ്റവും ശക്തനായ ഭരണാധികാരിയായിരുന്നു മൻസ കങ്കൻ മൂസ. ഇബിൻ ബത്തൂത്തയിൽ നിന്നാണ് ആഫ്രിക്കയിലെ ഏറ്റവും സമ്പന്നരാജ്യമായ മാലിയെക്കുറിച്ചുള്ള അറിവ് ലഭിക്കുന്നത്. മൻസ കങ്കൻ മൂസ വിദ്യാഭ്യാസം, കരകൗശലവിദ്യ എന്നിവയെ പ്രോത്സാഹിപ്പിച്ചിരുന്നു. രാജ്യത്തിന്റെ തെക്കുഭാഗം സ്വർണ്ണ നിക്ഷേപത്തിനും വടക്കുഭാഗം ഉപ്പ് നിക്ഷേപത്തിനും പ്രസിദ്ധമായിരുന്നു. ഗാവോ (Gao), ജെനെ (Jenne), തിംബുക്തു (Timbuktu) എന്നിവ സാമ്രാജ്യത്തിലെ പ്രസിദ്ധമായ പട്ടണങ്ങൾ ആയിരുന്നു. തിംബുക്തു കച്ചവട കേന്ദ്രത്തിനുപുറമെ വിദ്യാഭ്യാസകേന്ദ്രം കൂടിയായിരുന്നു. ഇവിടത്തെ ഗ്രേറ്റ് മോസ്ക് ഇസ്‌ലാമിക പഠനകേന്ദ്രമായിരുന്നു. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും നിരവധി പണ്ഡിതന്മാർ തിംബുക്തുവിലേക്ക് എത്തിയിരുന്നു.

*മംഗോളിയൻ സാമ്രാജ്യം, മാലി സാമ്രാജ്യം എന്നിവയുടെ സവിശേഷതകൾ ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക.*

## അമേരിക്കയിലെ രാഷ്ട്രസമ്പ്രദായങ്ങൾ


ചിത്രം 11.11 ●

*"മണ്ണിന്നാഴത്തിൽ നിന്നെന്നെ നീ നോക്കൂ ഉഴവുകാരാ,*
*നെയ്ത്തുകാരാ, നാവെടുക്കാത്ത ആട്ടിടയാ, ...*
*നിന്റെ ചോരയും ചാലും എനിക്ക് കാട്ടിത്തരൂ;*
*എന്നോട് പറയൂ!*
*എന്നെ ചാട്ട കൊണ്ടടിച്ചതിവിടെ,*
*ഒരു രത്നക്കല്ലിനു തിളക്കം പോരായിരുന്നുവത്രേ,*
*ചോളത്തിന്റെ, രത്നത്തിന്റെ*
*പാട്ടം കൊടുക്കാൻ മണ്ണൊന്നു വൈകിയത്രേ,"*

*പാബ്ലൊ നെരൂദ, 'ദി ഹൈറ്റ്സ് ഓഫ് മാച്ചുപിച്ചു'*

ചിത്രം 11.11 ലെ നിർമ്മിതിയുമായി ബന്ധപ്പെട്ട് പാബ്ലൊ നെരൂദ എഴുതിയ വരികളാണിത്. ഈ പുരാതന നിർമ്മിതി ഏതാണ്? ഇത് ഏത് ഭൂഖണ്ഡത്തിലാണ് സ്ഥിതി ചെയ്യുന്നത്? സുസംഘടിതമായ രാഷ്ട്രസമ്പ്രദായങ്ങൾ അമേരിക്കയിൽ നിലനിന്നിരുന്നതായി ഈ നിർമ്മിതി നമ്മെ ഓർമ്മിപ്പിക്കുന്നു. എന്നാൽ ഈ രാഷ്ട്രസമ്പ്രദായങ്ങളെക്കുറിച്ച് പുറംലോകത്തിന് അറിവുണ്ടായിരുന്നില്ല. പതിനഞ്ചാം നൂറ്റാണ്ടിലെ

യൂറോപ്യരുടെ അമേരിക്കയിലേക്കുള്ള പര്യവേക്ഷണങ്ങളിലൂടെയാണ് ഇവയെക്കുറിച്ചുള്ള അറിവ് പുറംലോകത്തിന് ലഭ്യമാകുന്നത്. ആസ്ടെക്കുകൾ, മായന്മാർ, ഇൻകാകൾ (ഭൂപടം 11.12) എന്നിവയാണ് അമേരിക്കയിൽ നിലനിന്നിരുന്ന രാഷ്ട്രസമ്പ്രദായങ്ങൾ. അവയെക്കുറിച്ച് വിശദമായി പരിശോധിക്കാം.




*ഭൂപടം 11.12 • മധ്യതെക്കേ അമേരിക്കയിലെ രാഷ്ട്രസമ്പ്രദായങ്ങൾ*

## ആസ്ടെക്കുകൾ (The Aztecs)

പന്ത്രണ്ടാം നൂറ്റാണ്ടിൽ ആസ്ടെക്കുകൾ മെക്സിക്കോ താഴ്‌വരയിലേക്ക് കുടിയേറി. ആസ്ടെക്ക് സമൂഹം ശ്രേണികളിലധിഷ്ഠിതമായിരുന്നു. ഇവരുടെ തലസ്ഥാനം ടെനോച്ടിട്ലാൻ (Tenochtitlan) ആയിരുന്നു. ഇവർ മെക്സിക്കോ തടാകത്തിനുള്ളിൽ ചിനമ്പകൾ (Chinampas) എന്ന കൃത്രിമദ്വീപുകൾ നിർമ്മിച്ചിരുന്നു. ഇത് ഇവരുടെ നിർമ്മാണ വൈദഗ്ധ്യത്തിന് ഉദാഹരണമാണ്. കൃഷിക്ക് പ്രാധാന്യം നൽകിയിരുന്ന ഇവർ ചോളം, ബീൻസ്, കുമ്പളങ്ങ, മത്തങ്ങ, മരച്ചീനി, ഉരുളക്കിഴങ്ങ് എന്നിവ കൃഷിചെയ്തിരുന്നു. ഇതിന് പുറമെ കച്ചവടം, കൈത്തൊഴിൽ എന്നിവയിലും വ്യാപൃതരായിരുന്നു. സ്വർണ്ണം, ചെമ്പ്, തകരം എന്നീ ലോഹങ്ങൾ കൊണ്ടുള്ള നാണയങ്ങൾ ഇവർ ഉപയോഗിച്ചിരുന്നു. വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിയിരുന്നു. പ്രഭുക്കന്മാരുടെ കുട്ടികൾക്കായി കാൽമേകാക്കും (Calmecac) മറ്റുവിഭാഗങ്ങളിലെ കുട്ടികൾക്കായി ടെപ്പോച്കല്ലി (Tepochcalli) എന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും നിർമ്മിച്ചിരുന്നു.

## മായൻമാർ

പതിനൊന്നാം നൂറ്റാണ്ടിനും പതിനാലാം നൂറ്റാണ്ടിനുമിടയിൽ മെക്സിക്കോയിൽ വികാസം പ്രാപിച്ച സംസ്കാരമായിരുന്നു മായൻ സംസ്കാരം. കാട് വെട്ടിത്തെളിച്ച് ഇവർ ചോളം കൃഷിചെയ്തിരുന്നു. കരിങ്കല്ലുകൊണ്ട് കൊട്ടാരങ്ങളും ദേവാലയങ്ങളും നിർമ്മിച്ചിരുന്നു. സ്വർണ്ണം, വെള്ളി എന്നിവ കൊണ്ടുണ്ടാക്കിയ ആഭരണങ്ങളും മനോഹരങ്ങളായ മൺപാത്രങ്ങളും ഇവർ നിർമ്മിച്ചിരുന്നു. ചിത്രലിപികളടങ്ങിയ അക്ഷരമാല ഇവർ ഉപയോഗിച്ചിരുന്നു. മരത്തൊലി, പ്രത്യേകതരം ചെടിയിൽ നിന്നുണ്ടാക്കിയ കടലാസ് എന്നിവ എഴുതാൻ ഉപയോഗിച്ചിരുന്നു. ഗണിതശാസ്ത്രത്തിലും ജ്യോതിശാസ്ത്രത്തിലും പുരോഗതി നേടിയിരുന്ന ഇവർക്ക് ഒരു പഞ്ചാംഗവും ഉണ്ടായിരുന്നു.

### ചിനമ്പകൾ



*ചിത്രം 11.13 • ചിനമ്പകൾ*

*മെക്സിക്കോ തടാകത്തിനുള്ളിൽ നിർമ്മിച്ച കൃത്രിമ ദ്വീപുകളാണ് ചിനമ്പകൾ. ഈറ്റപ്പായകൾ ചെളികൊണ്ട് മൂടി ചെടികൾ വെച്ച് പിടിപ്പിച്ചായിരുന്നു ദ്വീപുകൾ നിർമ്മിച്ചിരുന്നത്. കൊട്ടാരങ്ങളും പിരമിഡുകളും ഈ ദ്വീപുകൾക്കിടയിൽ നിർമ്മിച്ചിരുന്നു.*

## ഇൻകാകൾ



ചിത്രം 11.14 • മായൻ ആരാധനാലയം

തെക്കേ അമേരിക്കയിൽ നിലനിന്ന ഏറ്റവും വലിയ തദ്ദേശീയ സംസ്കാരമാണ് പെറുവിലെ ഇൻകാ സംസ്കാരം. കേന്ദ്രീകൃതമായ സാമ്രാജ്യത്വഭരണമാണ് അവിടെ നിലനിന്നത്. രാജാവായിരുന്നു പരമാധികാരി. കുസ്കോ (Cuzco) ആയിരുന്നു തലസ്ഥാനം. കരിങ്കല്ലുകൾ കൊണ്ടുണ്ടാക്കിയ ദേവാലയങ്ങളും കൊട്ടാരങ്ങളും മനോഹരങ്ങളായ ഭവനങ്ങളും ഈ നഗരത്തിൽ ഉണ്ടായിരുന്നു. തലസ്ഥാനത്തെ റോഡ് മാർഗം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളുമായി ബന്ധിപ്പിച്ചിരുന്നു. മധ്യപെറുവിൽ 3500 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന മാച്ചുപിച്ചു ഇവരുടെ നിർമ്മാണ വൈദഗ്ധ്യത്തിന് ഉദാഹരണമാണ്. സ്വർണ്ണം, വെള്ളി, ചെമ്പ് എന്നിവ കൊണ്ട് ആഭരണങ്ങൾ നിർമ്മിച്ചിരുന്നു. കമ്പിളി വസ്ത്രം നെയ്യാൻ ഇവർ ലാമ (Lama), അൽപാക്ക (Alpaca) മുതലായ ജന്തുക്കളുടെ തോല് ഉപയോഗിച്ചിരുന്നു. കർഷകർക്ക് കൃഷി ചെയ്യാവുന്നത്ര ഭൂമി സർക്കാർ നൽകിയിരുന്നു. ചോളവും ഉരുളക്കിഴങ്ങുമായിരുന്നു പ്രധാനവിളകൾ. ക്യൂപ്പു (Quipu) എന്ന കണക്ക് രേഖപ്പെടുത്തുന്ന രീതി നിലവിലുണ്ടായിരുന്നു. സ്പെയിനുകാരുടെ അമേരിക്കയിലെ കോളനിവൽക്കരണം ഈ സംസ്കാരങ്ങളെ തകർത്തു.



ചിത്രം 11.15 • ക്യൂപ്പു (Quipu) ചരടിൽ പ്രത്യേക കെട്ടുകളിട്ട് ഗണിതയൂണിറ്റുകൾ സൂചിപ്പിക്കുന്ന രഹസ്യഭാഷ)

*അമേരിക്കയിൽ നിലനിന്നിരുന്ന വിവിധ സംസ്കാരങ്ങളുടെ പൊതുസവിശേഷതകൾ ചർച്ച ചെയ്ത് സെമിനാർ സംഘടിപ്പിക്കുക.*

യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക, അമേരിക്ക എന്നിവിടങ്ങളിൽ വിവിധകാല ഘട്ടങ്ങളിലുണ്ടായ സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ മാറ്റങ്ങൾ ഈ പാഠഭാഗത്തുനിന്നും തിരിച്ചറിഞ്ഞല്ലോ? മേൽപ്പറഞ്ഞ പ്രദേശങ്ങളുടെ ആധുനികതയിലേക്കുള്ള ചവിട്ടുപടികളായിരുന്നു ഈ മാറ്റങ്ങൾ.

## തുടർപ്രവർത്തനങ്ങൾ

- 'ഫ്യൂഡലിസം യൂറോപ്യൻ സമൂഹത്തിലുണ്ടാക്കിയ മാറ്റങ്ങൾ' എന്ന വിഷയത്തെ അടിസ്ഥാന മാക്കി പ്രബന്ധം തയ്യാറാക്കുക.
- അറബ്സാമ്രാജ്യത്തിന്റെ ആവിർഭാവവും അറബ് ജനതയുടെ ഏകീകരണവും ഉൾപ്പെടുത്തി മൈന്റ് മാപ്പ് തയ്യാറാക്കുക.
- നിങ്ങൾ അമേരിക്കയിലെ രാഷ്ട്രസമ്പ്രദായങ്ങളെക്കുറിച്ച് പഠനം നടത്തിയ സംഘത്തിലെ ഒരംഗമായിരുന്നുവെങ്കിൽ നിങ്ങൾ കണ്ടെത്തിയ കാര്യങ്ങൾ വിവരിച്ചുകൊണ്ട് നിങ്ങളുടെ സുഹൃത്തിന് ഒരു കത്ത് തയ്യാറാക്കുക.
- വിവിധ സാമ്രാജ്യങ്ങളുടെ രൂപീകരണത്തിന് കാരണക്കാരായ ഭരണാധികാരികളുടെ ഒരു ഡിജിറ്റൽ പതിപ്പ് തയ്യാറാക്കുക.

യൂണിറ്റ് 12

# കാർഷികമേഖലയും നൂതന പ്രവണതകളും



*വിദ്യാർഥി ആയിരിക്കുമ്പോൾ തന്നെ കർഷകൻ ആണെന്നതിൽ ഞാൻ അഭിമാനിക്കുന്നു. കൃഷിവകുപ്പ് സ്കൂളിൽ നടത്തിയ ക്ലാസ് ആണ് കൃഷി ചെയ്യാൻ എനിക്ക് പ്രചോദനമായത്. എന്റെ കൃഷിയിടത്തിൽ പഴങ്ങളും പച്ചക്കറികളും ഉണ്ട്. സ്കൂളിൽ നിന്നെത്തി ചായ കുടിച്ചുകഴിഞ്ഞാൽ ഞാൻ കൃഷിയിടത്തിലേക്കിറങ്ങും. കൃഷിയിടം മുഴുവൻ ഞാനും അനുജത്തിയും ചേർന്ന് നനയ്ക്കും. പൂർണ്ണമായും ജൈവകൃഷിയാണ് ചെയ്യുന്നത്. ആവശ്യമായ മണ്ണിര കമ്പോസ്റ്റ് മുഴുവൻ സ്വയം നിർമ്മിക്കുന്നു. വിദ്യാർഥി ജീവിതത്തിനിടയിൽ കിട്ടുന്ന ഒഴിവുസമയം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ എനിക്കുകഴിയുന്നു. കൃഷി എനിക്ക് സന്തോഷവും സംതൃപ്തിയും ഒപ്പം വരുമാനവും പ്രദാനം ചെയ്യുന്നു. കൃഷിയുടെ പ്രാധാന്യവും ആവശ്യകതയും ഞാൻ മനസ്സിലാക്കുന്നു.*




*ചിത്രം 12.1*

കൃഷിവകുപ്പിന്റെ 'കുട്ടികർഷകൻ' അവാർഡ് ജേതാവായ നവീൻ ചിങ്ങം 1 കർഷകദിനത്തിൽ സ്കൂളിന്റെ ആദരവ് ഏറ്റുവാങ്ങിയശേഷം നടത്തിയ മറുപടി പ്രസംഗമാണ് മുകളിൽ നൽകിയിരിക്കുന്നത്. നവീനിനെ പോലെ നിങ്ങളും കൃഷി ചെയ്യാറുണ്ടോ? കൃഷിയുടെ പ്രാധാന്യം എന്തൊക്കെയാണെന്ന് എഴുതാമോ?

- ഭക്ഷണത്തിന്
- 
- 
- 



ചിത്രം 12.2 •

സമ്പദ്‌വ്യവസ്ഥയിലെ ഏറ്റവും പഴക്കമേറിയതും പ്രധാനപ്പെട്ടതുമായ മേഖലകളിലൊന്നാണ് കാർഷികമേഖല. ഇന്ത്യയിലെ ഏറ്റവും വലിയ അസംഘടിത മേഖലയും ഇതുതന്നെയാണ്. ജനങ്ങൾക്കാവശ്യമായ ഭക്ഷണവും വളർത്തുമൃഗങ്ങൾക്കാവശ്യമായ കാലിത്തീറ്റയും പ്രദാനം ചെയ്യുന്നത് കൃഷിയാണ്. രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിലും തൊഴിൽ നൽകുന്നതിനും കാർഷികമേഖല മുഖ്യപങ്ക് വഹിക്കുന്നു. വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃതവസ്തുക്കൾ പ്രദാനം ചെയ്തുകൊണ്ട് വ്യവസായങ്ങളുടെ വളർച്ചയെ സഹായിക്കുന്നു. നമ്മുടെ ദൈനംദിന ജീവിതത്തിലും കാർഷിക ഉൽപന്നങ്ങൾക്ക് അതീവ പ്രാധാന്യമുണ്ട്.

*നിങ്ങൾ ദിവസവും ഉപയോഗിക്കുന്ന കാർഷികവിഭവങ്ങളെ നിങ്ങളുടെ വീട്ടിലോ, പ്രദേശത്തോ കൃഷിചെയ്യുന്നവയെന്നും അല്ലാത്തവയെന്നും തരംതരിച്ച് പട്ടിക പൂർത്തിയാക്കുക.*

| *വീട്ടിലോ, പ്രാദേശികമായോ കൃഷി ചെയ്യുന്നവ* | *പ്രാദേശികമായി കൃഷി ചെയ്യാത്തവ* |
|---|---|
| • | • |

നമ്മൾ ഉപയോഗിക്കുന്ന എല്ലാ കാർഷികവിഭവങ്ങളും നമ്മുടെ നാട്ടിൽ കൃഷി ചെയ്യുന്നവയല്ല എന്ന് തിരിച്ചറിഞ്ഞല്ലോ? ഇന്ത്യയിൽ എല്ലായിടത്തും ഒരേ വിളകളോ, വിള സംവിധാനങ്ങളോ അല്ല കൃഷിക്കായി ഉപയോഗിക്കുന്നത്. എന്തായിരിക്കും ഇതിന് കാരണം? സ്ഥല-കാല വ്യത്യാസം അനുസരിച്ച് വ്യത്യസ്ത വിളകളും വിള സംവിധാനങ്ങളും തിരഞ്ഞെടുക്കുന്നതിന് കാരണങ്ങളുണ്ട്.







ചിത്രങ്ങൾ 12.3 • വ്യത്യസ്ത വിളകൾ

## വിള സംവിധാനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ

| വിള സംവിധാനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ | ഉപഘടകങ്ങൾ |
|---|---|
| • പ്രകൃതിദത്ത ഘടകങ്ങൾ | • മണ്ണിന്റെ സ്വഭാവം • ഭൂപ്രകൃതി<br>• കാലാവസ്ഥ • ജലലഭ്യത |
| • സാമ്പത്തിക ഘടകങ്ങൾ | • കാർഷിക വിഭവങ്ങളുടെ വില<br>• കർഷകരുടെ വരുമാനം<br>• കൈവശ കൃഷിഭൂമിയുടെ വിസ്തൃതി |
| • അടിസ്ഥാന സൗകര്യങ്ങൾ | • ജലസേചനം • വൈദ്യുതി<br>• ഗതാഗതം<br>• വിപണി സൗകര്യം<br>• വിത്തുകൾ, വളങ്ങൾ, കീടനാശിനികൾ എന്നിവയുടെ ലഭ്യത |
| • സാമൂഹിക ഘടകങ്ങൾ | • ഭക്ഷണരീതി • വിദ്യാഭ്യാസം<br>• കൃഷി ചെയ്യുന്ന തലമുറകളുടെ വ്യത്യാസം<br>• സാമൂഹിക പരിസ്ഥിതി |
| • സർക്കാർ നയങ്ങൾ | • വിളകളുടെ കയറ്റുമതിയും, ഇറക്കുമതിയും<br>• നികുതി<br>• വായ്പാലഭ്യത<br>• സബ്സിഡി |
| • സാങ്കേതിക ഘടകങ്ങൾ | • അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ<br>• ശാസ്ത്രീയമായ ജലസേചനം<br>• ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം |

വിള സംവിധാനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ എല്ലാ പ്രദേശത്തും ഒരുപോലെയല്ല വിതരണം ചെയ്തിട്ടുള്ളത്. അതുകൊണ്ടാണ് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത വിള സംവിധാനങ്ങൾ കൃഷിക്കായി തിരഞ്ഞെടുക്കുന്നത്.



*ചിത്രം 12.4 • ഗോതമ്പ് കൃഷി*

*തന്നിരിക്കുന്നവയിൽ നിന്നും ഉചിതമായവ തിരഞ്ഞെടുത്ത് ഡയഗ്രം പൂർത്തിയാക്കുക.*

***ശാസ്ത്രീയമായ ജലസേചനം, നികുതി, പ്രകൃതിദത്ത ഘടകങ്ങൾ, സാമ്പത്തിക ഘടകങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാഭ്യാസം***

| സാമൂഹിക ഘടകങ്ങൾ | -------------- | സാങ്കേതിക ഘടകങ്ങൾ | -------------- | സർക്കാർ നയങ്ങൾ | -------------- |
|---|---|---|---|---|---|
| ↓ | ↓ | ↓ | ↓ | ↓ | ↓ |
| -------------- | കാലാവസ്ഥ | -------------- | കർഷകരുടെ വരുമാനം | -------------- | ഗതാഗതം |

## വിള സംവിധാനങ്ങൾ (Cropping Systems)

ഒരു നിശ്ചിത കാലയളവിൽ ഒരു കൃഷിയിടത്തിൽ വിളകൾ കൃഷി ചെയ്യുന്ന ക്രമത്തെ വിള സംവിധാനം എന്നുപറയുന്നു. വിള സംവിധാനങ്ങളെ താഴെപ്പറയും വിധം തരംതിരിക്കാം.

**വിള സംവിധാനങ്ങൾ**

- ഏകവിള കൃഷി
- ബഹുവിള കൃഷി
- റട്ടൂൺ കൃഷി



*ചിത്രം 12.5 ● റബ്ബർ കൃഷി*

## ഏകവിള കൃഷി (Monocropping)

ഒരു കൃഷിയിടത്തിൽ ഒരു സമയത്ത് ഒരു വിള കൃഷി ചെയ്യുന്ന രീതിയാണ് ഏകവിള കൃഷി. പ്രധാനമായും കയറ്റുമതി ലക്ഷ്യമാക്കിയുള്ള വിള സംവിധാനമാണിത്. ഒരു വിള മാത്രമായതിനാൽ നടീൽ, പരിപാലനം, വിളവെടുപ്പ് എന്നിവ സുഗമമായ രീതിയിൽ നടത്താൻ സാധിക്കും. കൃഷിയിടത്തിലെ ലാഭം വർധിപ്പിക്കാൻ കഴിയും എന്നതാണ് ഇതിന്റെ പ്രധാന നേട്ടം. ഏകവിളകൾ കീടബാധസാധ്യത വർധിപ്പിക്കുന്നതിന് കാരണമാകുന്നു. ഉദാഹരണം : റബ്ബർ, തേയില, മരച്ചീനി.

*ഏകവിള കൃഷിക്ക് കൂടുതൽ ഉദാഹരണങ്ങൾ നിങ്ങളുടെ പ്രദേശത്തുനിന്നും കണ്ടെത്തി പട്ടികപ്പെടുത്തുക.*

## ബഹുവിള കൃഷി (Multiple Cropping or Poly Cropping)




മണ്ണിന്റെ സ്വാഭാവിക ഫലഭൂയിഷ്ഠതയെ ബാധിക്കാതെ ഒരു കൃഷിയിടത്തിൽ രണ്ടോ അതിലധികമോ വിളകൾ കൃഷി ചെയ്യുന്ന വിള സംവിധാനമാണ് ബഹുവിള കൃഷി. കൃഷിയിടത്തിൽ നിന്നുള്ള മൊത്തം ഉൽപാദനവും അതിലൂടെ വരുമാനവും വർധിക്കുന്നു എന്നതാണിതിന്റെ നേട്ടം.

### മിശ്രവിള (Mixed Cropping)

കൃഷിഭൂമിയിൽ ഒരേസമയം രണ്ടോ അതിലധികമോ വിളകൾ നടീൽ അകലം പാലിക്കാതെ കൃഷി ചെയ്യുന്ന രീതിയാണിത്. വരണ്ട പ്രദേശങ്ങളിലാണ് ഈ കൃഷിരീതി കൂടുതലായി കണ്ടുവരുന്നത്. പ്രതികൂല കാലാവസ്ഥ മൂലം ഒരു വിളയുടെ വിളവ് മോശമായാലും മറ്റുവിളകളിൽ നിന്നും വിളവ് ലഭിക്കും എന്നതാണിതിന്റെ നേട്ടം.

ഉദാഹരണം : ചോളം-നിലക്കടല, തെങ്ങ്-തുവര


*ചിത്രം 12.6 ● മിശ്രവിള ചോളം - നിലക്കടല*

### ഇടവിള കൃഷി (Inter Cropping)

കൃത്യമായ വരികളിൽ നടുന്ന പ്രധാനവിളയുടെ രണ്ട് വരികൾക്കിടയിലുള്ള സ്ഥലത്ത് മറ്റൊരു വിള കൃഷി ചെയ്യുന്ന സംവിധാനമാണ് ഇടവിള കൃഷി. വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗത്തിലൂടെ ഉൽപാദനം വർധിപ്പിക്കാൻ കഴിയും. കളകളുടേയും കീടങ്ങളുടേയും നിയന്ത്രണത്തിന് അനുയോജ്യമായ രീതിയാണിത്.

ഉദാഹരണം : ആദ്യഘട്ടത്തിൽ സാവധാനം വളരുന്ന പരുത്തിയുടെ ഇടവിളയായി നിലക്കടല കൃഷി ചെയ്യുന്നു, തെങ്ങിന് ഇടവിളയായി വാഴ കൃഷി ചെയ്യുന്നു.


*ചിത്രം 12.7 ● ഇടവിള കൃഷി തെങ്ങ് - വാഴ*

### തുടർച്ചാ കൃഷി (Sequence Cropping)

വിളവെടുപ്പിന് ശേഷം കൃഷിയിടത്തിൽ അവശേഷിക്കുന്ന ഈർപ്പം, പോഷകങ്ങൾ എന്നിവ ഉപയോഗപ്പെടുത്തുന്നതിനായി വലിയ മുന്നൊരുക്കങ്ങളില്ലാതെ അതേ കൃഷിയിടത്തിൽ മറ്റൊരു ഹ്രസ്വകാലവിള കൃഷി ചെയ്യുന്നതിനെ തുടർച്ചാ കൃഷി എന്നുപറയുന്നു. കൃഷിയിടങ്ങൾ തരിശായി കിടക്കുന്നില്ല എന്നതാണ് പ്രധാന നേട്ടം

ഉദാഹരണം : നെൽപ്പാടങ്ങളിൽ പ്രധാന വിളയായ നെല്ലിനുശേഷം പയർ അല്ലെങ്കിൽ എള്ള് കൃഷി ചെയ്യുന്നു.


*ചിത്രം 12.8 ● നെല്ല്*

### റിലേ ക്രോപ്പിങ്ങ് (Relay Cropping)

ഒരു കൃഷിയിടത്തിൽ ആദ്യകൃഷി വിളവെടുക്കുന്നതിന് മുമ്പായി രണ്ടാമത്തെ വിള കൃഷി ചെയ്തുതുടങ്ങുന്ന രീതിയാണ് റിലേ ക്രോപ്പിങ്ങ്.


*ചിത്രം 12.9 ● എള്ള്*

ഉദാഹരണം : വാഴ വിളവെടുക്കുന്നതിന് മുമ്പായി പച്ചക്കറികൾ കൃഷി ചെയ്യുന്നു.

### വിളപരിക്രമണം/വിളപര്യയം (Crop Rotation)



ചിത്രം 12.10 ● പയർ കൃഷി

ഒരേ കൃഷിഭൂമിയിൽ ഓരോ വിളയ്ക്കുശേഷവും തുടർച്ചയായി വ്യത്യസ്ത സസ്യകുടുംബത്തിൽപ്പെട്ട വിളകൾ കൃഷി ചെയ്യുന്നതിന് വിളപരിക്രമണം എന്നുപറയുന്നു. മണ്ണിന്റെ ഫലഭൂയിഷ്ഠത വർധിപ്പിക്കുന്നു എന്നതാണ് വിളപരിക്രമണത്തിന്റെ പ്രധാന നേട്ടം. മണ്ണിന്റെ ഉൽപാദനശേഷി വർധിപ്പിക്കുന്നതിനും കളകൾ, കീടങ്ങൾ എന്നിവ നിയന്ത്രിക്കുന്നതിനും അനുയോജ്യമായ രീതിയാണിത്.

ഉദാഹരണം : നെല്ലിനുശേഷം പയർ കൃഷി ചെയ്യുന്നു.



ചിത്രം 12.11 ● ബഹുനില കൃഷി
തെങ്ങ് - കുരുമുളക് - വാഴ

### ബഹുനിലകൃഷി (Multi-storied Cropping/Multi-tier Cropping)

വ്യത്യസ്ത ഉയരത്തിൽ വളരുന്നതും വ്യത്യസ്ത ആഴത്തിൽ വേരോടുന്നതും ആവശ്യമായ സൂര്യപ്രകാശത്തിന്റെ അളവ് വ്യത്യസ്തമായിരിക്കുന്നതുമായ വിളകൾ ഒരേ സമയം ഒരേ കൃഷിയിടത്തിൽ കൃഷി ചെയ്യുന്നതിനെ ബഹുനിലകൃഷി എന്നുപറയുന്നു. മണ്ണ്, ജലം, സൂര്യപ്രകാശം എന്നിവ കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നു എന്നതാണിതിന്റെ നേട്ടം.



ചിത്രം 12.12 ● തെങ്ങ് - മഞ്ഞൾ

ഉദാഹരണം : തെങ്ങ്, കുരുമുളക്, ഇഞ്ചി/മഞ്ഞൾ എന്നിവ ഒരേ സമയം ഒരേ കൃഷിയിടത്തിൽ കൃഷിചെയ്യുന്നു

### റട്ടൂൺ കൃഷി (Ratoon Cropping)

വിളവെടുപ്പ് സമയത്ത് വിളയുടെ വേരോ, താഴത്തെ ഭാഗമോ മുറിക്കാതെ അവശേഷിപ്പിക്കുന്നു. വിളവെടുപ്പിന് ശേഷം കൃഷി ചെയ്തിരുന്ന വിള വീണ്ടും വളർന്ന് വിളവ് തരുന്നു. ഒരു തവണ ചെയ്ത കൃഷിയിൽ നിന്നും വീണ്ടും വിളവ് ലഭിക്കുന്നു എന്നതാണ് ഇതിന്റെ നേട്ടം. വിളവ് കുറയാനും രോഗ-കീടബാധകൾ കൂടാനും സാധ്യതയുണ്ടെന്നത് ഈ സംവിധാനത്തിന്റെ ഒരു പോരായ്മയാണ്. ഉദാ. ചീര, കരിമ്പ്



ചിത്രം 12.13 ● കരിമ്പ് കൃഷി

*വ്യത്യസ്ത വിള സംവിധാനങ്ങളും അവയുടെ സവിശേഷതകളും നാം പരിചയപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ നിങ്ങളുടെ പ്രദേശത്തിന് അനുയോജ്യമായ വിള സംവിധാനം കണ്ടെത്തുക? എന്തുകൊണ്ട് ആ വിള സംവിധാനം തിരഞ്ഞെടുത്തു എന്ന് വ്യക്തിഗതമായി കുറിക്കുക.*

## കാർഷികമേഖലയിലെ നൂതന പ്രവണതകൾ

### ഡ്രോൺ കർഷകനെത്തി: ഇനി പറന്ന് വിതയ്ക്കാം


ചിത്രം 12.14 ● ഡ്രോൺ

പാലക്കാട് : ഇനി പറന്നുവിതയ്ക്കാം. സംസ്ഥാനത്ത് ഡ്രോൺ സാങ്കേതിക വിദ്യയിലൂടെ വിത്തുവിതയ്ക്കൽ വിജയകരമായി നടത്തി. സാധാരണ വിത്ത് വിതയ്ക്കാനെടുക്കുന്ന സമയത്തെക്കാൾ കുറഞ്ഞസമയം മതിയെന്നതാണ് ഇതിന്റെ പ്രധാന നേട്ടം. കീടനാശിനി പ്രയോഗവും വളപ്രയോഗവും ഡ്രോണുപയോഗിച്ച് ഫലപ്രദമായി നടത്താം.

മുകളിൽ നൽകിയിരിക്കുന്ന വാർത്ത നിങ്ങൾ വായിച്ചല്ലോ? വർധിച്ചുവരുന്ന ലോകജനസംഖ്യ, കാലാവസ്ഥാവ്യതിയാനം, സാങ്കേതിക വിദ്യയുടെ വളർച്ച എന്നിവയ്ക്കനുസരിച്ച് കാർഷികപ്രവർത്തനങ്ങൾ നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി ഇന്ത്യയിലെ കാർഷികമേഖല സമൂലമാറ്റത്തിന് വിധേയമായിട്ടുണ്ട്. പരമ്പരാഗത കൃഷിരീതിയിൽ നിന്ന് പുത്തൻ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള കൃഷിരീതിയിലേക്കുള്ള മാറ്റം ശ്രദ്ധേയമാണ്. സാങ്കേതികവിദ്യ കൃഷിയുടെ വെല്ലുവിളികൾ ഏറ്റെടുക്കുകയും ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനുള്ള നൂതനരീതികൾ അവലംബിക്കുകയും ചെയ്തിട്ടുണ്ട്. കാർഷികോല്പാദനം വർധിപ്പിക്കാൻ കർഷകരെ സഹായിക്കുക എന്നതാണ് കാർഷികമേഖലയിൽ സാങ്കേതികവിദ്യയുടെ പ്രധാന ലക്ഷ്യം.

*നിങ്ങളുടെ പ്രദേശത്തെ കാർഷികമേഖലയിലുണ്ടായ മാറ്റങ്ങൾ പട്ടികപ്പെടുത്തുക.*

### മഴമറ കൃഷി (Rain Shelter Farming)

മഴമറയെന്നത് പോളിത്തീൻ ഷീറ്റുകൾകൊണ്ട് മൂടിയ മേൽക്കൂരയാണ്. സുതാര്യമായ പോളിത്തീൻ ഷീറ്റുകൾ മേൽക്കൂരയ്ക്കുപയോഗിക്കുന്നതിലൂടെ കൃഷിക്കാവശ്യമായ സൂര്യപ്രകാശം ലഭിക്കുമ്പോഴും അമിതമായ മഴയിൽ നിന്നും വിളകൾക്ക് സംരക്ഷണമുറപ്പാക്കുന്നു. പ്രതികൂല കാലാവസ്ഥയിലും വർഷം മുഴുവൻ ഉയർന്ന ഉൽപാദനം സാധ്യമാക്കുന്നതിന് മഴമറ കൃഷി അനുയോജ്യമാണ്. ഓരോ വീട്ടിലും മഴമറയുണ്ടെങ്കിൽ വീട്ടിലേക്കാവശ്യമായ പച്ചക്കറികൾ ഏത് കാലാവസ്ഥയിലും കൃഷി ചെയ്യാവുന്നതാണ്.


ചിത്രം 12.15 ● മഴമറ

## പോളിഹൗസ് ഫാമിംഗ് (Polyhouse Farming)



ചിത്രം 12.16 ● പോളിഹൗസ്

ചൂട്, മഴ, തണുപ്പ്, വെയിൽ എന്നിവയിൽ നിന്നൊക്കെ ചെടിയെ സംരക്ഷിച്ച് വളർച്ചയ്ക്ക് അനുയോജ്യമായ അന്തരീക്ഷം കൃത്രിമമായി സൃഷ്ടിക്കുന്ന രീതിയാണ് പോളിഹൗസ് ഫാമിംഗ് അല്ലെങ്കിൽ ഗ്രീൻ ഹൗസ് ഫാമിംഗ്. പോളിത്തീൻ ഷീറ്റുകൾ ഉപയോഗിച്ച് മുഴുവനും മറച്ച പോളിഹൗസുകളിൽ കൃഷി ചെയ്യുന്ന രീതിയാണിത്.

*പോളിഹൗസ് ഫാമിംഗ്, മഴമറ കൃഷി എന്നിവ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.*

## കൃത്യതാകൃഷി (Precision Farming)

ഓരോ വിളയ്ക്കും ആവശ്യമായ ജലവും പോഷകഘടകങ്ങളും വിള സംരക്ഷണ വസ്തുക്കളും കൃത്യമായ സമയത്ത്, കൃത്യമായ അളവിൽ മാത്രം നൽകി അത്യുൽപാദനം സാധ്യമാക്കുന്ന സാങ്കേതികരീതിയാണ് കൃത്യതാകൃഷി. മഴമറകളിലും തുറസ്സായ സ്ഥലങ്ങളിലും ഈ രീതി പ്രാവർത്തികമാക്കാം. ജലത്തിന്റേയും പോഷകഘടകങ്ങളുടേയും കൃത്യമായ ഉപയോഗം, യന്ത്രങ്ങളുടെ കാര്യക്ഷമമായ ഉപയോഗം, കൃഷിഭൂമിയുടെ മെച്ചപ്പെട്ട പരിപാലനം എന്നിവയാണ് ഈ കൃഷിരീതിയുടെ മേന്മകൾ. സൂക്ഷ്മ ജലസേചനം (ചെടികളുടെ വളർച്ചയ്ക്കാവശ്യമായ ജലം തുള്ളികളായോ നേർത്ത ധാരയായോ നൽകുന്ന രീതി), വളസേചനം, സംയോജിതകീടരോഗനിയന്ത്രണം എന്നിവയാണ് കൃത്യതാകൃഷിയുടെ പ്രധാന ഘടകങ്ങൾ.

**വളസേചനം**
**Fertigation**

*ജലത്തിൽ ലയിക്കുന്ന വളങ്ങൾ ജലസേചനത്തിലൂടെ നൽകുന്ന രീതിയാണ് വളസേചനം.*

## ഡിജിറ്റൽ കൃഷി (Digital Farming)



ചിത്രം 12.17 ● അഗ്രിബോട്ട്

വൈവിധ്യമാർന്ന സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിയുള്ള കൃഷി രീതിയാണിത്. ബിഗ് ഡാറ്റ വിശകലന ഉപകരണങ്ങൾ, നിർമ്മിത ബുദ്ധി, മെഷീൻ ലേണിംഗ്, മൊബൈൽ ഫോണുകൾ പോലുള്ള ഡിജിറ്റൽ ആശയവിനിമയ സാങ്കേതികവിദ്യകൾ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, റോബോട്ടിക്സ്, കാർഷിക ഉപദേശക ആപ്പുകൾ തുടങ്ങിയ സാങ്കേതികവിദ്യകൾ ഡിജിറ്റൽ കൃഷിയിൽ ഉപയോഗപ്പെടുത്തുന്നു.

## ലംബ കൃഷി (Vertical Farming)



ചിത്രം 12.18 ● ലംബ കൃഷി

നഗരവൽക്കരണത്തിന്റേയും കൃഷിഭൂമിയുടെ കുറവിന്റേയും ഫലമായി നഗരങ്ങളിൽ ഭക്ഷ്യോല്പാദനത്തിനുള്ള പ്രായോഗിക മാർഗമായി ലംബകൃഷിയെ ഉപയോഗപ്പെടുത്തുന്നു. ലംബമായി അടുക്കിയിരിക്കുന്ന, പാളികളിലോ, കെട്ടിടങ്ങളിലോ വിളകൾ വളർത്തുന്നതാണ് ഈ സാങ്കേതികവിദ്യ. ഹൈഡ്രോപോണിക്, എയ്റോപോണിക്, അക്വാപോണിക് സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി, കുറഞ്ഞ ജല ഉപയോഗത്തിലൂടെ വർഷം മുഴുവനും ഭക്ഷ്യോല്പാദനം സാധ്യമാക്കുന്നു.

## ജൈവ കൃഷി (Organic Farming)

ജൈവകീടനാശിനികൾ, കമ്പോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിള കൃഷി, യന്ത്രങ്ങൾ തുടങ്ങിയവയെ ആശ്രയിക്കുന്നതും രാസവളങ്ങളും, കൃത്രിമ രാസകീടനാശിനികളും തീർത്തും ഒഴിവാക്കിയുള്ളതുമായ കൃഷിരീതിയാണിത്. ചെടിവളർച്ചാനിയന്ത്രണ വസ്തുക്കൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നിവ ഈ രീതിയിൽ ഉപയോഗിക്കുന്നില്ല.

### *കാലാവസ്ഥാ-സ്മാർട്ട് അഗ്രികൾച്ചർ (സി എസ് എ)*

*കാലാവസ്ഥാ വ്യതിയാനത്തെ നേരിടാൻ കർഷകരെ സഹായിക്കുന്നതിനുള്ള ഒരു സമീപനമാണ് ക്ലൈമറ്റ്-സ്മാർട്ട് അഗ്രികൾച്ചർ (CSA). ഉൽപാദനക്ഷമതയും വരുമാനവും വർധിപ്പിക്കുക, കാലാവസ്ഥാ വ്യതിയാനവുമായി പൊരുത്തപ്പെടുക, ഹരിതഗൃഹവാതക ഉദ്വമനം (Greenhouse Gas Emission) കുറയ്ക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.*

*'കാർഷികമേഖലയിലെ ആധുനിക പ്രവണതകൾ' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുക.*

## കാർഷികമേഖല നേരിടുന്ന വെല്ലുവിളികൾ




മുകളിൽ നൽകിയിരിക്കുന്ന വാർത്താതലക്കെട്ടുകൾ ശ്രദ്ധിച്ചല്ലോ. കാർഷികമേഖലയിലെ എന്തെല്ലാം പ്രശ്നങ്ങളാണ് ഇതിൽ നിന്നും കണ്ടെത്താൻ കഴിയുക.

രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കുന്ന ചെറുകിട കർഷകരിൽ ഭൂരിഭാഗവും രാസവളങ്ങളുടെ ഉയർന്നവില താങ്ങാൻ കഴിയാത്തവരാണ്. കാർഷിക ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്താനാവാത്ത അവസ്ഥ, മൂലധനത്തിന്റെ അഭാവം, വർധിച്ച ഉൽപാദനച്ചെലവ് എന്നിവ കർഷകരെ പ്രതികൂലമായി ബാധിക്കുന്നു. മണ്ണിന്റെ ഫലഭൂയിഷ്ഠത അനുദിനം കുറഞ്ഞുവരുന്നതും വിത്തിനും ജലസേചനത്തിനും വേണ്ടിവരുന്ന വലിയ ചെലവും കർഷകരെ പ്രതിസന്ധിയിലാക്കുന്നു. ഇത്തരം പ്രശ്നങ്ങൾക്ക് പുറമെ മറ്റെന്തെല്ലാം പ്രശ്നങ്ങളാണ് കാർഷികമേഖല അഭിമുഖീകരിക്കുന്നത് എന്ന് പരിശോധിക്കാം.

- വിളപരിവർത്തനത്തെ അവഗണിക്കുന്നു
- വിള പരാജയം/വിളനാശം
- കാർഷികകടം
- അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവ്
- കാർഷിക ഗവേഷണത്തിലെ അപര്യാപ്തത
- വായ്പാലഭ്യതയും തിരിച്ചടവും
- കാർഷിക ഉൽപന്നങ്ങളുടെ കുറഞ്ഞ വില
- യന്ത്രവൽക്കരണത്തിന്റെ അപര്യാപ്തത
- കാലാവസ്ഥാവ്യതിയാനം

*'കാർഷികമേഖല നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തിൽ പ്രോജക്ട് തയ്യാറാക്കാൻ ആവശ്യമായ വിവരങ്ങൾ കർഷകരിൽ നിന്ന് ശേഖരിക്കുന്നതിനായി ഒരു ചോദ്യാവലി തയ്യാറാക്കുക.*

പുത്തൻ കാർഷിക പ്രവണതകൾ, കാർഷികമേഖല നേരിടുന്ന വെല്ലുവിളികൾ എന്നിവയൊക്കെ നാം പരിചയപ്പെട്ടല്ലോ? ഈ വെല്ലുവിളികൾ നേരിടുന്നതിനായി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നിരവധി പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. ഞങ്ങളും കൃഷിയിലേക്കെന്ന പദ്ധതിയുടെ ഭാഗമായി വീട്ടിലും വിദ്യാലയത്തിലും കൃഷി നടപ്പിലാക്കുന്നതിനും കൃഷി ഒരു സംസ്കാരമായി വളർത്തിയെടുക്കുന്നതിനും വേണ്ടി കേരളസർക്കാരിന്റെ ഈ പ്രതിജ്ഞ നമുക്ക് ഏവർക്കും ഏറ്റുചൊല്ലാം.




*കൃഷി ഒരു സംസ്കാരമാണ്. അതിനെക്കാളുപരി കൃഷി എന്നത് ജീവിതമാണെന്ന തിരിച്ചറിവ് ഞങ്ങൾക്കുണ്ട്. ആദ്യം മനസ്സിലും തുടർന്ന് മണ്ണിലും കൃഷിയെത്തിക്കുകയും അതൊരു കേരള ചാരുതയായി മാറ്റുകയും ചെയ്യുന്ന ഞങ്ങളും കൃഷിയിലേക്ക് എന്ന സംരംഭത്തിന് ജീവൻ പകർന്ന്, നല്ല വിത്ത്, നല്ല മണ്ണിൽ എത്തിച്ച് ജീവജലം പകർന്ന് മറ്റുള്ള പരിചരണം നൽകി നല്ല വിളവുണ്ടാകാൻ എപ്പോഴും ഒപ്പമുണ്ടാകുമെന്ന് ഞങ്ങൾ പ്രഖ്യാപിക്കുന്നു. ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയെ ഓരോ വീടിന്റേയും ഓരോ നാടിന്റേയും പദ്ധതിയാക്കിമാറ്റാൻ ഞങ്ങൾ കൈയ് മെയ് മറന്നിറങ്ങുമെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു. പ്രതിജ്ഞ പ്രതിജ്ഞ പ്രതിജ്ഞ*

## കാർഷികാധിഷ്ഠിത ചെറുകിട - കുടിൽ വ്യവസായങ്ങൾ



*ചിത്രങ്ങൾ 12.19 ● ചെറുകിട കുടിൽ വ്യവസായങ്ങൾ*

ചിത്രങ്ങൾ നിരീക്ഷിച്ച് ചെറുകിട വ്യവസായങ്ങളും അവയുടെ അസംസ്കൃത വസ്തുക്കളും ഏതൊക്കെയാണെന്ന് കണ്ടെത്തിയെഴുതുക.

ഈ വ്യാവസായിക ഉൽപന്നങ്ങളുടെ അസംസ്കൃത വസ്തുക്കൾ കാർഷിക വിഭവങ്ങളാണെന്ന് തിരിച്ചറിഞ്ഞല്ലോ? കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഒരു പരിധിവരെയുള്ള പരിഹാരമാണ് കാർഷികാധിഷ്ഠിത ചെറുകിട കുടിൽ വ്യവസായങ്ങൾ. കാർഷിക

വിഭവങ്ങൾ പ്രയോജനപ്പെടുത്തി നമുക്കുചുറ്റും തദ്ദേശിയമായി പ്രവർത്തിക്കുന്ന ചെറുകിട-കുടിൽ വ്യവസായങ്ങൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. നിക്ഷേപം പത്ത് കോടിയിൽ കൂടാത്തതും വാർഷിക വിറ്റുവരവ് അമ്പത് കോടിയിൽ താഴെയുള്ളതുമായ വ്യവസായങ്ങളാണ് ചെറുകിടവ്യവസായങ്ങൾ.

ഒരു വ്യക്തിയോ കുടുംബമോ പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ പരമ്പരാഗത സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഉൽപന്നങ്ങളാക്കി മാറ്റുന്നതാണ് കുടിൽ വ്യവസായം. ഇതിന് പ്രാരംഭനിക്ഷേപം കുറവാണ്. കുടിൽ വ്യവസായത്തിൽ കുടുംബാംഗങ്ങളുടെ തൊഴിൽശക്തി മാത്രമാണ് പ്രയോജനപ്പെടുത്തുന്നത്. നെയ്ത്ത്, പരവതാനി നിർമ്മാണം, തുകൽ വ്യവസായം, കരകൗശല വസ്തുക്കളുടെ നിർമ്മാണം, ചെറുകിട ഭക്ഷ്യസംസ്കരണശാലകൾ എന്നിവ കുടിൽ വ്യവസായങ്ങൾക്ക് ഉദാഹരണങ്ങളാണ്. ലോകത്താകമാനമുള്ള നിരവധി ഗ്രാമീണ സമ്പദ്‌വ്യവസ്ഥകളുടെ നട്ടെല്ലാണ് കുടിൽവ്യവസായങ്ങൾ.

**അഗ്രോ പാർക്ക്**

*കേരളത്തിലെ കാർഷിക ഉൽപന്ന സംസ്കരണ വേദികളാണ് അഗ്രോ പാർക്കുകൾ. കാർഷിക ഉൽപന്നങ്ങളെ മൂല്യവർധിത വസ്തുക്കളാക്കുന്നതിലൂടെ കർഷകരുടെ വരുമാനം ഉറപ്പാക്കുന്നു. കൃഷിവകുപ്പിന് കീഴിലാണ് അഗ്രോ പാർക്കുകൾ പ്രവർത്തിക്കുന്നത്.*

## കാർഷികാധിഷ്ഠിത ചെറുകിട-കുടിൽ വ്യവസായങ്ങളുടെ മാറുന്ന മുഖം

കാർഷികാധിഷ്ഠിത സ്റ്റാർട്ടപ്പുകൾക്ക് ഇന്ന് പ്രചാരമേറിവരികയാണ്. സർക്കാർ ഇത്തരം സ്റ്റാർട്ടപ്പുകൾക്ക് വളരെയധികം പ്രോത്സാഹനം നൽകുന്നുണ്ട്. പൊടിക്കുക, അരയ്ക്കുക, പായ്ക്ക് ചെയ്യുക, തുടങ്ങിയ ലളിതമായ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി പഴങ്ങൾ, പച്ചക്കറികൾ എന്നിവയെ പലതരം മൂല്യവർധിത ഉൽപന്നങ്ങളാക്കി മാറ്റുന്ന രീതിയിലുള്ള ചെറുകിട-കുടിൽ വ്യവസായങ്ങൾക്ക് ഇന്ന് പ്രാധാന്യമേറിയിട്ടുണ്ട്. കമുകിൻപാള ഉൽപന്നങ്ങൾ, ഭക്ഷ്യോല്പന്നങ്ങൾ, ഫലവർഗങ്ങളിൽ നിന്നുള്ള ഉൽപന്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ പ്രധാനമായും കാർഷിക ഉൽപന്നങ്ങളെ അടിസ്ഥാനമാക്കിയുള്ളവയാണ്.



*ചിത്രം 12.20 • കമുകിൻപാള കൊണ്ടുള്ള ഉൽപന്നങ്ങൾ*

നമ്മുടെ പ്രദേശത്തുള്ള കാർഷിക വിഭവങ്ങളുപയോഗപ്പെടുത്തി ഒരു സ്റ്റാർട്ടപ്പ് തുടങ്ങാനുള്ള ആശയം കണ്ടെത്തി രൂപരേഖ തയ്യാറാക്കുക.

## കൈത്തറി വ്യവസായം

***"ഏത് ദേശീയ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെയും അവശ്യഘടകമായി നൂലും നെയ്ത്തും ഞാൻ കണക്കാക്കുന്നു."***

**മഹാത്മാ ഗാന്ധി**



*ചിത്രം 12.21 • കൈത്തറി*

കൈത്തറിയുടെ പ്രാധാന്യം മനസ്സിലാക്കി ഗാന്ധിജി പറഞ്ഞ വാക്കുകളാണിവ. ഇന്ത്യയിലെ അസംഘടിത സാമ്പത്തിക പ്രവർത്തനങ്ങളിലൊന്നാണ് കൈത്തറി മേഖല. ഗ്രാമീണ-അർധഗ്രാമീണ ജനവിഭാഗ

ങ്ങളുടെ ഉപജീവനത്തിന്റെ അവിഭാജ്യഘടകവും സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിന്റെ സ്രോതസുമാണ് ഈ മേഖല. രാജ്യത്തെ തുണി ഉൽപാദനത്തിൽ കൈത്തറി മേഖലയുടെ സംഭാവന ചെറുതല്ല. കേരളത്തിലെ ഒരു പ്രധാന പരമ്പരാഗത ചെറുകിട കുടിൽ വ്യവസായമാണ് കൈത്തറി. കയർ മേഖല കഴിഞ്ഞാൽ തൊഴിൽ നൽകുന്ന കാര്യത്തിൽ അടുത്ത സ്ഥാനം കൈത്തറി മേഖലയ്ക്കാണ്.

## കാർഷിക വിപണി



*ചിത്രം 12.22 ● നാട്ടുചന്ത*



*ചിത്രം 12.23 ● പച്ചക്കറിക്കട*



*ചിത്രം 12.24 ● ഹൈപ്പർ മാർക്കറ്റ്*




*ചിത്രം 12.25 ● ഓൺലൈൻ മാർക്കറ്റ്*

മുകളിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിക്കൂ. കാർഷിക വിഭവങ്ങൾ വിൽക്കുന്നതിനും വാങ്ങുന്നതിനും രാജ്യത്ത് നിലവിലുള്ള ചില സംവിധാനങ്ങളാണിവ. ഇവയിൽ എവിടെ നിന്നാണ് നിങ്ങളുടെ വീട്ടിൽ കാർഷിക വിഭവങ്ങൾ വാങ്ങുന്നത്? കാർഷിക ഉൽപന്നങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന സംവിധാനമാണ് കാർഷിക വിപണി. കാര്യക്ഷമമായ ഒരു കാർഷിക വിപണി കാർഷിക പുരോഗതിക്ക് അത്യാവശ്യമാണ്. സാധ്യമായ ഏറ്റവും മികച്ച വരുമാനം ലഭിക്കുന്നതിന് പ്രാഥമിക ഉൽപാദകരെ പ്രാപ്തരാക്കുക, കാർഷിക ഉൽപന്നങ്ങളുടെ ഗുണനിലവാരം നിലനിർത്തിക്കൊണ്ട് ന്യായമായ വില ലഭ്യമാക്കുക എന്നിവയാണ് കാർഷിക വിപണിയുടെ പ്രധാന ലക്ഷ്യങ്ങൾ.

## കർഷകരും വിപണിയും

കാർഷിക ഉൽപന്നങ്ങൾ എവിടെയ്ക്കൊക്കെയാണ് വില്പനയ്ക്കായി പോകുന്നതെന്ന് നിങ്ങൾക്കറിയാമോ? നമുക്ക് പരിശോധിക്കാം.

### കതിർ ആപ്പ്

*കൃഷിയും കൃഷിരീതികളും സ്മാർട്ടാക്കാനായി വിവരസാങ്കേതിക വിദ്യയുടെ സാധ്യത ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയതാണ് കതിർ ആപ്പ്. (Kerala Agriculture Technology Hub and Information Repository - KATHIR). കാലാവസ്ഥാ വിവരങ്ങൾ, വിള ഉപദേശങ്ങൾ, മാർക്കറ്റ് ഇന്റലിജൻസ് വിവരങ്ങൾ, കാർഷിക പദ്ധതി വിവരങ്ങൾ, കൃഷിഭൂമി സംബന്ധമായ വിവരങ്ങൾ എന്നിവ ഈ ആപ്പിലൂടെ ലഭ്യമാകും. ഈ ആപ്പിലൂടെ രജിസ്റ്റർ ചെയ്യുന്ന കർഷകർക്ക് തിരിച്ചറിയൽ കാർഡ് ലഭിക്കുന്നതാണ്.*




ഉൽപന്നങ്ങൾക്ക് ന്യായവില ലഭിക്കേണ്ടത് കർഷകരുടെ അവകാശമാണ്. അതുകൊണ്ടുതന്നെ പരമാവധി വില ലഭിക്കുന്ന വിപണികൾ കണ്ടെത്താൻ കർഷകർ ശ്രമിച്ചുകൊണ്ടിരിക്കും. ഓൺലൈൻ വിപണികൾ ഉപയോഗപ്പെടുത്തുന്നതിലൂടെ കർഷകരും ഉപഭോക്താക്കളും തമ്മിൽ ഇടനിലക്കാരില്ലാതെയുള്ള വിപണനം സാധ്യമാകുന്നു.

*കാർഷികമേഖലയിൽ കാർഷിക വിപണികളുടെ പ്രാധാന്യത്തെക്കുറിച്ച് ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക.*

## വിവിധതരം കാർഷിക വിപണികൾ

ഘടനാപരവും പ്രവർത്തനക്ഷമവുമായ വിപണികൾ കാർഷിക മേഖലയുടെ പുരോഗതിക്ക് അനിവാര്യമാണ്. സംഘടിത കാർഷിക വിപണി (Organised Agriculture Market) എന്നും അസംഘടിത കാർഷിക വിപണി (Un-organised Agriculture Market) എന്നും കാർഷിക വിപണിയെ രണ്ടായി തരംതിരിച്ചിരിക്കുന്നു. ഗവൺമെന്റിന്റെ ചട്ടങ്ങൾക്കും നിയമങ്ങൾക്കുമനുസരിച്ച് പ്രവർത്തിക്കുന്നവയാണ് സംഘടിത കാർഷിക വിപണികൾ. പ്രധാനമായും എ.പി.എം.സി. നിയമങ്ങൾക്കനുസരിച്ചാണ് ഇവ പ്രവർത്തിക്കുന്നത്. എന്നാൽ പ്രത്യേക ഘടനയില്ലാതെ പ്രവർത്തിക്കുന്നവയാണ് അസംഘടിത കാർഷിക വിപണികൾ.

### *അഗ്രികൾച്ചറൽ പ്രൊഡ്യൂസ് മാർക്കറ്റ് കമ്മിറ്റി (APMC)*

*വൻകിട, ചില്ലറ വ്യാപാരികളുടെ ചൂഷണത്തിൽ നിന്ന് കർഷകരെ സംരക്ഷിക്കുന്നതിനായി രാജ്യത്തെ സംസ്ഥാന ഗവൺമെന്റുകൾ സ്ഥാപിച്ച മാർക്കറ്റിംഗ് ബോർഡാണ് എ.പി.എം.സി. കാർഷിക ഉൽപന്ന വിപണന നിയന്ത്രണ നിയമം (APMR Act) വഴിയാണ് സംസ്ഥാനങ്ങൾ എ.പി.എം.സി.യെ നിയന്ത്രിക്കുന്നത്.*

## ഗ്രാമീണ പ്രാഥമിക വിപണികൾ (Rural Primary Markets)

കർഷകർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ ഇടനിലക്കാരില്ലാതെ നേരിട്ട് എത്തിക്കുന്ന വിപണികളാണ് ഗ്രാമീണ പ്രാഥമിക വിപണികൾ. ചെറിയ ഗ്രാമങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നതും, ഗ്രാമത്തിലെ വ്യക്തികൾ പ്രധാന വില്പനക്കാരും ഉപഭോക്താക്കളുമായുള്ള കൈമാറ്റ സംവിധാനമാണ് ഗ്രാമീണ പ്രാഥമിക വിപണികൾ. വിപണികൾ ആഴ്ചയിൽ ഒന്നോ രണ്ടോ തവണ തുറസ്സായ സ്ഥലങ്ങളിലാണ് കൂടുന്നത്. ഉദാ: ഗ്രാമീണ ചന്തകൾ, ഹാറ്റുകൾ.

### *വില്ലേജ് ഹാറ്റുകൾ*

*ഒരു ഗ്രാമത്തിലെ ഉൽപാദകർ, ഇടനിലക്കാർ, ഉപഭോക്താക്കൾ തുടങ്ങിയവർ കാർഷിക ഉൽപന്നങ്ങൾ വാങ്ങാനും വിൽക്കാനും ഒത്തുകൂടുന്ന വിപണികളാണ് ഹാറ്റുകൾ.*

### *മണ്ഡികൾ*

*ജില്ലാ ആസ്ഥാനങ്ങളിലും മറ്റ് പട്ടണങ്ങളിലും ദൈനംദിന ഇടപാടുകൾക്കുള്ള സ്ഥിരമായ മൊത്തവ്യാപാര വിപണികളാണിവ.*

### *ഫെയർ/മേളകൾ*

*മതപരമായ ഉത്സവങ്ങളുടെ സമയത്തോ പ്രാദേശികമായ ഉത്സവങ്ങളുടെ സമയത്തോ മാത്രം തീർത്ഥാടന സ്ഥലങ്ങളിലും പ്രധാന കേന്ദ്രങ്ങളിലും നടത്തുന്ന വിപണികളാണ് മേളകൾ.*

### *'കേരളഗ്രോ'*

*കാർഷിക ഉൽപന്നങ്ങളുടെ വിപണനം ഊർജ്ജിതമാക്കാനും അതുവഴി കർഷകരുടെ വരുമാനം വർധിപ്പിക്കാനും ഉൽപന്നങ്ങൾ ന്യായവിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും 'കേരളഗ്രോ' എന്ന ഏകീകൃത ബ്രാൻഡിൽ കാർഷിക ഉൽപന്നങ്ങളുടെ വിപണനം കൃഷി വകുപ്പ് ആരംഭിച്ചു.*

## മൊത്തവ്യാപാര വിപണികൾ അഥവാ ദ്വിതീയ മൊത്തവ്യാപാര വിപണികൾ (Wholesale Markets or Secondary Wholesale Markets)

കൃഷിയിടങ്ങളുമായി ബന്ധപ്പെട്ട നഗരങ്ങളിൽ പ്രവർത്തിക്കുന്ന വിപണികളാണിവ. ഉൽപാദകരായ കർഷകർ തന്നെയാണ് ഇവിടേക്ക് കാർഷിക ഉൽപന്നങ്ങൾ എത്തിക്കുന്നത്. ജില്ലാ തലസ്ഥാനങ്ങളിലോ റെയിൽവേ സ്റ്റേഷന് സമീപമോ ഉള്ള വിപണന കേന്ദ്രങ്ങളാണിവ. ഗ്രാമീണ കർഷകരും മൊത്ത വ്യാപാരികളും തമ്മിലാണ് ഇവിടെ കച്ചവടം നടക്കുന്നത്. മറ്റ് വിപണികളിൽ നിന്നും ഇവിടേക്ക് സാധനങ്ങൾ എത്തിക്കാറുണ്ട്. ഉദാ: മണ്ഡികൾ

സംസ്ഥാന സ്വയംഭരണ സ്ഥാപനങ്ങളുടേയും കർഷക ഉൽപാദന സംഘങ്ങളുടെയും പിന്തുണയോടെയാണ് സംസ്ഥാനത്ത് കാർഷിക വിപണനം നടക്കുന്നത്. നഗര-ഗ്രാമ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള വിപണന ശൃംഖലയിലൂടെയാണ് ഇത് സാധ്യമാകുന്നത്. കേരളത്തിലെ മൊത്തവ്യാപാര വിപണികളിൽ മൂന്നെണ്ണം നഗരപ്രദേശത്തും മൂന്നെണ്ണം ഗ്രാമപ്രദേശത്തും പ്രവർത്തിക്കുന്നു. ഇവ കൂടാതെ

അഞ്ച് ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. കൃഷിവകുപ്പിന് കീഴിലുള്ള ഈ കേന്ദ്രങ്ങൾ കേരള സർക്കാരിന്റെ വിപണി നിയമങ്ങൾക്കനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ഇ-നാം (E-Nam)ന് കീഴിൽ ആറ് മൊത്തവ്യാപാര വിപണികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവ കൂടാതെ വിവിധതലങ്ങളിലുള്ള പ്രാദേശിക വിപണനകേന്ദ്രങ്ങൾ നേരിട്ടും കർഷക കൂട്ടായ്മകൾവഴിയും കാർഷിക ഉൽപന്നങ്ങൾ സമാഹരിച്ച് വിപണം സാധ്യമാക്കുന്നുണ്ട്. ഉൽപാദന കേന്ദ്രങ്ങളിൽ വി.എഫ്.പി.സി.കെ. സ്ഥാപിച്ച സ്വാശ്രയകർഷകസമിതികളുടെ വിപണന സംവിധാനത്തിൽ ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് വിപണനം നടത്തുന്നു.

ഇന്ത്യയിലെ കാർഷിക ഉൽപന്നങ്ങളുടേയും വനവിഭവങ്ങളുടേയും വിപണനം പ്രോത്സാഹിപ്പിക്കുന്ന ഒരു സംഘടനയാണ് നാഷണൽ അഗ്രികൾച്ചറൽ കോഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (NAFED). കാർഷിക ഉൽപന്നങ്ങളുടെ സംയോജനവും വിപണനവും മൂല്യവർധനവ്, ഗ്രേഡിംങ്, ബ്രാൻഡിംഗ്, പാക്കിംഗ് തുടങ്ങിയ സേവനങ്ങളും ഏറ്റെടുത്തുനടത്തുക വഴി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) ഗ്രാമീണ കാർഷിക പ്രവർത്തനങ്ങൾക്ക് കരുത്തേകുന്നു.

### *ഇ-നാം (E-Nam)*

*കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾ ഇഷ്ടാനുസരണം വിൽക്കുന്നതിനായി സർക്കാർ ആരംഭിച്ച പദ്ധതിയാണ് ദേശീയ കാർഷിക വിപണി (National Agriculture Market). കാർഷിക ഉൽപന്നങ്ങൾക്കുള്ള ഒരു ഓൺലൈൻ പ്ലാറ്റ് ഫോമാണിത്.*

## കാർഷികവിപണി നേരിടുന്ന വെല്ലുവിളികൾ

- ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത
- വായ്പകളുടെ ലഭ്യതക്കുറവ്
- വിപണി വിവരങ്ങളുടെ അപര്യാപ്തത
- സംഭരണശാലകളുടെ അപര്യാപ്തത
- ഇറക്കുമതി നയങ്ങൾ
- ഇടനിലക്കാരുടെ ചൂഷണം



ചിത്രം 12.26 • കാർഷിക നഗര മൊത്തവ്യാപാര വിപണി

### *വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK)*

*കേരളത്തിലെ കർഷകർക്ക് വാണിജ്യാടിസ്ഥാനത്തിൽ പഴം, പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിന് വിത്ത് മുതൽ വിപണനം വരെയുള്ള വിവിധ കാർഷിക പ്രവർത്തനങ്ങളിൽ പിന്തുണ നൽകുക എന്നതാണ് വി.എഫ്.പി.സി.കെ. യുടെ ദൗത്യം.*

### *കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ*

*കർഷകരുടെ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും പരിഹരിക്കുന്നതിനും പുതിയ കാർഷിക സാങ്കേതികവിദ്യകളും കഴിവുകളും കൈമാറുന്നതിനും ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ച് (ICAR) രാജ്യത്താകമാനം സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളാണ് കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ.*

*വിവിധതരം കാർഷിക വിപണികളെക്കുറിച്ച് സെമിനാർ സംഘടിപ്പിക്കുക.*

വിവിധതരം തോട്ടവിളകൾ, ഭക്ഷ്യവിളകൾ, നാണ്യവിളകൾ, സുഗന്ധ വ്യഞ്ജനങ്ങൾ, പച്ചക്കറികൾ എന്നിവയുടെ കൃഷിക്ക് അനുകൂലമായ വൈവിധ്യമാർന്ന കാർഷിക കാലാവസ്ഥ സാഹചര്യങ്ങളും ചെറിയ കൃഷിയിടങ്ങളും കേരളത്തിന്റെ കാർഷിക മേഖലയുടെ സവിശേഷത കളാണ്. കൃഷിവകുപ്പ്, സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള കാർഷിക സർവകലാശാല, വിവിധ കാർഷിക ഗവേഷണ കേന്ദ്രങ്ങൾ, കർഷക ഉൽപാദന സംഘങ്ങൾ തുടങ്ങിയവ കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു.

സാങ്കേതികവിദ്യയിലുണ്ടായ പുരോഗതി കാർഷികമേഖലയിൽ പുതിയൊരു വിപ്ലവത്തിന് തുടക്കം കുറിച്ചു. കാർഷികമേഖലയിലെ പ്രശ്നങ്ങളെ ഏറ്റെടുത്തുകൊണ്ട് ഭക്ഷ്യസുരക്ഷയും പാരിസ്ഥിതിക സുസ്ഥിരതയും കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് സങ്കേതിക വിദ്യയിലൂടെ ആവിഷ്കരിച്ചിട്ടുള്ളത്. ഭാവിതലമുറയുടെ ഭക്ഷ്യസുരക്ഷ യും രാജ്യത്തിന്റെ സാമ്പത്തിക സുരക്ഷയും നിലനിർത്താനുതകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പുത്തൻതലമുറയാകണം നമ്മുടെ ലക്ഷ്യം.

## തുടർപ്രവർത്തനങ്ങൾ

- സമീപ പ്രദേശങ്ങളിലെ കൃഷിയിടങ്ങൾ സന്ദർശിച്ച് വിവിധ വിളകളേയും വിള സംവിധാന ങ്ങളേയും കുറിച്ച് റിപ്പോർട്ട് തയ്യാറാക്കുക.
- സ്കൂൾ പരിസരത്തെ കൃഷി ഓഫീസ് സന്ദർശിച്ച് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് കൃഷി ഓഫീസിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കുക.
- സ്കൂളിൽ ഒരു കാർഷികമേള സംഘടിപ്പിക്കുക.
- മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ കർഷകരുമായി ചർച്ച ചെയ്ത് കാർഷികമേഖല നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പ്രോജക്ട് തയ്യാറാക്കുക.
- പാഠഭാഗത്ത് ചർച്ച ചെയ്ത കൃഷിരീതികളും സാങ്കേതികവിദ്യയും ഉപയോഗപ്പെടുത്തി സ്കൂളിൽ ഒരു കൃഷിയിടം ഒരുക്കുക.

യൂണിറ്റ് 13

# പുതിയ രാഷ്ട്രങ്ങൾ കെട്ടിപ്പടുക്കുന്നു






## സ്വാതന്ത്ര്യ പ്രഖ്യാപനം

"എല്ലാ മനുഷ്യരും തുല്യരായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവരുടെ സൃഷ്ടാവ് എല്ലാവർക്കും ഒഴിവാക്കാനാകാത്ത ചില അവകാശങ്ങൾ നൽകിയിട്ടുണ്ട്. ജീവിതം, സ്വാതന്ത്ര്യം, ജീവിതസൗഖ്യം എന്നിവയ്ക്കുള്ള അവകാശങ്ങൾ അവയിൽ ഉൾപ്പെടുന്നവയാണ്. ഈ അവകാശങ്ങൾ നേടിയെടുക്കാൻ ഭരിക്കപ്പെടുന്നവരുടെ അംഗീകാരം ലഭിച്ച ഭരണകൂടങ്ങൾ രൂപീകരിക്കപ്പെടണം. ഏതെങ്കിലും ഭരണം ഈ ലക്ഷ്യങ്ങളെ നശിപ്പിക്കുന്ന തരത്തിലാവുകയാണെങ്കിൽ അതിനെ മാറ്റുകയോ ഇല്ലാതാക്കുകയോ ചെയ്യാനുള്ള അവകാശം ജനങ്ങൾക്കുണ്ട്."

പതിനെട്ടാം നൂറ്റാണ്ടിൽ അമേരിക്കൻ ജനത തയ്യാറാക്കിയ സ്വാതന്ത്ര്യപ്രഖ്യാപനത്തിലെ ഒരു ഭാഗമാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

എന്തെല്ലാം അവകാശങ്ങളെക്കുറിച്ചാണ് ഇതിൽ പരാമർശിച്ചിട്ടുള്ളത്?

- ജീവിക്കാനുള്ള അവകാശം
- സ്വാതന്ത്ര്യത്തിനുള്ള അവകാശം
- 
- 

ഇപ്രകാരം ഒരു സ്വാതന്ത്ര്യപ്രഖ്യാപനം നടത്താൻ അമേരിക്കയിലെ ജനങ്ങളെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമായിരുന്നു എന്ന് പരിശോധിക്കാം.

## കൊളോണിയൽ നിയന്ത്രണം



*ചിത്രം 13.1 ● തീർത്ഥാടക പിതാക്കന്മാർ സ്ഥാപിച്ച കോളനികൾ*

മെയ്ഫ്ലവർ എന്ന് പേരുള്ള കപ്പലിൽ അമേരിക്കയിലെത്തിയ തീർത്ഥാടക പിതാക്കന്മാർ (Pilgrim Fathers) എന്നറിയപ്പെടുന്ന പ്യൂരിറ്റന്മാരുടെ ഒരു സംഘം വടക്കേ അമേരിക്കയിൽ പ്ലിമൗത്ത് (മസാച്ചുസെറ്റ്സ്) എന്ന കോളനി സ്ഥാപിച്ചു. പിൽക്കാലത്ത് 12 കോളനികൾ കൂടി രൂപംകൊണ്ടു. ഈ കോളനികളിൽ വസിച്ചിരുന്നവരിൽ ഭൂരിഭാഗവും ഇംഗ്ലീഷുകാരായിരുന്നു. മാതൃരാജ്യത്തിന്റെ പിന്തുണയില്ലാതെ അമേരിക്കയിൽ എത്തിച്ചേർന്ന ഇവരെ നിയന്ത്രിക്കുന്നതിനായി ഇംഗ്ലണ്ടിലെ രാജാവ് കോളനികളിൽ ഗവർണർമാരെ നിയമിച്ചു. കോളനിക്കാരുടെ അസംതൃപ്തിക്ക് ഇത് പ്രധാനകാരണമായി.

*തീർത്ഥാടക പിതാക്കന്മാർ സ്ഥാപിച്ച കോളനികൾ ചിത്രത്തിൽ നിന്നും കണ്ടെത്തി പട്ടികപ്പെടുത്തുക.*

### പ്യൂരിറ്റന്മാർ

*ഇംഗ്ലണ്ടിലെ ഒരു ക്രിസ്തീയ സഭാവിഭാഗമായിരുന്നു പ്യൂരിറ്റന്മാർ. ആരാധനാകാര്യങ്ങളിൽ യാഥാസ്ഥിതിക നിലപാടായിരുന്നു ഇവർക്കുണ്ടായിരുന്നത്. രാജ്യത്തെ ഇതര ക്രിസ്തീയ വിഭാഗങ്ങളുമായി ഇവർ സംഘർഷത്തിലായിരുന്നു. ഇതേത്തുടർന്ന് ഇവരിൽ ചിലർ സ്വന്തം രാജ്യം ഉപേക്ഷിച്ച് അമേരിക്കൻ ഭൂഖണ്ഡത്തിലേക്ക് കുടിയേറി കോളനികൾ സ്ഥാപിച്ചു.*

## വാണിജ്യ നിയന്ത്രണം

ബ്രിട്ടീഷ് ഭരണകൂടം നിയമ നിർമ്മാണത്തിലൂടെ കോളനികളിൽ വാണിജ്യനിയന്ത്രണം കൊണ്ടുവരാൻ ശ്രമിച്ചു. അസംസ്കൃത വസ്തുക്കൾ സംഭരിക്കാനും നിർമ്മിത ഉൽപന്നങ്ങൾ വിറ്റഴിക്കാനുമുള്ള കുത്തകക്കമ്പോളമാക്കി അവർ കോളനികളെ മാറ്റി. ബ്രിട്ടൻ നടപ്പിലാക്കിയ വാണിജ്യനിയമങ്ങൾ ഏതെല്ലാമെന്ന് പരിശോധിക്കാം.

- കോളനികളിൽ നിന്ന് കോളനികളിലേക്കുള്ള സാധനങ്ങൾ ബ്രിട്ടീഷ് കപ്പലുകളിലോ കോളനികളുടെ കപ്പലുകളിലോ മാത്രമേ കൊണ്ട് പോകാൻ പാടുള്ളൂ.
- കമ്പിളി, പുകയില, കപ്പലിന്റെ പായ് എന്നീ സാധനങ്ങൾ ഇംഗ്ലണ്ട് വഴി മാത്രമേ യൂറോപ്പിലേക്ക് അയയ്ക്കാവൂ. യൂറോപ്പിൽനിന്ന് സാധനങ്ങൾ ഇംഗ്ലണ്ടിലൂടെ മാത്രമേ കൊണ്ടുപോകാൻ പാടുള്ളൂ.
- 1765-ലെ സ്റ്റാമ്പ് നിയമമനുസരിച്ച് വിൽപ്പത്രങ്ങൾ, നിയമപരമായ പ്രമാണങ്ങൾ, ലഘുലേഖകൾ എന്നിവയിൽ നിശ്ചിതവിലയുള്ള സ്റ്റാമ്പ് പതിക്കണമെന്ന് നിഷ്കർഷിച്ചു. ഫ്രഞ്ചുകാരുടെ ആക്രമണത്തിൽ നിന്ന് കോളനികളെ സംരക്ഷിക്കാൻ ബ്രിട്ടന് ചെലവായ തുക തിരിച്ചുപിടിക്കുന്നതിനായാണ് അധിക നികുതി ഏർപ്പെടുത്തിയത്.

വർധിച്ച ജനരോഷത്തെത്തുടർന്ന് 1766-ൽ ഈ നിയമം പിൻവലിച്ചെങ്കിലും കോളനിയിൽ നികുതി ഏർപ്പെടുത്തുന്നതിനുള്ള അവകാശം ബ്രിട്ടീഷ് പാർലമെന്റിൽ നിക്ഷിപ്തമാക്കി.

ബ്രിട്ടന്റെ ഇത്തരം നടപടികൾ അമേരിക്കൻ ജനതയെ സാരമായി ബാധിക്കുമെന്ന് മനസ്സിലാക്കിയ കോളനി നിവാസികൾ കലാപവുമായി രംഗത്ത് വന്നു.

കോളനിനിവാസികളെ ബ്രിട്ടനെതിരെ പോരാടാൻ പ്രേരിപ്പിച്ച മറ്റുചില ഘടകങ്ങൾ ഉണ്ടായിരുന്നു. അവ എന്തെല്ലാമെന്ന് നോക്കാം.

- സപ്തവത്സര യുദ്ധത്തിന്റെ ഫലമായി കോളനിക്കാരുടെ ഫ്രഞ്ച് ഭീതി ഇല്ലാതായത്
- യുദ്ധത്തിൽ പങ്കെടുത്തതിന്റെ ഫലമായി കിട്ടിയ സൈനിക പരിചയം
- സ്വന്തം ശക്തിയെ കുറിച്ചുള്ള ബോധം

### *ബോസ്റ്റൺ തേയില സൽക്കാരം*



*ചിത്രം 13.2 • പ്രതിഷേധക്കാർ തേയില കടലിൽ തള്ളുന്നു.*

*ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന നോർത്ത് പ്രഭു 1773-ൽ തേയില നിയമം നടപ്പാക്കി. കോളനി നിവാസികളെ ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ തേയില വാങ്ങാൻ നിർബന്ധിക്കുന്നതായിരുന്നു ഈ നിയമം. തുറമുഖത്തെത്തിയ കപ്പലുകളിൽ റെഡ് ഇന്ത്യക്കാരുടെ വേഷം ധരിച്ച് കയറിപ്പറ്റിയ പ്രതിഷേധക്കാർ തേയില പ്പെട്ടികൾ കടലിലേക്ക് വലിച്ചെറിഞ്ഞു. ഈ സംഭവമാണ് ബോസ്റ്റൺ തേയില സൽക്കാരം എന്നറിയപ്പെടുന്നത്.*

*വ്യാപാര നിയമങ്ങൾ കോളനികളെ ചൂഷണം ചെയ്യാൻ സഹായിച്ചതെങ്ങനെയെന്ന് ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.*

### സപ്ത വത്സര യുദ്ധം

*വ്യാപാരകുത്തക ഉറപ്പിക്കുന്നതിനായി ബ്രിട്ടനും ഫ്രാൻസും തമ്മിൽ നടന്ന യുദ്ധമാണ് സപ്തവത്സര യുദ്ധം. 1756-ൽ ആരംഭിച്ച യുദ്ധം 1763-ലെ പാരീസ് സന്ധിയോടെ അവസാനിച്ചു.*

## കോളനികൾ ഐക്യപ്പെടുന്നു

ബ്രിട്ടീഷ് ഗവൺമെന്റ് അമേരിക്കൻ കോളനികളിൽ നടപ്പിലാക്കിയ നിയമങ്ങളോടുള്ള എതിർപ്പ് കോളനികൾക്കിടയിൽ ഐക്യബോധം വളരുന്നതിനിടയാക്കി. ഈ ഐക്യബോധത്തിന്റെ പരിണിതഫലമായി ഫിലാഡൽഫിയയിൽ കോളനിവാസികളുടെ പ്രതിനിധികൾ സമ്മേളിച്ചു. ഇത് കോണ്ടിനെന്റൽ കോൺഗ്രസ് എന്നും അറിയപ്പെടുന്നു. ഈ സമ്മേളനങ്ങളെക്കുറിച്ച് പരിശോധിക്കാം.

**1774** — ഒന്നാം ഫിലാഡൽഫിയ കോൺഗ്രസ്

- ജോർജിയ ഒഴികെയുള്ള 12 കോളനികൾ പങ്കെടുത്തു
- പരാതികൾ പരിഹരിക്കപ്പെടുന്നതുവരെ ബ്രിട്ടനുമായുള്ള വ്യാപാരം നിർത്തിവയ്ക്കാൻ തീരുമാനിച്ചു

**1775** — രണ്ടാം ഫിലാഡൽഫിയ കോൺഗ്രസ്

- ബ്രിട്ടീഷ് രാജാവിന് ഒലിവ് ബ്രാഞ്ച് പെറ്റീഷൻ നൽകി
- ജോർജ് വാഷിങ്ടണിനെ അമേരിക്കൻ സൈന്യത്തിന്റെ തലവനായി നിയമിച്ചു
- ബ്രിട്ടനുമായി യുദ്ധം ആരംഭിച്ചു

**1776** — മൂന്നാം ഫിലാഡൽഫിയ കോൺഗ്രസ്

- പ്രസിദ്ധമായ സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തി
- ഇത് എഴുതി തയ്യാറാക്കിയത് തോമസ് ജെഫേഴ്സൺ ആയിരുന്നു

### ഒലിവ് ബ്രാഞ്ച് പെറ്റീഷൻ



ചിത്രം 13.3 • ഒലിവ് ബ്രാഞ്ച് പെറ്റീഷൻ

*ബ്രിട്ടനുമായുള്ള യുദ്ധം ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ രാജാവിനോടുള്ള തങ്ങളുടെ വിശ്വസ്തത പ്രഖ്യാപിച്ചുകൊണ്ട് കോളനി നിവാസികൾ നൽകിയ പരാതിയാണിത്. ഇതിലൂടെ 1765ന് ശേഷം പാസാക്കിയ നിയമങ്ങൾ പിൻവലിക്കണമെന്നും അവർ ആവശ്യപ്പെട്ടു.*

## തത്വചിന്തയും വിപ്ലവവും

അമേരിക്കൻ ജനതയെ സ്വാധീനിച്ച തത്വചിന്തകരും അവരുടെ ആശയ ങ്ങളും ഏതെല്ലാമെന്ന് പരിശോധിക്കാം.

'പ്രാതിനിധ്യമില്ലാതെ നികുതിയില്ല' - ***ജെയിംസ് ഓട്ടിസ്***

'ഇംഗ്ലണ്ടിൽ നിന്ന് വേർപിരിയുകയാണ് അമേരിക്കക്കാരെ സംബന്ധിച്ചിടത്തോളം വിവേകപൂർണ്ണം' - ***തോമസ് പെയിൻ***

'മനുഷ്യന് ചില മൗലികാവകാശങ്ങളുണ്ട്, അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല' - ***ജോൺലോക്ക്***

*കോണ്ടിനെന്റൽ കോൺഗ്രസുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങൾ ഉൾപ്പെടുത്തി ഫ്ലോചാർട്ട് തയ്യാറാക്കുക.*

## സ്വാതന്ത്ര്യത്തിലേക്ക്

1781-ൽ യോർക്ക് ടൗണിൽ വച്ച് കോൺവാലിസിന്റെ നേതൃത്വത്തി ലുള്ള ഇംഗ്ലീഷ് സൈന്യത്തെ ജോർജ് വാഷിങ്ടണിന്റെ നേതൃത്വ ത്തിലുള്ള അമേരിക്കൻ സൈന്യം ഫ്രാൻസ്, സ്പെയിൻ എന്നീ രാജ്യങ്ങളുടെ സഹായത്തോടെ പരാജയപ്പെടുത്തി. തുടർന്ന് 1783-ലെ പാരീസ് ഉടമ്പടി പ്രകാരം ബ്രിട്ടൻ 13 അമേരിക്കൻ കോളനികളുടെ സ്വാതന്ത്ര്യം അംഗീകരിച്ചു.

## പുതിയ ഭരണഘടന തയ്യാറാകുന്നു

യുദ്ധാനന്തരം കോളനികൾ ചേർന്ന് ആർട്ടിക്കിൾസ് ഓഫ് കോൺഫെഡറേഷൻ എന്ന പേരിൽ ഭരണഘടനയുടെ ചട്ടക്കൂട് തയ്യാറാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ ഭരണഘടന പൂർത്തീകരിക്കുന്നതിനായി ഫിലാഡൽഫിയയിൽ വച്ച് ജോർജ് വാഷിങ്ടണിന്റെ നേതൃത്വത്തിൽ ഒരു കൺവെൻഷൻ നടന്നു. ഈ കൺവെൻഷൻ തയ്യാറാക്കിയ ഭരണഘടനയ്ക്കനുസൃതമായി അമേരിക്കൻ ഐക്യനാടുകളുടെ പ്രഥമ പ്രസിഡന്റായി ജോർജ് വാഷിങ്ടണിനെ തിരഞ്ഞെടുത്തു.

അമേരിക്കൻ ഐക്യനാടുകളിലെ ഭരണഘടനയുടെ പ്രധാന സവിശേഷതകൾ എന്തെല്ലാമായിരുന്നു?

- ഫെഡറൽ മാതൃകയിലുള്ള ഒരു ലിഖിത ഭരണഘടനയാണ് അമേരിക്കയുടേത്. ഇതനുസരിച്ച് യൂണിയനിൽ ചേരുന്ന ഓരോ സംസ്ഥാനത്തിനും സ്വന്തമായ ചില അധികാരങ്ങൾ ഉണ്ടായിരുന്നു.

### ജോർജ് വാഷിങ്ടൺ



*ചിത്രം 13.4 • ജോർജ് വാഷിങ്ടൺ*

*1732-ൽ ജോർജ് വാഷിങ്ടൺ ജനിച്ചു. പിതാവ് അഗസ്റ്റിൻ വാഷിങ്ടണും മാതാവ് മേരി ബാളും ആയിരുന്നു. അമേരിക്കൻ കോളനികളുടെ സർവ സൈന്യാധിപൻ, ഭരണഘടനാ കൺവെൻ ഷന്റെ തലവൻ, അമേരിക്കൻ ഐക്യനാടുകളുടെ ആദ്യത്തെ പ്രസിഡന്റ് എന്നീ പദവികൾ വഹിച്ചു. മൈ ജേർണി ടു ദി ഒഹായോവാലി (My Journey to the Ohio Valley), പെൻ പാൽ വിത്ത് മെനിഎറൗണ്ട് ദി വേൾഡ് (Pen pal with many around the world) എന്നിവ അദ്ദേഹത്തിന്റെ കൃതികളാണ്.*

- ലോകത്തിലെ ഏറ്റവും ചെറിയ ഭരണഘടന
- വിദേശകാര്യം, യുദ്ധം, അന്തർസംസ്ഥാന വാണിജ്യം, നാണയം തുടങ്ങിയവയിൽ കേന്ദ്രഗവൺമെന്റിനാണ് അധികാരം
- കേന്ദ്രഗവൺമെന്റിൽ സ്റ്റേറ്റ് ഗവൺമെന്റുകൾക്കും പ്രാതിനിധ്യം ഉണ്ടായിരുന്നു
- ഗവൺമെന്റിന്റെ മൂന്ന് ശാഖകളായ കോൺഗ്രസ്, പ്രസിഡന്റ്, കോടതി എന്നിവയുടെ അധികാരങ്ങളെ വേർതിരിച്ചിരിക്കുന്നു

*ഡയഗ്രം പൂർത്തിയാക്കുക.*

ലിഖിതഭരണഘടനയാണ്

↑

............................ ← അമേരിക്കൻ ഐക്യനാടുകളിലെ ഭരണഘടന → ............................

↓

............................

വിപ്ലവാനന്തരം സാമ്പത്തിക, വ്യവസായിക, വിദ്യാഭ്യാസ, ശാസ്ത്ര-സാങ്കേതിക മേഖലകളിൽ അമേരിക്ക നേടിയ വളർച്ച ഒരു കാലഘട്ടത്തിൽ സ്വതന്ത്രമായി ജീവിക്കാനായി പോരാടിയ ജനതയെ ഒരു പ്രധാന ലോക ശക്തിയായി വളർന്നുവരാൻ സഹായിച്ചു.

അമേരിക്കൻ സ്വാതന്ത്ര്യസമരം ലോകത്തിന് സുപ്രധാന സംഭാവനകൾ നൽകി. അവ എന്തെല്ലാമായിരുന്നു?

**അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന്റെ പ്രസക്തി**

- ലോകമെമ്പാടുമുള്ള കോളനിവിരുദ്ധ സമരങ്ങൾക്ക് ഊർജം പകർന്നു
- ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന നിലവിൽ വന്നു
- ഫെഡറൽ ഗവൺമെന്റ് എന്ന ആശയം ലോകത്തിന് സംഭാവനചെയ്തു
- ആധുനിക റിപ്പബ്ലിക്കൻ ഭരണം എന്ന ആശയം ലോകത്തിന് നൽകി

*അമേരിക്കൻ ഐക്യനാടുകളുടെ രൂപീകരണത്തിന് ഇടയാക്കിയ സംഭവങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ചുവർ പത്രിക തയ്യാറാക്കുക.*

## ആഭ്യന്തരകലാപവും ഐക്യവും

> ***"അടിമത്തം തെറ്റല്ലെങ്കിൽ മറ്റൊന്നും തെറ്റല്ല"***
> *"If slavery is not wrong then nothing is wrong"*

അമേരിക്കൻ സംസ്ഥാനങ്ങൾ തമ്മിലുള്ള ഭിന്നതയുടെ അടിസ്ഥാനകാരണങ്ങളിൽ ഒന്നിനെക്കുറിച്ച് എബ്രഹാം ലിങ്കൺ പറഞ്ഞ വാക്കുകൾ ശ്രദ്ധിച്ചുവല്ലോ. വിപ്ലവാനന്തരം അമേരിക്കൻ ഐക്യനാടുകൾ നേരിട്ട ഏറ്റവും സങ്കീർണ്ണമായ സംഭവമായിരുന്നു ആഭ്യന്തരയുദ്ധം. ഇതിലേക്ക് നയിച്ച പശ്ചാത്തലം, പ്രധാനകാരണങ്ങൾ എന്നിവ പരിശോധിക്കാം.

## വൈവിധ്യമാർന്ന സംസ്ഥാനങ്ങൾ

അമേരിക്കൻ ഐക്യനാടുകളിലെ സംസ്ഥാനങ്ങൾ തമ്മിൽ കാർഷിക, വിദ്യാഭ്യാസ, സാമ്പത്തിക മേഖലകളിൽ അന്തരം നിലനിന്നിരുന്നു. അവ എന്തൊക്കെ ആയിരുന്നു എന്ന് പരിശോധിക്കാം.

| വടക്കേ അമേരിക്കൻ സംസ്ഥാനങ്ങൾ | തെക്കേ അമേരിക്കൻ സംസ്ഥാനങ്ങൾ |
|---|---|
| • വ്യവസായവും വാണിജ്യവും പ്രധാന മേഖല | • കൃഷിയായിരുന്നു പ്രധാന മേഖല<br>• സംഘടിത തോട്ടങ്ങളുടെ സാന്നിധ്യം |
| • വ്യാവസായിക ഉൽപന്നങ്ങൾക്ക് വേണ്ടി മറ്റുള്ളവരെ ആശ്രയിച്ചിരുന്നില്ല | • വ്യവസായശാലകൾ വളരെ കുറവായിരുന്നു<br>• വ്യാവസായിക ഉൽപന്നങ്ങൾക്കുവേണ്ടി വടക്കൻ സംസ്ഥാനങ്ങളെയോ ഇംഗ്ലണ്ടിനെയോ ആശ്രയിക്കണമായിരുന്നു |
| • വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിയിരുന്നു<br>• പ്രാഥമിക വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമായിരുന്നു | • വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിയിരുന്നില്ല<br>• സാക്ഷരതയിൽ വളരെ പിന്നിലായിരുന്നു |

*വടക്കേ അമേരിക്കൻ സംസ്ഥാനങ്ങളിലും തെക്കേ അമേരിക്കൻ സംസ്ഥാനങ്ങളിലും നിലനിന്ന അസമത്വം അവ തമ്മിലുള്ള സംഘർഷത്തിന് കാരണമായതെങ്ങനെ എന്ന് ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.*

**അടിമത്തം**

*ഒരു മനുഷ്യൻ അന്യന്റെ സമ്പൂർണ്ണാധികാരത്തിന് വിധേയനായിത്തീരുന്ന അവസ്ഥയാണ് അടിമത്തം എന്ന് ലീഗ് ഓഫ് നേഷൻസ് നിർവചിച്ചിട്ടുണ്ട്. പരാജിതരായ ശത്രുക്കളെ തടവുകാരായി പിടിച്ചും, വ്യക്തികളെ വിലയ്ക്ക് വാങ്ങിയും അടിമകളാക്കിയിരുന്നു. സി.ഇ. 16-ാം നൂറ്റാണ്ടിൽ യൂറോപ്യൻ രാജ്യങ്ങളുടെ കോളനിവികസനത്തോടെ ആഫ്രിക്കയിൽ നിന്ന് വൻതോതിൽ അടിമകളെ അമേരിക്കയിലേക്ക് കൊണ്ടുവന്നു.*

## അടിമത്തം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭകാലം വരെ യൂറോപ്യർ ആഫ്രിക്കയിൽ നിന്ന് കാർഷികാവശ്യങ്ങൾക്ക് അടിമകളെ അമേരിക്കയിലേക്ക് കൊണ്ടുവന്നിരുന്നു. വടക്കൻ സംസ്ഥാനങ്ങളിലെ ജനങ്ങൾ അടിമത്ത വ്യവസ്ഥിതിയെ നിരുത്സാഹപ്പെടുത്തി. ജോൺ വൂൾമാന്റെ നേതൃത്വത്തിൽ അടിമത്തവ്യവസ്ഥിതി അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വളരെ മുമ്പേതന്നെ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി 1808-ൽ അടിമകളെ ഇറക്കുമതി ചെയ്യുന്നത് അമേരിക്കയിൽ നിരോധിച്ചു. അടിമത്തത്തിന് അനുകൂലമായി നിന്ന തെക്കൻ സംസ്ഥാനങ്ങൾ തോട്ടം കൃഷിയുടെ നിലനിൽപ്പിന് അടിമത്തം ആവശ്യമാണെന്നും, അതിനാൽ അവരെ മോചിപ്പിക്കുന്നത് രാജ്യത്തിന് ആപത്താണെന്നും വാദിച്ചു. എന്നാൽ ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെ സ്വന്തം സ്വത്താക്കി മാറ്റുന്നത് അമേരിക്കൻ ഭരണഘടനയുടെ ആദർശങ്ങൾക്ക് വിരുദ്ധമാണെന്ന് വടക്കൻ സംസ്ഥാനങ്ങൾ അഭിപ്രായപ്പെട്ടു.

അടിമത്തവിരുദ്ധ പത്രമായ 'ദി ലിബറേറ്ററും', മിസ്സിസ് ഹാരിയട്ട് ബീച്ചർ സ്റ്റോവിന്റെ 'അങ്കിൾ ടോംസ് ക്യാബിൻ' എന്ന പുസ്തകവും അടിമത്തത്തിന് എതിരെയുള്ള ജനവികാരത്തെ ശക്തിപ്പെടുത്തി. ഇത് വടക്കൻ സംസ്ഥാനങ്ങളും തെക്കൻ സംസ്ഥാനങ്ങളും തമ്മിലുള്ള സംഘർഷം വർധിപ്പിച്ചു.

*'അമേരിക്കയിലെ അടിമത്തവും ആഭ്യന്തരകലാപവും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഒരു ഓപ്പൺ ഫോറം സംഘടിപ്പിക്കുക.*



*ചിത്രം 13.5 • മിസ്സിസ് ഹാരിയട്ട് ബീച്ചർ സ്റ്റോവ്*

## ബാലറ്റിൽ നിന്ന് യുദ്ധഭൂമിയിലേക്ക്

അടിമത്തം അവസാനിപ്പിക്കാൻ പ്രതിജ്ഞാബദ്ധമായിരുന്ന റിപ്പബ്ലിക്കൻ പാർട്ടിയുടെ നേതാവായിരുന്നു എബ്രഹാം ലിങ്കൺ. ഇദ്ദേഹം 1860-ൽ പ്രസിഡന്റ് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് തെക്കൻ കരോലിനയുടെ നേതൃത്വത്തിൽ പതിമൂന്ന് സംസ്ഥാനങ്ങൾ യൂണിയനുമായുള്ള ബന്ധം അവസാനിപ്പിച്ചു. അവർ തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി 'കോൺഫെഡറേറ്റ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക' എന്ന പുതിയൊരു സഖ്യം സ്ഥാപിച്ചു. എന്നാൽ വടക്കൻ സംസ്ഥാനങ്ങൾ യൂണിയനിൽ നിന്ന് വേറിട്ട് പോകുന്നതിനുള്ള അവകാശത്തെ ചോദ്യം ചെയ്തു. ഇത് ആഭ്യന്തരയുദ്ധത്തിലേക്ക് നയിച്ചു.

## യൂണിയൻ വിജയത്തിലേക്ക്

1861-ൽ കോൺഫെഡറേറ്റ് സ്റ്റേറ്റുകളും യൂണിയൻ സ്റ്റേറ്റുകളും തമ്മിലുള്ള യുദ്ധം പൊട്ടിപ്പുറപ്പെട്ടു. 1863-ൽ ഗെറ്റിസ്ബർഗ് യുദ്ധത്തിൽ യൂണിയൻ

സ്റ്റേറ്റുകൾ അന്തിമ വിജയം നേടി. 1863 ജനുവരി ഒന്നിന് അമേരിക്കൻ ഐക്യനാടുകളിൽ അടിമകൾക്ക് മോചനം ലഭിക്കത്തക്കവിധത്തിൽ എബ്രഹാം ലിങ്കൺ വിളംബരം പുറപ്പെടുവിച്ചു. ഇത് പ്രസിദ്ധമായ വിമോചന വിളംബരം എന്ന പേരിൽ അറിയപ്പെടുന്നു. പരാജിതരായ തെക്കൻ സംസ്ഥാനങ്ങളോട് സമനോഭാവമാണ് ലിങ്കൺ പ്രകടിപ്പിച്ചത്. 1865 ഏപ്രിൽ 15ന് ജോൺ വിൽക്സ് ബൂത്ത് (John Wilkes Booth) എന്ന വിഘടനവാദി അദ്ദേഹത്തെ വധിച്ചു.

*അമേരിക്കയിൽ ഐക്യം നിലനിർത്താൻ എബ്രഹാം ലിങ്കൺ വഹിച്ച പങ്കിനെക്കുറിച്ച് ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക.*

## റഷ്യൻ വിപ്ലവം



ചിത്രം 13.7 ●

*"ഞങ്ങളുടെ കാലത്ത് എല്ലാ സൂത്രങ്ങളും നേട്ടങ്ങളും നവീന സംസ്കാരത്തിന്റെ പുരോഗതിയും പ്രയോജനപ്പെടുത്തിക്കൊണ്ട് കൃഷിക്കാർ കൊള്ളചെയ്യപ്പെട്ടിരുന്നു. അതിന്റെ ഫലമായിട്ടാണവർ പട്ടിണികിടക്കുന്നതും 'വാത്തി'ന്റെ കാൽ ഭക്ഷിക്കുന്നതും, റൊട്ടിക്കുപകരം ചളിക്കട്ടകൾ ഭക്ഷിക്കുന്നതും, അജീർണ്ണം ബാധിച്ച് പ്രാണവേദനകൊണ്ട് മരിക്കുന്നതും. അതേസമയം നിക്കൊളാസ് രണ്ടാമന്റെ നേതൃത്വത്തിൽ റഷ്യൻ ഭൂപ്രഭുക്കളും മുതലാളിമാരും ഒന്നടങ്കം സമ്പത്തിൽ ആറാടുകയാണ്."*

***ലെനിൻ***, *'സമാഹൃത കൃതികൾ,' വാല്യം 17, പേജ് 527 .*

### എബ്രഹാം ലിങ്കൺ



ചിത്രം 13.6 ● എബ്രഹാം ലിങ്കൺ

*1809 ഫെബ്രുവരി 12ന് കെന്റക്കിയിൽ ജനിച്ചു. 1859-ൽ അമേരിക്കയുടെ 16-ാമത്തെ പ്രസിഡന്റായി തിരഞ്ഞെടുത്തു. അമേരിക്കയിൽ ഐക്യം നിലനിർത്തിക്കൊണ്ടുതന്നെ അടിമകളെ മോചിപ്പിക്കുക എന്ന തന്റെ ലക്ഷ്യം പൂർത്തിയാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഗെറ്റിസ്ബർഗ് പ്രസംഗത്തിലാണ് അദ്ദേഹം ജനാധിപത്യത്തെ "ജനങ്ങൾ, ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടി നടത്തപ്പെടുന്ന ഭരണം" എന്ന് നിർവചിച്ചത്.*

മുകളിൽ നൽകിയിരിക്കുന്ന വാക്കുകളിൽ നിന്നും റഷ്യയിലെ കർഷകരുടേയും സാധാരണക്കാരുടേയും ജീവിതത്തെക്കുറിച്ച് എന്തെല്ലാം മനസ്സിലാക്കാം. ഈ സാഹചര്യങ്ങൾ ഏങ്ങനെയാണ് റഷ്യൻ ജനതയെ വിപ്ലവത്തിലേക്ക് നയിച്ചത്?

## സാർ (Tsar/Czar) ചക്രവർത്തിയും ജനകീയസഭയും

റഷ്യയിൽ ഭരണം നടത്തിയിരുന്ന സ്വേച്ഛാധിപതികളായ ഭരണകർത്താക്കൾ സാർ ചക്രവർത്തിമാർ എന്നറിയപ്പെട്ടിരുന്നു. ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും പിരിച്ചുവിടുന്നതിനും മാത്രമല്ല ആരെയും നാടുകടത്തുന്നതിനും തടങ്കലിലിടുന്നതിനും ചക്രവർത്തിക്ക് അധികാരമുണ്ടായിരുന്നു. ദുരിതപൂർണ്ണമായ തൊഴിൽസാഹചര്യങ്ങൾ, സാമ്പത്തികമാന്ദ്യം, ജപ്പാനുമായി നടന്നുകൊണ്ടിരുന്ന യുദ്ധം എന്നിവയാൽ രോഷാകുലരായ ജനങ്ങൾ സാമ്പത്തിക, രാഷ്ട്രീയ നവീകരണത്തിനായി സാർ നിക്കൊളാസ് രണ്ടാമനോട് അഭ്യർഥിക്കാൻ ഫാദർ ഗാപോൺ (Father Gapon)ന്റെ നേതൃത്വത്തിൽ സെന്റ് പീറ്റേഴ്സ്ബർഗിലേക്ക് മാർച്ച് ചെയ്തു. പ്രതിഷേധക്കാർക്കെതിരെ സൈന്യം വെടിയുതിർക്കുകയും നൂറിലധികം തൊഴിലാളികൾ കൊല്ലപ്പെടുകയും ചെയ്തു. 1905 ജനുവരി 22ന് സെന്റ് പീറ്റേഴ്സ്ബർഗിൽ നടന്ന ഈ കൂട്ടക്കൊലയാണ് രക്തരൂക്ഷിതമായ ഞായറാഴ്ച (Bloody Sunday) എന്നറിയപ്പെടുന്നത്.

ജനരോഷത്തെ തുടർന്ന് ഡ്യൂമ (Duma) എന്ന പാർലമെന്റ് രൂപീകരിക്കാൻ ചക്രവർത്തി സമ്മതിച്ചു. എന്നാൽ ഡ്യൂമയിൽ നിർദേശിച്ച എല്ലാ പരിഷ്കാരങ്ങളും അദ്ദേഹം നിരസിക്കുകയും രാഷ്ട്രീയ സ്വാതന്ത്ര്യത്തെ അടിച്ചമർത്താൻ ശ്രമിക്കുകയും ചെയ്തു.

## തൊഴിലാളികളും വിപ്ലവവും

റഷ്യൻ സമൂഹത്തിൽ രണ്ട് ജനവിഭാഗങ്ങളാണ് ഉണ്ടായിരുന്നത്. തൊഴിലാളികളും കർഷകരുമടങ്ങുന്ന സാധാരണക്കാരായ ജനങ്ങളും പ്രഭുക്കളും മുതലാളിമാരുമടങ്ങുന്ന സമ്പന്നവിഭാഗവും. സാധാരണ ജനങ്ങളായിരുന്ന കർഷകരെയും തൊഴിലാളികളെയും ഭരണകർത്താക്കളും പ്രഭുക്കന്മാരും അവജ്ഞയോടെയാണ് കണ്ടിരുന്നത്. കർഷകരുടെയും തൊഴിലാളികളുടെയും ദയനീയ അവസ്ഥ എന്തായിരുന്നു എന്ന് പരിശോധിക്കാം.

തൊഴിലാളികൾ നേരിട്ട പ്രധാന പ്രശ്നങ്ങൾ

- കുറഞ്ഞ വേതനം
- മോശം ജീവിതസാഹചര്യം
- വർധിച്ച തൊഴിൽ സമയം
- വ്യവസായങ്ങളിൽ വിദേശ മുതലാളിമാരുടെ ആധിപത്യം

തൊഴിലാളികളെപ്പോലെ തന്നെ കർഷകരുടെയും അവസ്ഥ ദയനീയമായിരുന്നു. അവ എന്തൊക്കെയെന്ന് പരിശോധിക്കാം.




- കർഷകർ സാമൂഹികമായും സാമ്പത്തികമായും അടിച്ചമർത്തപ്പെട്ടിരുന്നു
- കൃഷിഭൂമിയിൽ അധികവും പ്രഭുക്കന്മാരുടെ കൈകളിലായിരുന്നു
- ചെറിയൊരുവിഭാഗം കർഷകർക്ക് മാത്രമാണ് സ്വന്തമായി ഭൂമി ഉണ്ടായിരുന്നത്
- കർഷകർ നൽകേണ്ട നികുതി വളരെ കൂടുതലായിരുന്നു

വിദേശ മുതലാളിമാരുടെ ആധിപത്യവും ചൂഷണവും കർഷകർക്കും തൊഴിലാളികൾക്കുമിടയിൽ ട്രേഡ് യൂണിയനുകൾ രൂപീകരിക്കുന്നതിന് കാരണമായി. ഇത് അവരിൽ രാഷ്ട്രീയബോധം വളരുന്നതിനിടയാക്കി. ഈ പശ്ചാത്തലത്തിലാണ് രാഷ്ട്രീയപാർട്ടികൾ രൂപീകൃതമാകുന്നത്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടതിനെക്കുറിച്ച് പരിശോധിക്കാം.

**സോഷ്യൽ ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി**
- **ബോൾഷെവിക്കുകൾ** (Bolshevik)
- **മെൻഷെവിക്കുകൾ** (Menshevik)

*റഷ്യയിൽ രാഷ്ട്രീയപാർട്ടികൾ വളർന്നുവരാനിടയാക്കിയ സാഹചര്യം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.*

## ആശയങ്ങളുടെ സ്വാധീനം

വിപ്ലവത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതിൽ സാഹിത്യകാരരും വലിയ പങ്കുവഹിച്ചിരുന്നു. ലിയോ ടോൾസ്റ്റോയ്, തുർഗെനവ്, മാക്സിം ഗോർക്കി മുതലായവരുടെ രചനകൾ സാധാരണ ജനതയുടെ ശോചനീയാവസ്ഥയെ ഹൃദയസ്പർശിയായി ചിത്രീകരിച്ചു. എന്നാൽ വിപ്ലവം സൃഷ്ടിച്ചതും അതിനുവേണ്ട മാർഗനിർദേശങ്ങൾ നൽകിയതും

കാൾ മാർക്സിന്റേയും ഫ്രെഡറിക് ഏംഗൽസിന്റേയും കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾ അടങ്ങിയ 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ' ആയിരുന്നു.



ചിത്രം 13.7 ● കാൾ മാർക്സ്, ഫ്രെഡറിക് ഏംഗൽസ്

### *മാർക്സിസ്റ്റ് പ്രത്യയശാസ്ത്രം*

*മാർക്സിസ്റ്റ് പ്രത്യയശാസ്ത്രപ്രകാരം മനുഷ്യജീവിതത്തിലെ രാഷ്ട്രീയവും സാമൂഹികവും ബുദ്ധിപരവുമായ എല്ലാ പ്രവർത്തനങ്ങളും നിർണ്ണയിക്കുന്നത് സമൂഹത്തിലെ ഉൽപാദനരീതിയാണ്. തൊഴിലാളികളാണ് ഉൽപാദനത്തിന്റെ അടിസ്ഥാനമെന്നും അതിനാൽ തൊഴിലാളികളുടെ ആധിപത്യത്തിനായി നിലകൊള്ളണമെന്നും മാർക്സിസ്റ്റ് ആശയത്തിന് രൂപം നൽകിയ കാൾ മാർക്സും, ഫ്രെഡറിക് ഏംഗൽസും വാദിച്ചു.*

ഒന്നാം ലോകയുദ്ധം ആരംഭിച്ചപ്പോൾ റഷ്യയും പങ്കാളിയായി. ആയുധങ്ങളുടെ കുറവും പരിശീലനത്തിന്റെ അഭാവവും മൂലം ആയിരക്കണക്കിന് സൈനികർ കൊല്ലപ്പെട്ടു. ഇത് സാർ ഭരണകൂടത്തിനെതിരെ സാധാരണ ജനങ്ങൾക്കിടയിൽ നിന്ന് വിമർശനം ഉയർന്നുവരുന്നതിനിടയാക്കി. ഈ സമയത്ത് റഷ്യയിൽ ഉണ്ടായ ഭക്ഷ്യദൗർലഭ്യം പ്രശ്നങ്ങൾ രൂക്ഷമാക്കി. ജനങ്ങൾക്കിടയിൽ വിപ്ലവചിന്തകൾ ഉണരുന്നതിന് ഇത് വഴിതെളിച്ചു.



ചിത്രം 13.8 ● പെട്രോഗ്രാദിലെ മാർച്ച്

## രാജാധികാരം അവസാനിക്കുന്നു

1917 മാർച്ച് 8ന് 'ഏകാധിപത്യം നശിക്കട്ടെ' എന്ന മുദ്രാവാക്യമുയർത്തി സ്ത്രീ തൊഴിലാളികൾ മുൻപന്തിയിൽ നിന്നുകൊണ്ട് പെട്രോഗ്രാദിൽ (Petrograd) പണിമുടക്കും മാർച്ചും നടത്തി. ഇതിനെ നേരിടാൻ അയച്ച പട്ടാളക്കാർ തൊഴിലാളികളുടെ പക്ഷത്ത് ചേർന്നു. സാർ നിക്കൊളാസ് രണ്ടാമനെ 1917 മാർച്ച് 15ന് സ്ഥാനഭ്രഷ്ടനാക്കികൊണ്ട് മെൻഷെവിക്കുകളുടെ നേതാവായ അലക്സാണ്ടർ കെരൻസ്കിയുടെ (Aleksandr Kerensky) കീഴിൽ ഒരു താൽക്കാലിക ഗവൺമെന്റ് രൂപീകരിച്ചു. ഈ വിപ്ലവം 'ഫെബ്രുവരി വിപ്ലവം' എന്നപേരിൽ അറിയപ്പെടുന്നു.



ചിത്രം 13.9 ● അലക്സാണ്ടർ കെരൻസ്കി

## തൊഴിലാളിവർഗം സർവാധിപത്യത്തിലേക്ക്

റഷ്യൻ വിപ്ലവത്തെ പൂർണ്ണതയിലേക്കെത്തിച്ചത് ബോൾഷെവിക്ക് പാർട്ടിയുടെ നേതാവ് ലെനിൻ ആയിരുന്നു. താൽക്കാലിക ഗവൺമെന്റ് മുതലാളിമാരുടെതാണെന്നും അത് ജനങ്ങൾക്ക് സമാധാനവും ഭക്ഷണവും സ്വാതന്ത്ര്യവും അനുവദിക്കുകയില്ലെന്നും അതിനാൽ അതിന്റെ സ്ഥാനത്ത്

സോവിയറ്റുകളുടെ (Soviet) ഗവൺമെന്റ് വരണമെന്നും അദ്ദേഹം വാദിച്ചു. അദ്ദേഹം പുതിയ ആശയങ്ങൾ മുന്നോട്ടുവച്ചു. അവ എന്തൊക്കെയായിരുന്നു എന്ന് പരിശോധിക്കാം.

**ലെനിൻ**

**അധികാരം**
*തൊഴിലാളി കൗൺസിലുകൾക്ക് (സോവിയറ്റുകൾ)*

**ഭൂമി**
*കർഷകർക്ക്*

**സമാധാനം**
*എല്ലാവർക്കും*

**ഭക്ഷണം**
*പട്ടിണി കിടക്കുന്നവർക്ക്*

ഈ ലക്ഷ്യം നേടിയെടുക്കുന്നതിനായി രൂപീകരിച്ച സൈനിക വിഭാഗമായിരുന്നു ചുവപ്പു കാവൽസേന (Red Guard). ബോൾഷെവിക്ക് (Bolshevik) സംഘങ്ങൾ തപാൽ-ടെലിഫോൺ കേന്ദ്രങ്ങൾ, തീവണ്ടിസ്റ്റേഷനുകൾ, ബാങ്കുകൾ എന്നിങ്ങനെ പെട്രോഗ്രാദിലെ പ്രധാന സ്ഥാപനങ്ങളെല്ലാം പിടിച്ചെടുത്തു. അതിനുശേഷം താൽക്കാലിക ഗവൺമെന്റിന്റെ ആസ്ഥാനമായ ശൈത്യകാല രാജധാനിയും കൈവശപ്പെടുത്തി. ഇതോടെ അലക്സാണ്ടർ കെരൻസ്കിയുടെ നേതൃത്വത്തിലുള്ള താൽക്കാലിക ഗവൺമെന്റ് പുറത്തായി. ഈ വിപ്ലവം ഒക്ടോബർ വിപ്ലവം (October Revolution) എന്നറിയപ്പെടുന്നു. തുടർന്ന്, ലെനിൻ റഷ്യയെ തൊഴിലാളികളുടെ റിപ്പബ്ലിക്കായി പ്രഖ്യാപിക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു ഗവൺമെന്റ് രൂപീകരിക്കുകയും ചെയ്തു.

**റഷ്യൻ കലണ്ടർ**

*അന്താരാഷ്ട്രകലണ്ടറി (ഗ്രിഗേറിയൻ കലണ്ടറി) നെക്കാൾ 13 ദിവസം പിന്നിലായതിനാലാണ് മാർച്ചിൽ നടന്ന വിപ്ലവം ഫെബ്രുവരി വിപ്ലവമെന്ന് അറിയപ്പെടുന്നത്.*

*ഫെബ്രുവരി വിപ്ലവം, ഒക്ടോബർ വിപ്ലവം എന്നിവയിലേക്ക് നയിച്ച വിവിധ സംഭവങ്ങൾ ഉൾപ്പെടുത്തി ഫ്ലിപ്പ് ആൽബം തയ്യാറാക്കുക.*

*1870-ലാണ് ലെനിൻ ജനിച്ചത്. സാമൂഹ്യവ്യവസ്ഥയിൽ മൗലികമായ മാറ്റം രഹസ്യസംഘടനകൾ കൊണ്ട് ഉണ്ടാക്കാൻ സാധിക്കുകയില്ല എന്നും തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് മാത്രമേ അത് നേടാനാകൂ എന്നും അദ്ദേഹത്തിന് ബോധ്യപ്പെട്ടു. ഈ കാഴ്ചപ്പാടാണ് റഷ്യയിൽ തൊഴിലാളികളുടെയും കർഷകരുടെയും വിപ്ലവം അനിവാര്യമാക്കി തീർത്തത്. ഒക്ടോബർ വിപ്ലവത്തിനും തുടർന്ന് രൂപീകൃതമായ വിപ്ലവ ഭരണകൂടത്തിനും നേതൃത്വം നൽകിയത് ലെനിനാണ്.*

വിപ്ലവാനന്തരം ചില ഭരണപരിഷ്കാരങ്ങൾ ലെനിൻ നടപ്പിലാക്കി. അവ എന്തെല്ലാമായിരുന്നു?




### *ഏപ്രിൽ തീസിസ്*

*ബോൾഷെവിക്ക് പാർട്ടിയുടേയും സോവിയറ്റുകളുടേയും സംയുക്ത യോഗത്തിൽ ലെനിൻ അവതരിപ്പിച്ചതാണ് ഏപ്രിൽ തീസിസ്. ബൂർഷ്വാജനാധിപത്യത്തിൽ നിന്നും സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് മാറുന്നതിന് സ്വീകരിക്കേണ്ട പദ്ധതികളാണ് ഇതിൽ വിവരിച്ചിരുന്നത്. തൊഴിലാളികളുടെയും കർഷകരുടെയും കൈകളിലേക്ക് അധികാരം കൈമാറ്റം ചെയ്യേണ്ട അവസ്ഥയാണ് നിലവിലുള്ളതെന്നാണ് അദ്ദേഹം ഇതിൽ വ്യക്തമാക്കുന്നത്.*

## മാറുന്ന സാമ്പത്തികനയം

സാമ്പത്തിക മേഖലയിൽ നിരവധി വിപ്ലവകരമായ നടപടികൾ ലെനിൻ സ്വീകരിച്ചു. 1921-ൽ ലെനിൻ നടപ്പിലാക്കിയ പരിഷ്കരണമാണ് പുത്തൻ സാമ്പത്തിക നയം (New Economic Policy). സ്വകാര്യ വാണിജ്യം, കൃഷി എന്നിവയിലേക്കും സ്വകാര്യ മുതൽമുടക്കിലേക്കുമുള്ള ഭാഗികമായ തിരിച്ചുപോക്കായിരുന്നു പുത്തൻ സാമ്പത്തികനയം. വൻവ്യവസായങ്ങളെ ട്രസ്റ്റുകളുമായി സംയോജിപ്പിച്ചു. അതേസമയം സഹകരണമേഖലയ്ക്ക് ഗവൺമെന്റ് പ്രോത്സാഹനം നൽകി. എന്നാൽ മുതലാളിത്തത്തിന്റെ പുനരുജ്ജീവനം ഉണ്ടാകാതിരിക്കുന്നതിനായി ഗവൺമെന്റിന്റെ കർശന നിയന്ത്രണമുണ്ടായിരുന്നു. പുത്തൻ സാമ്പത്തികനയം നടപ്പിലാക്കിയതിലൂടെ അദ്ദേഹം യൂണിയൻ ഓഫ് സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക്സിനെ (USSR) ലോകത്തിലെ വൻശക്തിയായി വളർത്തി.

*യൂണിയൻ ഓഫ് സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക്സ് എന്ന രാഷ്ട്രത്തിന്റെ രൂപീകരണത്തിനിടയാക്കിയ സാഹചര്യങ്ങൾ പ്രസന്റേഷൻ രൂപത്തിൽ നിർമ്മിക്കുന്നതിനാവശ്യമായ മോഡൽസ്ലൈഡുകൾ തയ്യാറാക്കുക.*

## വിപ്ലവപാതയിലെ ചൈന

*"2000 വർഷത്തെ യുദ്ധങ്ങളുടെയും ആക്രമണങ്ങളുടെയും കടുത്ത സമരത്തിന്റെയും വേദനപൂണ്ട ചരിത്രത്തിനുശേഷം ചൈന അവളുടെ സ്വന്തം ജനനത്തിന്റെയും സാമൂഹികാടിസ്ഥാനത്തിന്റെയും വൈകല്യങ്ങളെ*

*അതിജീവിക്കുന്ന ലക്ഷണങ്ങൾ കാട്ടിത്തുടങ്ങിയപ്പോൾ മറ്റൊരു ദൗർഭാഗ്യം ആ രാജ്യത്തെ പിടികൂടി. ചൈനയുടെ സ്വയം വികാസത്തെ തടസ്സപ്പെടുത്തിയ സാമ്രാജ്യത്വത്തിന്റെയും വിദേശ മൂലധനത്തിന്റെയും രംഗപ്രവേശമായിരുന്നു അത്..."*

***എം. എൻ. റോയ്***

*'റവല്യൂഷൻ ആൻഡ് കൗണ്ടർ റവല്യൂഷൻ ഇൻ ചൈന'*



*ചിത്രം 13.10*

19-ാം നൂറ്റാണ്ടിലെ ചൈനയിലേക്കുള്ള യൂറോപ്യരുടെ ആഗമനവും പ്രത്യാഘാതങ്ങളുമാണ് എം. എൻ. റോയ് മുകളിൽ സൂചിപ്പിക്കുന്നത്. ഈ പ്രശ്നങ്ങളെ ചൈന എങ്ങനെയാണ് നേരിട്ടത് എന്ന് പരിശോധിക്കാം.

## വ്യാപാരത്തിലൂടെ അധികാരത്തിലേക്ക്

യൂറോപ്യൻ ശക്തികളുടെ ഇന്ത്യയിലേക്കുള്ള വരവും അവരുടെ ആധിപത്യവും സംബന്ധിച്ച് മുൻ അധ്യായത്തിൽ ചർച്ചചെയ്തല്ലോ. ഇതുപോലെ കച്ചവടതാൽപര്യവുമായി വിദേശശക്തികൾ ചൈനയിലും എത്തിയിരുന്നു. കറുപ്പ് വ്യാപാരത്തിലൂടെയായിരുന്നു യൂറോപ്യൻ വ്യാപാരികൾ ചൈനയിൽ നിന്ന് വൻതോതിൽ ലാഭം നേടിയത്. ലഹരിപദാർഥമായ കറുപ്പിന്റെ ഉപയോഗം വളരെ പെട്ടെന്ന് ചൈനയിൽ വ്യാപകമായത് ചൈനയിലെ ജനതയുടെ ആരോഗ്യത്തെയും രാജ്യത്തിന്റെ സമ്പത്തിനെയും ബാധിച്ചു. ഇതിനെ തുടർന്ന് ചൈനയും ബ്രിട്ടനും തമ്മിൽ ഉണ്ടായ യുദ്ധം 'കറുപ്പ് യുദ്ധം' (Opium War) എന്ന പേരിലാണ് അറിയപ്പെടുന്നത്. ഈ യുദ്ധത്തിൽ ചൈന പരാജയപ്പെട്ടു. തുടർന്ന് നാങ്കിങ് ഉടമ്പടി പ്രകാരം ചൈനയിലെ പ്രധാന തുറമുഖങ്ങളായ കാൻടൺ, അമോയ്, നിംങ്പോ, ഷാങ്ഹായ് എന്നിവ വിദേശ വ്യാപാരത്തിനായി തുറന്നുകൊടുത്തു.

*കറുപ്പ് യുദ്ധം ചൈനയിൽ യൂറോപ്യൻ ആധിപത്യം ശക്തമാകുന്നതിന് കാരണമായതെങ്ങനെയെന്ന് ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.*

## രാജവാഴ്ച അവസാനിക്കുന്നു

വിദേശശക്തികളുടെ വർധിച്ചുവന്ന ഇടപെടൽ ചൈനയിലെ ജനങ്ങൾക്കിടയിൽ അവരോടുള്ള വെറുപ്പ് വർധിപ്പിച്ചു. ഇതിന്റെ ഫലമായി ചൈനയിൽ ധാരാളം രഹസ്യസംഘടനകൾ രൂപം കൊണ്ടു. അങ്ങനെ രൂപം കൊണ്ട ഒരു രഹസ്യസംഘടന ആയിരുന്നു ബോക്സർമാർ (Boxers). ഇവരുടെ ചിഹ്നം ബോക്സർമാരുടെ മുഷ്ടി (Boxers Fist) ആയിരുന്നു. യൂറോപ്യൻ അധിനിവേശത്തിനെതിരെ ഇവർ നടത്തിയ ചെറുത്തുനിൽപ്പാണ് 'ബോക്സർ ലഹള' (Boxer Rebellion) എന്നറിയപ്പെടുന്നത്. ബോക്സർ

ലഹളയ്ക്ക് ശേഷം ചക്രവർത്തി ചൈനയിൽ ചില പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി. അവ എന്തൊക്കെയായിരുന്നു എന്ന് പരിശോധിക്കാം.

പാശ്ചാത്യവിദ്യാഭ്യാസം ചൈനയിൽ നടപ്പിലാക്കി

യൂറോപ്യൻ രാജ്യങ്ങളിലെ രാഷ്ട്രീയ വ്യവസ്ഥിതികളെക്കുറിച്ച് പഠിക്കുന്നതിന് ഒരു കമ്മീഷനെ നിയമിച്ചു

ചക്രവർത്തിയുടെ ഇത്തരം പരിഷ്ക്കാരങ്ങൾ ചൈനയിലെ ജനങ്ങളെ തൃപ്തിപ്പെടുത്തിയില്ല. ചൈന ഭരിച്ചിരുന്ന മഞ്ചു രാജവംശത്തെ അധികാരത്തിൽ നിന്ന് പുറന്തള്ളിയാൽ മാത്രമേ പാശ്ചാത്യ ശക്തികളിൽ നിന്ന് ചൈനയെ മോചിപ്പിക്കാൻ കഴിയൂ എന്ന് ജനങ്ങൾ വിശ്വസിച്ചു. ഇവർക്ക് നേതൃത്വം നൽകിയത് ഡോ. സൺ യാത് സെൻ ആയിരുന്നു. അദ്ദേഹം ദേശീയത, ജനാധിപത്യം, സോഷ്യലിസം എന്നീ ആശയങ്ങൾ മുന്നോട്ടുവച്ചു.

ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനാണ് കുമിന്താങ് പാർട്ടി രൂപീകരിച്ചത്. 1911-ലെ വിപ്ലവത്തെ തുടർന്ന് മഞ്ചു രാജവംശത്തെ അധികാരത്തിൽ നിന്ന് പുറത്താക്കുകയും ഒരു റിപ്പബ്ലിക്കൻ ഗവൺമെന്റിന് രൂപം നൽകുകയും ചെയ്തു. എന്നാൽ പിൽക്കാലത്ത് സൺ യാത് സെൻ പ്രസിഡന്റ് സ്ഥാനം ഒഴിയുകയും യുവാൻ ഷി കെയ് അധികാരത്തിലേറുകയും ചെയ്തു. 1916-ൽ ഇദ്ദേഹത്തിന്റെ മരണത്തെത്തുടർന്ന് സൺ യാത് സെൻ വീണ്ടും അധികാരമേറ്റു.

### *ഡോ. സൺ യാത് സെൻ*

*പാശ്ചാത്യവിദ്യാഭ്യാസം നേടിയ സൺ യാത് സെൻ വൈദ്യശാസ്ത്ര പഠനം പൂർത്തിയാക്കി. ഒരു സാമൂഹികപരിഷ്കർത്താവാകണം എന്ന് അദ്ദേഹം ആഗ്രഹിച്ചു. എന്നാൽ ചൈനയിൽ സാമൂഹിക പരിഷ്കരണത്തിന് സാധ്യതയില്ല എന്ന് മനസ്സിലാക്കിയ അദ്ദേഹം പുരോഗമന റിപ്പബ്ലിക് സ്ഥാപിക്കുന്നതിനായി 'ചൈന പുനരുജ്ജീവന സംഘം' സ്ഥാപിച്ചു. ഇത് പിന്നീട് 'കുമിന്താങ്' പാർട്ടിയായി മാറി. ചൈനീസ് വിപ്ലവത്തിന്റെ പിതാവായിട്ടാണ് ഇദ്ദേഹം അറിയപ്പെടുന്നത്.*

*ചൈനയിൽ രാജഭരണം അവസാനിപ്പിക്കുന്നതിൽ സൺ യാത് സെന്നിനും അദ്ദേഹത്തിന്റെ ആശയങ്ങൾക്കുമുള്ള പങ്കിനെക്കുറിച്ച് ചർച്ചചെയ്ത് ലഘുലേഖ തയ്യാറാക്കുക.*

## ജനകീയ ചൈന

റഷ്യയിലെ കമ്മ്യൂണിസ്റ്റ് വിപ്ലവത്തെക്കുറിച്ച് ചർച്ചചെയ്തല്ലോ. റഷ്യൻ കമ്മ്യൂണിസ്റ്റ് ആശയങ്ങൾ ചൈനയിലും പ്രചരിക്കാൻ തുടങ്ങി. കർഷകർക്കും തൊഴിലാളികൾക്കുമിടയിൽ സ്വാധീനമുണ്ടാക്കാൻ 1921-ൽ മാവോ സെ തുങിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കഴിഞ്ഞു. റഷ്യ ചൈനയുടെ വിവിധമേഖലകളിലെ പുരോഗതിക്കായി കുമിന്താങ് റിപ്പബ്ലിക്കിനെ സഹായിച്ചിരുന്നു. കമ്മ്യൂണിസ്റ്റുകളുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന സൺ യാത് സെൻ 1925-ൽ മരണപ്പെട്ടു.

സൺ യാത് സെന്നിന്റെ മരണത്തെ തുടർന്ന് അധികാരത്തിലെത്തിയ ചിയാങ് കൈഷക്ക് കൽക്കരി, ഇരുമ്പ് എന്നിവയുടെ ഉൽപാദനം, ബാങ്കിംഗ്, ഇൻഷ്വറൻസ്, വിദേശ വ്യാപാരം എന്നിവ വിദേശശക്തികൾക്ക് തുറന്ന് കൊടുത്തു. തൽഫലമായി എല്ലാ മേഖലകളും വിദേശശക്തികൾ നിയന്ത്രിച്ചു. ഇതിലൂടെ അവർ വൻതുക ചൈനയിൽ നിന്ന് കൈവശപ്പെടുത്തി. ഈ നയങ്ങളെ മാവോ സെ തുങിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് പാർട്ടി എതിർത്തു. ചുവപ്പ് സേന (Red Army) ഇത്തരം ചെറുത്തുനിൽപ്പുകൾക്ക് നേതൃത്വം നൽകി. 1934-ൽ കർഷകരേയും തൊഴിലാളികളേയും സംഘടിപ്പിച്ചുകൊണ്ട് മാവോ സെ തുങ് തന്റെ പ്രസിദ്ധമായ 'ലോംഗ് മാർച്ച്' സംഘടിപ്പിച്ചു. ഇതിന്റെ സവിശേഷതകൾ എന്തെല്ലാമായിരുന്നു എന്ന് ചിത്രം നിരീക്ഷിച്ച് കണ്ടെത്തൂ.


ചിത്രം 13.11 ● മാവോ സെ തുങ്

*1893 ഡിസംബർ 26ന് മാവോ യിച്ചാങ്ങിന്റെയും പെൻക്വി മേയിയുടേയും പുത്രനായി ഷാവോഷനിൽ ജനിച്ചു. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപക അംഗങ്ങളിൽ ഒരാളായിരുന്നു. ലോംഗ് മാർച്ചിന് നേതൃത്വം നൽകിയ ഇദ്ദേഹം പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയുടെ സ്ഥാപകനുമാണ്. സാക്ഷരത, സ്ത്രീകളുടെ അവകാശങ്ങൾ, ആരോഗ്യസംരക്ഷണം എന്നിവ മെച്ചപ്പെടുത്തിക്കൊണ്ട് ചൈനയെ ലോകരാജ്യങ്ങൾക്കിടയിൽ മുൻനിരയിലെത്തിക്കാൻ ഇദ്ദേഹത്തിന് കഴിഞ്ഞു.*

## ലോംഗ് മാർച്ച് കടന്ന് പോയ വഴികൾ (8000 മൈൽ)



ചിത്രം 13.13 ● ലോംഗ് മാർച്ച് കടന്നുപോയ വഴികൾ

- എവിടെ നിന്നാണ് ലോംഗ് മാർച്ച് ആരംഭിച്ചത്?
- ലോംഗ് മാർച്ച് അവസാനിച്ചത് എവിടെയാണ്?
- ആകെ എത്ര പ്രവിശ്യകളിലൂടെ കടന്ന് പോയി?

1949 ഏപ്രിൽ 21-ന് കുമിന്താങ് ഗവൺമെന്റിന്റെ തലസ്ഥാനമായിരുന്ന നാങ്കിംഗ് ചുവപ്പുസേന പിടിച്ചെടുത്തു. തുടർന്ന് ഒക്ടോബർ 1ന് മാവോ സെ തുങിന്റെ നേതൃത്വത്തിൽ ചൈനയെ ജനകീയ റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു.

*ജനകീയ റിപ്പബ്ലിക്കിന്റെ രൂപീകരണത്തിൽ മാവോ സെ തുങിന്റെ പങ്കിനെക്കുറിച്ച് ചർച്ച ചെയ്ത് പ്രൊഫൈൽ ആൽബം തയ്യാറാക്കുക.*

മാവോ സെ തുങിന്റെ നേതൃത്വത്തിൽ നിരവധി സാമ്പത്തിക പരിഷ്കരണങ്ങൾ ചൈനയിൽ നടപ്പിലാക്കി. അവ മഹത്തായ മുന്നോട്ടുള്ള കുതിച്ചുചാട്ടം (The Great Leap Forward) എന്നപേരിൽ അറിയപ്പെടുന്നു. ഇത്തരത്തിലുള്ള നടപടികളിലൂടെ ലോകരാജ്യങ്ങൾക്കിടയിൽ ചൈന സുപ്രധാന ശക്തിയായി വളർന്നു.

**വിപ്ലവത്തിന്റെ ഫലങ്ങൾ**

- ചൈന ജനകീയ റിപ്പബ്ലിക്കായി
- ചൈനയിലെ വിദേശാധിപത്യം അവസാനിച്ചു.
- കൃഷിഭൂമി കർഷകർക്ക് ലഭിച്ചു.
- ലോകരാജ്യങ്ങൾക്കിടയിൽ സോഷ്യലിസ്റ്റ് ആശയങ്ങൾ വ്യാപകമാകുന്നതിന് കാരണമായി.

സാമ്രാജ്യത്വ മുതലാളിത്ത ശക്തികൾ ലോകരാജ്യങ്ങൾക്കിടയിൽ നടത്തിയ ഇടപെടലിന്റെ ഭാഗമായി സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട ജനത നടത്തിയ ചെറുത്തുനിൽപ്പുകളെക്കുറിച്ചാണ് ഈ അധ്യായത്തിൽ നാം ചർച്ച ചെയ്തത്. ഈ വിപ്ലവങ്ങൾ ജനാധിപത്യം, സോഷ്യലിസം എന്നീ ആശയങ്ങൾ ലോകരാജ്യങ്ങൾക്കിടയിൽ ആഴത്തിൽ വേരൂന്നുന്നതിന് സഹായിച്ചു. വിപ്ലവ കാലഘട്ടത്തിൽ ഉയർന്നുവന്ന ആശയങ്ങളും ചിന്താധാരകളും ആധുനിക ലോകത്തിന്റെ വളർച്ചയ്ക്ക് കാരണമായി.

## തുടർപ്രവർത്തനങ്ങൾ

- അമേരിക്കൻ സ്വാതന്ത്ര്യസമരത്തിനിടയാക്കിയ സംഭവങ്ങളുൾപ്പെടുത്തി ഒരു ഡിജിറ്റൽ പ്രസന്റേഷൻ തയ്യാറാക്കുക.
- റഷ്യൻ വിപ്ലവത്തിനുശേഷം യു.എസ്.എസ്.ആറിൽ ചേർക്കപ്പെട്ട പ്രദേശങ്ങളുടെ പട്ടിക തയ്യാറാക്കുക.
- ലോകത്തിൽ നടന്ന പ്രധാന വിപ്ലവങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ഒരു ഡിജിറ്റൽ പതിപ്പ് തയ്യാറാക്കുക.
- റഷ്യൻ വിപ്ലവം, ചൈനീസ് വിപ്ലവം എന്നിവയുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങൾ മൈൻഡ് മാപ്പിങ്ങിലൂടെ അവതരിപ്പിക്കുക.

# കുറിപ്പുകൾ

# കുറിപ്പുകൾ

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക്കൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

*ബന്ധപ്പെടേണ്ട വിലാസം:*


**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,

കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34

ഫോൺ 0471 – 2326603

ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in

വെബ്സൈറ്റ് : www.kescpcr.kerala.gov.in


ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400

കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online* ***R.T.E Monitoring : www.nireekshana.org.in***